Reg No. 101, M. 2293

ഒററപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 24 | 1126 കുംഭം 30 —ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1951 മാർച്ച് 14 | ലക്കം 29

## എന്തുകൊണ്ടു് കത്തോലിക്കനായി?

(റവ. ഡോക്ടർ വേങ്ങൽ ഗീവറുഗീസ് കത്തനാർ)

കശ്ശീശാപട്ടം സ്വീകരിച്ച എന്റെ മകൻ ബ: അലക്സന്ത്രയോസ് കത്തനാരോടുകൂടി ഈയിടെ ഞാൻ കത്തോലിക്കാ സഭയെ ആശ്ലേഷിച്ച വിവരം പലരും അറിഞ്ഞിരിക്കാൻ ഇടയുണ്ടു്. എന്റെ പരിചിതരും ഗുണകാംക്ഷികളുമായ പലരിലും എന്റെ ഈ പരിവർത്തനത്തിനു കാരണം എന്തായിരിക്കും എന്നു ഒരു ചോദ്യം ഉദിച്ചുവരുന്നുണ്ടായിരിക്കും. എനിക്കു് അവരോടും പൊതുജനങ്ങളോടും ചുരുക്കത്തിൽ പറവാനുള്ളതു് ഞാൻ ഈ സംഗതിയെക്കുറിച്ചു് ദീർഘമായും ഗാഢമായും ചിന്തിച്ചതിന്റെ ഫലമായി എന്നിൽ ദൃഢമൂലമായിത്തീർന്ന (Conviction) ഉത്തമബോധ്യം ഒന്നു മാത്രമാണു് ഇതിനു കാരണം എന്നത്രെ. ഈ സന്ദർഭത്തിൽ ഇങ്ങനെ ഒരു അവസ്ഥയിലേക്കു് എന്നെ സാവധാനത്തിൽ എങ്കിലും സുനിശ്ചിതമായി നയിച്ചുകൊണ്ടിരുന്ന ചിന്താഗതികളിൽ ചിലതിനെ ഇവിടെ എടുത്തുകാണിക്കുന്നതു് അസ്ഥാനത്തായിരിക്കയില്ല എന്നു വിശ്വസിക്കുന്നു. ഞാൻ ഒരു പുരാതന കുടുംബമായ നെടുമ്പ്രം വേങ്ങൽ വീട്ടിൽ ജനിച്ചു് യാക്കോബായ വിശ്വാസത്തിൽ വളർത്തപ്പെട്ടു. എം. ഡി. സിമ്മനാരിയിൽ ഹൈസ്കൂൾ അദ്ധ്യയനവും സിമ്മനാരി പഠനവും പൂർത്തിയാക്കി. യഥാകാലം യാക്കോബായ സമ്പ്രദായപ്രകാരം ഞാൻ വിവാഹം കഴിക്കയും പിന്നീടു് കശ്ശീശാപട്ടം സ്വീകരിക്കയുംചെയ്തു. കശ്ശീശാപട്ടം സ്വീകരിച്ചശേഷം സ്വന്തം ഇടവകയായ നെടുമ്പ്രം വേങ്ങൽ പള്ളിയിലും, പിന്നീടു് കൽക്കട്ടാ സെറാംപൂർ ചാപ്പലിലും അതിനുശേഷം തിരികെവന്നു വാകത്താനം, മേപ്പാടം, കാരിച്ചാൽ മുതലായ പള്ളികളിലും വികാരിക്കടുത്ത ജോലി നടത്തിട്ടുണ്ടു്. ഒരു ശെമ്മാശ്ശൻ മാത്രമായിരിക്കുമ്പോൾ നി. വ. ദി. ശ്രീ മാർ ഗ്രീഗോറിയോസ്സ് മെത്രാപ്പോലീത്താ തിരുമനസ്സിലെ സെക്രട്ടറിയും ആയിരുന്നു. എനിക്കു് ഈവക ജോലികളിൽ വളരെ വിഷമങ്ങൾ ഉണ്ടായിരുന്നു എന്നു പറയുവാൻ നിവൃത്തിയില്ല. എനിക്കു് പരിചയപ്പെടുവാൻ ഇടവന്നിട്ടുള്ള വൈദികരോടും അത്മായരോടും സൗഹാർദ്ദമായി കഴിഞ്ഞുകൂടുവാൻ എനിക്കു സാധിച്ചിട്ടുണ്ടു്. ഈ കാലഘട്ടത്തിൽ ദൈവം അഞ്ചു് അരുമസന്താനങ്ങളെ എനിക്കു് പ്രദാനംചെയ്തു. എന്റെ ഭാര്യയെ സംബന്ധിച്ചു് പറയുകയാണെങ്കിൽ അവർ എനിക്കു പലതരത്തിലും ഒരു ആശ്വാസമായിരുന്നു. എന്നാൽ വളരെ കഴിയുന്നതിനു മുൻപു് കുരിശുകൾ എന്നെ വലയംചെയ്തു. ഭാര്യയുടെ ദീർഘമായ സുഖക്കേടും മരണവും ഈ കുരിശുകളുടെ ഭാരത്തെ ക്രമത്തിലധികം വർദ്ധിപ്പിച്ചു. എന്റെ ഹൃദയത്തിൽ സമാധാനം ഇല്ലെന്നായി. ഞാൻ സഹവൈദികരിലും മേൽപ്പട്ടക്കാരിലും സഭയിലെ പ്രമുഖാംഗങ്ങളിലും സമാധാനം അന്വേഷിച്ചു. എന്നാൽ സഭയിൽത്തന്നേ എനിക്കു് സമാധാനം നൽകുന്നതിനു കഴിവുള്ളവരായി ആരേയും ഞാൻ കണ്ടില്ല. സഭതന്നേയും പല കുഴപ്പത്തിൽ കിടന്നു മറിയുകയാണെന്നും വ്യസനത്തോടെ ഞാൻ ഗ്രഹിച്ചു. ഇതിനിടയിൽ മററു് ചില സഭകളിൽ പ്രത്യേകിച്ചു് പ്രോട്ടസ്റ്റാന്റു സഭയിൽ ഓരോരുത്തരും ഗൗരവാവഹമായ വിശ്വാസങ്ങളെക്കുറിച്ചുപോലും വിവിധാഭിപ്രായം പുറപ്പെടുവിക്കുന്നതുകണ്ടു് ഞാൻ വിസ്മയിച്ചു. ഇതിന്റെ കാരണം എന്തെന്നു അന്വേഷിച്ചപ്പോൾ എനിക്കു് മനസ്സിലായതു്, വേദപുസ്തകത്തേയും അതിനെ വ്യാഖ്യാനിക്കേണ്ട രീതിയേയും സംബന്ധിച്ചു് അവർ സ്വീകരിച്ചിട്ടുള്ള അബദ്ധാഭിപ്രായങ്ങളാണു് ഇതിനെല്ലാം കാരണം എന്നത്രെ. വേദപുസ്തകം മാത്രം നമ്മുടെ വിശ്വാസത്തിന്റെ മൂലാധാരമായി തീരാമോ എന്നു ആലോചിച്ചതിൽ എനിക്കു് തോന്നിയ ചില ന്യായങ്ങളാണു് താഴെ ചേർക്കുന്നതു്.

1. ആദ്യക്രിസ്ത്യാനികൾക്കു് ഇല്ലാതിരുന്നതും വി. പത്രോസ് പറയുന്നപോലെ പലരും തങ്ങളുടെ നാശത്തിനായി ഉപയോഗിക്കുവാൻ പാടുള്ളതുമായ ഒരു ഗ്രന്ഥം എങ്ങനെയാണു് നമ്മുടെ വിശ്വാസത്തിന്റെ ഏകപ്രമാണമായിത്തീരുക? ആർക്കാണു് അങ്ങനെ ആക്കി നിശ്ചയിക്കുന്നതിനുള്ള അധികാരം?

2. വേദപുസ്തകം മതി എന്നുവച്ചാൽ തന്നെ നമ്മുടെ കൈയിലുള്ളതു് വേദപുസ്തകമാണെന്നു നിർണ്ണയിക്കുവാൻ പാരമ്പര്യത്തെ ആശ്രയിക്കാതെ തരമില്ല. "ഞാൻ സഭയെ സമീപിച്ചു. സഭ എനിക്കു വേദപുസ്തകം പ്രദാനം ചെയ്തു" (വെർണൻ ജോൺസൺ). പാരമ്പര്യത്തിന്മേൽ ഉറച്ചുനില്ക്കുന്ന സഭയാണു് വേദപുസ്തകം നമുക്കു് പ്രദാനം ചെയ്തതു്. അവൾതന്നെയാണു് അതിനെ വ്യാഖ്യാനിക്കേണ്ടതും.

3. വേദപുസ്തകം മതി എന്നുവച്ചാൽ തന്നെ അതു വി. ലിഖിതങ്ങളുടെ സമ്പൂർണ്ണശേഖരമാവണം. എന്നാൽ വേദപുസ്തകം എന്ന തലക്കെട്ടോടുകൂടി നമ്മുടെ കൈയിലുള്ള ഗ്രന്ഥത്തിൽ വി. ലിഖിതങ്ങൾ എല്ലാം ഉണ്ടെന്നു നമുക്കു് എങ്ങനെ അറിയാം? വി. ലിഖിതങ്ങളേവയെന്നു വേദപുസ്തകത്തിന്റെ ഒരു ഭാഗത്തും പറഞ്ഞിട്ടില്ലാത്തതിനാൽ വി. ലിഖിതങ്ങളുടെ കാനോൻ നിശ്ചയിക്കുന്നതിനു പാരമ്പര്യം ആവശ്യമാണു്.

നമ്മുടെ കൈയിലുള്ള വേദപുസ്തകമെന്ന ഗ്രന്ഥത്തിന്റെ എല്ലാഭാഗവും ദൈവനിവേശിതങ്ങളാണെന്നും വി. ലേഖകന്മാർ എഴുതിയവിധം യാതൊരു മാററവും കൂടാതെ നമുക്കു് അതു ലഭിച്ചിട്ടുണ്ടെന്നും പാരമ്പര്യത്തിൽനിന്നുവേണം അറിയുവാൻ. വേദപുസ്തകത്തിനു് അതിന്റെ ദൈവനിവേശിതത്വവും നിലനില്പും സ്ഥാപിക്കുന്നതിനു പാരമ്പര്യം കൂടിയേ കഴിയൂ. വേദപുസ്തകം എന്നതു് പാരമ്പര്യം എന്ന ചെടിയിന്മേൽ മൊട്ടിട്ടു് വികസിച്ച ഒരു പുഷ്പമാണു്. അതു് അതിന്റെ ചെടിയിൽനിന്നു വേർതിരിച്ചാൽ വാടി ഉപയോഗശൂന്യമാകുന്നതാണു്.

4. ഒരു വാക്കിനു രണ്ടോ അതിലധികമോ അർത്ഥങ്ങൾ ഉണ്ടാകാം. അവയിൽ ഏതു ശരിയെന്നു നിർണ്ണയിക്കുന്നതിനു ശ്ലീഹന്മാരും അവരുടെ പിൻഗാമികളും എങ്ങനെ അതിനെ വ്യാഖ്യാനിച്ചിരിക്കുന്നു എന്നുള്ള പാരമ്പര്യത്തെ നോക്കാതെ എങ്ങനെ കഴിയും? വാസ്തവത്തിൽ പാരമ്പര്യത്തെപ്പോലെ വി. ലിഖിതത്തിലെ അർത്ഥം ഖണ്ഡിതമായി പറയുന്നതിനു ആർക്കും സാദ്ധ്യമല്ല. അതുകൊണ്ടു്, അർത്ഥനിർണ്ണയം ചെയ്യുന്നതിനു പാരമ്പര്യം ഇല്ലെങ്കിൽ വി. ലിഖിതങ്ങൾ ഉപയോഗശൂന്യങ്ങളായിരിക്കും.

5. വേദപുസ്തകം മാത്രം മതി എന്നുള്ളതു് ഒരു വിശ്വാസസത്യമാണെന്നും നിത്യരക്ഷയ്ക്കു് ആവശ്യമുള്ള എല്ലാ സത്യങ്ങളും വിശുദ്ധ ഗ്രന്ഥത്തിൽ ഉണ്ടെന്നും വരുന്നപക്ഷം വേദപുസ്തകം മതി എന്നുള്ള പ്രസ്താവനയും വേദപുസ്തകത്തിൽ ഉണ്ടായിരിക്കണം. എന്നാൽ അങ്ങനെ ഒരു പ്രസ്താവന വേദപുസ്തകത്തിൽ ഇല്ല. അതുകൊണ്ടു് പ്രോട്ടസ്റ്റാന്റുകാരുടെ ഏകാവലംബമായ വേദപുസ്തകംതന്നെ അവർക്കു് വിരോധമായി സാക്ഷിക്കുന്നു എന്നു സ്പഷ്ടം.

വേദപുസ്തകമാണു് നമ്മുടെ ഏകാധാരം എന്നു വരുന്നപക്ഷം വേദപുസ്തകത്തിന്റെ ഒരു പ്രതിപോലും വാങ്ങി സൂക്ഷിക്കുന്നതിനു കഴിവില്ലാത്തവൻ എന്തു ചെയ്യും? വേദപുസ്തകം ഉണ്ടായാലും വായന അറിഞ്ഞുകൂടാ എങ്കിൽ എന്തു പ്രയോജനം?


അച്ചടി കണ്ടുപിടിക്കുന്നതിനു മുൻപു് വേദപുസ്തകത്തിന്റെ ഒരു പ്രതി ലഭിക്കുന്നതിനു എത്ര പ്രയാസമായിരുന്നു എന്നു ഊഹിക്കയാണു് നല്ലതു്. മിശിഹായിൽ വിശ്വസിച്ചു് ജ്ഞാനസ്നാനം ഏററവരിൽ പലരും പുതിയനിയമം എഴുതിത്തീരുന്നതിനുമുൻപേ




കരിമണ്ണൂർ ചന്തയിൽ വി. അന്തോനീസിന്റെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന കപ്പേള. ഇതിന്റെ ആശീർവ്വാദകർമ്മം 1951 ഫെബ്രുവരി 22-ാംനു- എറണാകുളം അതിരൂപതാവികാരിജനറാൾ റൈററ് റവ. മോൺ. മാത്യു പോത്തനാമൂഴി പി.എച്ച്.ഡി., ഡി.ഡി. അവർകൾ നിർവ്വഹിക്കുകയുണ്ടായി.

വേദസാക്ഷികളായി. അവരുടെ സ്ഥിതി എന്തു്? പല നൂററാണ്ടുകൾ കഴിഞ്ഞ ശേഷമാണു് വി: ലിഖിതങ്ങൾക്കു പ്രചുരപ്രചാരം സിദ്ധിച്ചതു്. അന്നും ചിലർക്കു് ചിലഭാഗം മാത്രമേ ലഭിച്ചിരുന്നുള്ളു. വേദപുസ്തകത്തിന്റെ കാനോൻ നിർണ്ണയിക്കപ്പെട്ടതും വളരെ കഴിഞ്ഞാണല്ലോ. അന്നുള്ളവർ വേദപുസ്തകം കൂടാതെ രക്ഷപെട്ട എങ്കിൽ ഇന്നും അങ്ങനെ ആകരുതോ?

അതുകൊണ്ടു് വേദപുസ്തകമാണു് വിശ്വാസത്തിന്റെ ഏകപ്രമാണമെന്നു പറയുന്നവരുടെ യുക്തിശൂന്യത സ്വയം വ്യക്തമാണു്. പ്രൊട്ടസ്റ്റൻറുകാർ അപ്രമാദിത്വമുള്ള സഭയെ മാററിവച്ചുകൊണ്ടു് തൽസ്ഥാനത്തു് സ്വാഭിപ്രായത്തേയും വിധിയേയും സ്ഥാപിക്കയാണല്ലോ ചെയ്തതു്. സഭയ്ക്കു് ഉണ്ടെന്നു സമ്മതിക്കുവാൻ മനസ്സില്ലാത്ത അപ്രമാദിത്വം ഓരോ വ്യക്തിക്കും ഉണ്ടെന്നു് അവർ ഭാവിച്ചു, അനുഭവം എന്തു്? തീരാത്ത തർക്കങ്ങളും വഴക്കുകളും, ആശയങ്ങളുടെ കുഴപ്പങ്ങളും അനിശ്ചിതാവസ്ഥയും പ്രതിവിധിയില്ലാത്ത മനക്കലക്കവും അസമാധാനവും. ഇതു് പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്തെയൊ അസാന്നിദ്ധ്യത്തെയൊ ഏതിനെയാണു് സ്പഷ്ടമാക്കുന്നതു് എന്നു ബുദ്ധിയുള്ളവർ ഗാഢഗാഢം ചിന്തിച്ചുകൊള്ളട്ടെ. ഇങ്ങനെ വേദപുസ്തകം പാരമ്പര്യത്തിൽനിന്നു വേർപെടുത്തപ്പെട്ടാൽ ഉപയോഗശൂന്യമായ ഒരു വസ്തുവായിത്തീരുമെന്നു മനസ്സിലായപ്പോൾ വിവിധ പ്രൊട്ടസ്റ്റൻറു് ശാഖകളും മാർത്തോമ്മാസഭയും പ്രയാണംചെയ്യുന്നതു് ആപൽക്കരമായ പന്ഥാവിൽക്കൂടെ ആണെന്നു എനിക്കു് തോന്നി. വീണ്ടും ഞാൻ മാതൃസഭയായി കരുതിയിരുന്ന യാക്കോബായസഭയിലേക്കു് തിരിഞ്ഞു അതിലെ തത്വങ്ങളെക്കുറിച്ചു് കുറെക്കൂടെ നിഷ്കർഷാപൂർവ്വം ചിന്തിക്കുവാൻ തുടങ്ങി. ഇതിൽനിന്നും യാക്കോബായസഭയ്ക്കു് കത്തോലിക്കാസഭയോടു് വളരെ അടുത്ത സാമ്യമുണ്ടെന്നു ഞാൻ ഗ്രഹിച്ചു. യാക്കോബായക്കാർക്കു് വാസ്തവത്തിൽ സ്വീകാര്യമല്ലാത്ത യാതൊരു വിശ്വാസവും കത്തോലിക്കാസഭയിൽ ഇല്ലെന്നു എനിക്കു് മനസ്സിലായി. മാത്രമല്ല, യാക്കോബായസഭ വ്യക്തമാക്കാത്ത ചില വിശ്വാസവിഷയങ്ങൾ കത്തോലിക്കാസഭ വ്യക്തമാക്കീട്ടുണ്ടു് എന്നുള്ള വ്യത്യാസമേ ഞാൻ കണ്ടുള്ളു. വേറെ ഒരു വലിയ വ്യത്യാസം ഞാൻ കണ്ടതു് യാക്കോബായക്കാർ വിശ്വസിക്കുന്ന പല സംഗതികളും പ്രായോഗികമാക്കാൻ അവർ യത്നിക്കുന്നില്ല, പ്രായോഗികമാക്കാൻ യത്നിക്കേണ്ട ആവശ്യമുണ്ടെന്നു അവർ കരുതുന്നുമില്ല എന്നുള്ളതാണു്. ഇക്കാലത്തെ യാക്കോബായക്കാർ സാധാരണമായി നിഷേധിക്കുന്നുണ്ടെങ്കിലും ഒരുകാലത്തു യാക്കോബായസഭ മുഴുവൻ ഔദ്യോഗികമായി സ്വീകരിച്ചിരുന്ന വി. പത്രോസിന്റെയും അദ്ദേഹത്തിന്റെ പിൻഗാമികളുടേയും പരമാധികാരം, സഭയുടെ അപ്രമാദിത്വം എന്നിവയെക്കുറിച്ചു്, ഗാഢമായി ഞാൻ ചിന്തിച്ചു. ഈ വിഷയങ്ങളെക്കുറിച്ചു് പകബുദ്ധികളും ദൈവശാസ്ത്രപണ്ഡിതന്മാരുമായ പലരുമായി ഞാൻ സംഭാഷിക്കയും ഈ വിഷയങ്ങളെ പ്രതിപാദിക്കുന്ന പുസ്തകങ്ങൾ സാഹചര്യം അനുവദിച്ചിടത്തോളം ഞാൻ പാരായണംചെയ്കയുംചെയ്തു. ഇതിന്റെ എല്ലാം ഫലമായി പത്രോസിന്റെ യഥാർത്ഥപിൻഗാമിയായ റോമ്മാ റിശ്ശ പാത്രിയർക്കീസിനാൽ ഭരിക്കപ്പെട്ടുവരുന്ന



കത്തോലിക്കാസഭ മാത്രമാണു് കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭയെന്നും അതുമാത്രമാണു് രക്ഷാഭവനമെന്നും എനിക്കു് പരിപൂർണ്ണബോദ്ധ്യംവന്നു. എന്റെ ഈ മനോബോദ്ധ്യത്തിനടിസ്ഥാനമായ ചില പ്രധാന വിശ്വാസവിഷയങ്ങളെ സംക്ഷിപ്തമായി താഴെചേർക്കുന്നു.

### പരമാധികാരം

പത്രോസ് മിശിഹായുടെ ദൈവികത്വം പരസ്യമായി ഏററുപറഞ്ഞതിന്റെ ശേഷം മിശിഹാ അദ്ദേഹത്തോടു് അരുളിച്ചെയ്തു: "ഞാൻ നിന്നോടുപറയുന്നു, നീ കേപ്പായാകുന്നു, ഈ കേപ്പാമേൽ എന്റെ പള്ളി ഞാൻ പണിയും" (മത്തായി 16. 18). ഒരു കെട്ടിടം അതിന്റെ അടിസ്ഥാനത്തോടു് എങ്ങനെ യോജിച്ചിരിക്കുന്നുവോ അങ്ങനെയാണു് തിരുസഭ പത്രോസിനോടു് ബന്ധപ്പെട്ടിരിക്കുന്നതു്, എന്നാണല്ലോ ഈ വാക്കുകളുടെ വിവക്ഷ. അടിസ്ഥാനമാകട്ടെ കെട്ടിടം മുഴുവനേയും താങ്ങുകയും അതു് തകർന്നുവീണുപോകാതെ തടയുകയും ചെയ്യുന്നതുകൊണ്ടു് അതു കെട്ടിടം മുഴുവന്റേയും ഉറപ്പിനും വിവിധഭാഗങ്ങളുടെ യോജിപ്പിനും കാരണമാകുന്നു. അപ്രകാരംതന്നെ പത്രോസു് തിരുസഭയുടെ ഐക്യത്തിനും ഉറപ്പിനും ആധാരമത്രെ. ഒരു സമൂഹത്തിന്റെ ഐക്യവും ഉറപ്പും ഭരണക്കൂടം മൂലമാണു് ഉണ്ടാകുന്നതു്. അതിനാൽ പ്രസ്തുതവാക്യത്താൽ മിശിഹാ തിരുസഭയുടെ ഭരണം പ്രത്യേകതരത്തിൽ വി. പത്രോസിനെ ഏല്പിക്കുവാൻ തിരുമനസ്സായി എന്നു സ്പഷ്ടമാണല്ലോ.

### താക്കോലുകളുടെ അധികാരം

വീണ്ടും മിശിഹാ വി. പത്രോസിനോടു് അരുളിച്ചെയ്തു: "സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു് ഞാൻ തരും." (മത്തായി 16, 19)

### കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരം

"നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും." (മത്തായി 16, 19)

### അജപാലൻ

മിശിഹാ തന്റെ ഉത്ഥാനാനന്തരം വി. പത്രോസിനോടു് അരുളിച്ചെയ്തു: "എന്റെ കുഞ്ഞാടുകളെ എനിക്കായി മേയിക്കുക.

എന്റെ ആടുകളെ.........

എന്റെ പെണ്ണാടുകളെ.........." (യോഹന്നാൻ 21: 15- 17 വാക്യങ്ങൾ) ഈ വാക്കുകൾകൊണ്ടു് മിശിഹാ പത്രോസിനെ മററു് ശ്ലീഹന്മാർ ഉൾപ്പെടെയുള്ള തന്റെ അജഗണം മുഴുവന്റേയും പാലകനായി നിയമിച്ചു എന്നു സ്പഷ്ടം. ഈ വാക്യങ്ങളിൽനിന്നും സുദീർഘകത്തോലിക്കാസഭയുടെ ഇടമുറിയാതുള്ള ചരിത്രത്തിൽനിന്നും പത്രോസിനു ശ്ലീഹന്മാരുടെമേൽ പരമാധികാരം ഉണ്ടായിരുന്നു എന്നും ആ പരമാധികാരം പിന്തുടർച്ചാവകാശമായി റോമ്മാമാർപാപ്പാമാരിൽ നാളതുവരെ നിലനിന്നുപോരുന്നു എന്നും വ്യക്തമായി. പരിശുദ്ധ മറിയത്തിന്റെ അമലോത്ഭവത്തെപ്പററിയുള്ള റോമ്മാസഭയുടെ വിശ്വാസപ്രഖ്യാപനം യാക്കോബായസഭ പുരാതനപാരമ്പര്യത്തിൽനിന്നു പരോക്ഷമായിട്ടെങ്കിലും സ്വീകരിച്ചിട്ടുള്ള ആ തത്വത്തിന്റെ ഔദ്യോഗികപ്രഖ്യാപനം മാത്രമാണല്ലോ. ഈ സംഗതി എനിക്കു് വലിയ വിഷമം വരുത്തിയില്ല. മാർപാപ്പാമാരുടെ അപ്രമാദിത്വാവകാശവാദത്തെക്കുറിച്ചായിരുന്നു എന്റെ അനന്തരചിന്ത. വിശ്വാസത്തിൽ ഐകരൂപ്യം ഉണ്ടാകണമെന്നു കണിശമായി നിഷ്കർഷിക്കുന്ന മിശിഹാ ഇങ്ങനെ ഒരധികാരം തന്റെ പ്രതിപുരുഷനു നല്കിയില്ലായിരുന്നു എങ്കിൽ എന്തായിരിക്കുമായിരുന്നു ഫലമെന്നു ഞാൻ ചിന്തിച്ചു. വിശ്വാസികൾ എങ്ങനെ അദ്ദേഹത്തിന്റെ വാക്കുകൾ സംശയംകൂടാതെ സ്വീകരിക്കും? സത്യം എങ്ങനെ കേടുകൂടാതെ പാലിക്കപ്പെടും? ഇതിനെല്ലാം അപ്രമാദിത്വവരം കൂടിയേ മതിയാവു എന്നു ഗ്രഹിച്ചതോടെ എന്റെ സംശയങ്ങൾ എല്ലാം നീങ്ങി. കത്തോലിക്കാസഭാമാതാവിന്റെ മടിയിൽ സമാധാനവും നിത്യായുസ്സും അന്വേഷിക്കേണ്ടതാണെന്നു എനിക്കു് ബോദ്ധ്യം വന്നു. എന്നാൽ കഷ്ടം! അതിനുള്ള ധൈര്യം ഈയുള്ളവനു ഉണ്ടായില്ല. ഞാൻ പിറന്നു വളർന്നുവരികയും വൈദികശുശ്രൂഷ അനുഷ്ഠിക്കുകയും ചെയ്ത ആ യാക്കോബായസഭയോടു യാത്രപറയുക! ഇതു് അസാദ്ധ്യമായി എനിക്കു തോന്നി. ആ സഭയിൽ ഞാൻ സ്നേഹിക്കയും എന്നെ സ്നേഹിക്കയും ചെയ്ത അനേകരെ വിട്ടുപിരിയുക എന്നുള്ളതു് മർമ്മഭേദകംതന്നെയായിരുന്നു. ഇങ്ങനെ വിവിധ ചിന്തകളാൽ അലയടിക്കപ്പെട്ടു് എന്റെ കർത്തവ്യം എന്തു എനിക്കു് ഉറച്ച നിശ്ചയം ഉണ്ടായിരുന്ന സംഗതി നിർവ്വഹിക്കുന്നതിനു ശക്തിയില്ലാതെ ചാഞ്ചാടി കാലംകഴിച്ചു. പ്രാർത്ഥന മാത്രമായിരുന്നു എന്റെ ഏകാവലംബം. സത്യം ഗ്രഹിക്കുന്നതിനു് വെളിവുനല്കിയ ആ കരുണാവാരിധിയോടു് അതിനെ അനുകരിക്കുന്നതിനുള്ള മനോധൈര്യം പ്രദാനംചെയ്യണമെന്നു ഞാൻ വീണ്ടുംകേണപേക്ഷിച്ചു. മാസങ്ങൾ മാത്രമല്ല ആണ്ടുകളും കഴിഞ്ഞുപോയി. ഇപ്പോൾ മാത്രമാണു് ആ അനുഗ്രഹം എനിക്കു് ലഭിച്ചതു്. കപ്പലപകടത്തിൽപ്പെട്ടു് കരകാണാതെ മുങ്ങിത്തുടിക്കുന്ന ഒരാൾക്കു് ഒരു പലക കിട്ടിയാൽത്തന്നെയും എത്ര സന്തോഷമുണ്ടാകും. എന്നാൽ അപകടശങ്കയ്ക്കു് ഒരിക്കലും സ്ഥാനമില്ലാത്ത ബ്രഹ്മാണ്ഡമായ വേറൊരു കപ്പലിൽ കയറുന്നതിനു ഭാഗ്യമുണ്ടായാൽ അവനുണ്ടാകുന്ന സമാധാനവും സംതൃപ്തിയും വർണ്ണനാതീതമായിരിക്കുമല്ലോ. ഇപ്രകാരമുള്ള ഒരു അനുഭവമാണു് എന്റേതു്. ഞാൻ ഈ മഹാദാനത്തിനു തിരുനാഥനേയും അവിടുത്തെ വിമലമാതാവിനേയും ഉള്ളഴിഞ്ഞു് സ്തോത്രംചെയ്യുകയും അതോടൊപ്പം, ഇന്നു കല്ലോലങ്ങളിൽപ്പെട്ടു നട്ടംതിരിയുന്ന എന്റെ യാക്കോബായ സഹോദരങ്ങൾക്കും മാർത്തോമ്മാ, പ്രൊട്ടസ്റ്റൻറു് മുതലായ സഹോദരന്മാർക്കും ഈ മഹാഭാഗ്യം നല്കി അനുഗ്രഹിക്കേണമെ എന്നു പ്രാർത്ഥിക്കയും ചെയ്യുന്നു.

ഫാത്തിമാബാലസമിതി

# ക്രിസ്തുവിനെ അനുകരിപ്പിൻ

പ്രിയ കുഞ്ഞുങ്ങളേ,

ആരെങ്കിലും നിങ്ങളോടു "ക്രിസ്ത്യാനി ആരാകുന്നു" എന്നു ചോദിച്ചാൽ "ക്രിസ്തുവിനെ അനുകരിക്കുന്നവൻ" എന്നായിരിക്കും നിങ്ങൾ നല്കുന്ന മറുപടി. വീണ്ടും "ക്രിസ്തു ആരാകുന്നു?" എന്നു ചോദിച്ചാൽ നിങ്ങൾ പറയും "അദ്ദേഹം ഒരു അവതാരപുരുഷൻ" അതായതു് "മനുഷ്യസ്വഭാവം സ്വീകരിച്ച ദൈവം ആകുന്നു" എന്നു്. "ദൈവം എന്തിനു് അവതാരംചെയ്തു മനുഷ്യനായി" എന്ന ചോദ്യത്തിനു് "മനുഷ്യരെ പാപത്തിൽനിന്നു രക്ഷിച്ചു സ്വർഗ്ഗത്തിൽ കൊണ്ടുപോകുവാൻ" എന്നു നിങ്ങൾ പ്രതിവചിക്കും. മനുഷ്യവർഗ്ഗത്തെ പാപത്തിൽനിന്നു രക്ഷിക്കുക എന്നതു മാത്രമായിരുന്നുവോ പുത്രൻതമ്പുരാന്റെ മനുഷ്യാവതാരോദ്ദേശ്യം? അല്ല. നമുക്കു് ഒരു മാതൃക നല്കണമെന്ന സർവ്വപ്രധാനമായ ഉദ്ദേശംകൂടി അവിടുത്തേക്കുണ്ടായിരുന്നു.

മനുഷ്യനെ ദൈവം സൃഷ്ടിച്ചതു് അവൻ തന്നെപ്പോലെയാകുവാൻവേണ്ടിയാണു്. ഇതു സംബന്ധിച്ചു് ഈശോമിശിഹാ നമ്മെ ഉൽബോധിപ്പിച്ചിരിക്കുന്നതു് ഇപ്രകാരമാണു്:- "സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവു് പൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പൂർണ്ണരായിരിക്കുവിൻ." ദൈവത്തിന്റെ ഈ ഉദ്ദേശ്യം മനുഷ്യനു് പ്രകൃത്യാ സാധ്യമല്ല. പഞ്ചേന്ദ്രിയങ്ങൾക്കു് വിഷയീഭവിച്ചിട്ടില്ലാത്ത ദൈവത്തെപ്പോലെ ആയിത്തീരുക എന്നതു് മനുഷ്യനു് ഊഹിക്കുവാൻപോലും സാധിക്കാത്ത ഒരു കാര്യമാണു്. എന്തുകൊണ്ടെന്നാൽ കാണുവാൻ സാധിക്കുന്ന ഒന്നിനെമാത്രമേ അനുകരിക്കുക മനുഷ്യനു സാധാരണ സാധ്യമാകയുള്ളു. ദൈവം അളവില്ലാത്തവനാണു്. സകലഗുണവിശേഷങ്ങളും പൂർണ്ണതകളും അവയുടെ തികവിൽ അങ്ങിലുണ്ടു്. ഇപ്രകാരമുള്ള ദൈവത്തെപ്പോലെ മനുഷ്യൻ ആയിത്തീരണമെന്നാണു് അവിടുന്നു് ആജ്ഞാപിച്ചിരിക്കുന്നതു്.

സാധ്യമല്ലാത്ത കാര്യം ദൈവം നമ്മോടു ആജ്ഞാപിക്കുകയില്ല. എന്നാൽ ഒരുപക്ഷെ നമ്മുടെ പരിമിതമായ കഴിവുകൾകൊണ്ടുമാത്രം സാധിക്കാത്തവയാണു് അവിടുന്നു് നമ്മോടു് ആജ്ഞാപിക്കുന്നതെങ്കിൽ അതുയുടെ ആജ്ഞാനുസരണം പ്രവർത്തിക്കുന്നതിനു് നമ്മെ പ്രാപ്തരാക്കുന്ന മാർഗ്ഗങ്ങൾകൂടി അവിടുന്നു് നമുക്കു് നല്കും. ഇപ്രകാരമുള്ള ഒരു മാർഗ്ഗം ദൈവം മുൻപറഞ്ഞ അങ്ങയുടെ അഭീഷ്ടം സാധിക്കുന്നതിനു് മനുഷ്യവർഗ്ഗത്തിനു് പ്രദാനംചെയ്തിട്ടുണ്ടു്. ഈ മാർഗ്ഗമാണു് ദൈവം നമുക്കു് നല്കിയിട്ടുള്ള മാതൃക.

നിത്യപിതാവു് അങ്ങേക്കു് പ്രിയപ്പെട്ട പുത്രൻതമ്പുരാനെ ലോകത്തിലേക്കയച്ചിരിക്കുന്നു. അവതാരംചെയ്ത ഈ പുത്രൻതമ്പുരാനാണു് ഈശോമിശിഹാ. മനുഷ്യസ്വഭാവത്തിൽ ദൈവത്തിന്റെ ഗുണവിശേഷങ്ങൾ എപ്രകാരം പ്രതിഫലിപ്പിക്കുവാൻ കഴിയുമെന്നു് അവിടുന്നു നമുക്കു കാണിച്ചുതരുന്നു. അതുകൊണ്ടു്, ഈശോമിശിഹായെ ശരിയായി അനുകരിക്കുന്ന ഏവനും ദൈവനിശ്ചയംപോലെ ദൈവത്തോടു സാമ്യം വഹിക്കും. നിത്യരക്ഷ പ്രാപിക്കുവാൻ കാംക്ഷിക്കുന്ന ഏവനും ഈശോയെ അനുകരിച്ചേ മതിയാവൂ. ഇതുകൊണ്ടുതന്നെയാണു് രക്ഷപെടേണ്ടവർ എല്ലാവരും തന്റെ പുത്രനോടു് സദൃശരായിത്തീരണമെന്നു് അവിടുന്നു പണ്ടേതന്നെ നിശ്ചയിച്ചിട്ടുള്ളതു്!

ലോകത്തിന്റെ ആരംഭംമുതൽ ഇതഃപര്യന്തം ജീവിച്ചിട്ടുള്ള എല്ലാ മഹാന്മാരുടേയും ജീവിതം പരിശോധിച്ചുനോക്കുക. നസ്രായേൽക്കാരനായ ഈശോയെപ്പോലെ സകലത്തിലും ഉൽകൃഷ്ടനായ ഒരാളെ കണ്ടെത്തുക സാദ്ധ്യമല്ല. പഴയ കാലങ്ങളിൽ എന്നപോലെ ഇന്നും, ഭാവിയിൽ ലോകാവസാനം വരേയും ഇപ്രകാരംതന്നെ ആയിരിക്കുംഅവിടുന്നു്. കഴിഞ്ഞുപോകുന്ന ഓരോ യുഗങ്ങളിലും ആധുനികനായിരിക്കുവാൻ പ്രാപ്തിയുള്ള ഏകവ്യക്തിയാണു് അദ്ദേഹം. ആന്തരികമായ ജീവിതത്തിൽ മാത്രമല്ല ബാഹ്യമായ എല്ലാകാര്യങ്ങളിലും ഏവരുടെയും അത്ഭുതത്തിനു് വിഷയീഭവിച്ചിട്ടുള്ള ഒരാളാണു് ഈശോ. ഈശോയെപ്പോലെ പൂർണ്ണനും സ്തുത്യർഹനും അതുല്യനുമായ ഒരു മാതൃക ലഭിക്കുക സാദ്ധ്യമല്ലാത്തതുകൊണ്ടു് അദ്ദേഹത്തെ അനുകരണത്തിനായി സ്വീകരിക്കുന്നവർ മററുള്ളവരുടെ ബഹുമാനാദരവുകൾക്കു പാത്രീഭവിക്കുന്നതുമാണു്. ആകയാൽ എല്ലാകാര്യങ്ങളിലും ഈശോയെ അനുകരിപ്പാൻ ശ്രമിപ്പിൻ.

"വിജ്ഞസംസർഗ്ഗമാർക്കുണ്ടാ-
മവൻ വിജ്ഞാനിയായ് വരും;
ഭോഷനെപ്പോൽ ഭവിച്ചിടു-
മവന്റെ സഹഗാമിയും."

(സോ. സുഭാഷിതങ്ങൾ XIII. 20)

എന്നു് സ്വന്തം വല്യച്ചൻ.

## നിങ്ങൾക്കറിയാമോ?

1. ഇതഃപര്യന്തം എത്ര മാർപ്പാപ്പാമാർ ഭരണം നടത്തിയിട്ടുണ്ടു്?
2. അവർ ഏതെല്ലാം രാജ്യക്കാരാണു്?

ഉത്തരം

1. 262.
2. അവരിൽ 105 പേർ റോമാനഗരവാസികളും 105 പേർ ഇററലിയുടെ ഇതരഭാഗങ്ങളിൽനിന്നുള്ളവരുമായിരുന്നു. ബാക്കിയുള്ളവരിൽ 13 പേർ ഫ്രാൻസിൽനിന്നും, 11 പേർ ഗ്രീസിൽനിന്നും, 7 പേർ ജർമ്മനിയിൽനിന്നും, 5 പേർ ഏഷ്യയിൽനിന്നും, 3 പേർ ആഫ്രിക്കയിൽനിന്നും 3 പേർ സ്പെയിനിൽനിന്നും, 2 പേർ ഡൽമേഷ്യയിൽനിന്നും, ഓരോരുത്തർ പലസ്തീന, ത്രാസ്സ്, ക്രീററ്, എപ്പിറസ്സ്, ഗലേഷ്യ, ഹോളൻറ്, പോർട്ടുഗൽ, ഇംഗ്ലണ്ടു് എന്നിവിടങ്ങളിൽനിന്നുമുള്ളവരായിരുന്നു.

### വനിതാ എൻജിനീയർ

## കന്യാസ്ത്രീയാകുന്നു

എക്വഡോർ സംസ്ഥാനത്തിലെ ഒന്നാമത്തെ വനിതാ എൻജിനീയരായ മരിയ റൊഡ്റിഗസ് മോസ്ക്കോസൊ കർമ്മലമഠത്തിൽ പ്രവേശിച്ചിരിക്കുന്നു.

ജീവചരിത്രപംക്തി

# മെത്രാൻ അല്മായനായി!

(എം. ഏ. ചാക്കൊ, ബി. ഏ.)

അദ്ദേഹം ഉത്തരകാറൊലിനായിലെ എപ്പിസ്കോപ്പേലിയൻ ബിഷപ്പായിരുന്നു, ഒരു നൂറാണ്ടിനപ്പുറം. ന്യൂയോർക്കിലെ സുപ്രസിദ്ധനായിരുന്ന ഹൊബാർട്ട് മെത്രാൻെറ മകളായിരുന്നു സഹധർമ്മിണി. ആറു തലമുറയായി കണക്ടിക്കട്ടിൽ താമസിച്ചിരുന്ന ഒരു കുടുംബത്തിലെ അംഗമായിരുന്ന ഐവ്സ്, കലർപ്പില്ലാത്ത അമേരിക്കൻ സംസ്കാരത്തിൻെറ അസ്സൽ പകർപ്പായിരുന്നു. ചെറുപ്പത്തിലേതന്നെ പരമ്പരായത്തമായ പ്രെസ്ബിറേറിയൻ സഭയെ ഉപേക്ഷിച്ചിട്ട് അദ്ദേഹം ചർച്ച് ഓഫ് ഇംഗ്ലണ്ടിൻെറ അംഗമായിത്തീരുകയാണുണ്ടായതു്.

സുമുഖപുരുഷൻ 1823-ൽ വൈദികനായി; 31-ൽ എപ്പിസ്കോപ്പേലിയൻ ബിഷപ്പും. കാറൊലിനായിലെ വൈദീകാർത്ഥികൾക്കുള്ള ശിക്ഷണമന്ദിരം, ബാലവിദ്യാലയങ്ങൾ എന്നിവ സ്ഥാപിക്കുകയും നീഗ്രോദ്ധാരണത്തിൽ ശ്രദ്ധിക്കുകയുംചെയ്തു. ഹൈച്ചർച്ചിലെ ഒരു ഉയന്നസ്ഥാനത്തു് അദ്ദേഹം പ്രതിഷ്ഠിതനായി.

ഏറെക്കാലമായിട്ട് ഇംഗ്ലണ്ടിലെ അംഗീകൃതസഭ ഒരു നഗ്നപീഠത്തിൽ വിശ്രമിക്കുകയായിരുന്നു. പ്രാർത്ഥനാഗ്രന്ഥം, രാജസിംഹാസനത്തിൻെറ ഒരു പാദപീഠം മാത്രം. ഉൽകർഷേച്ഛുവും സമർത്ഥയും ആയ കന്യാറാണി—എലിസബത്തിൻെറ നയതന്ത്രത്തിലും സ്വകാര്യവെളിപാടിലും അധിഷ്ഠിതമായിരുന്നു അതിൻെറ വിശ്വാസം.

ഐവ്സ്, കാറൊലിനാ ബിഷപ്പായിരുന്നകാലം എല്ലാംകൊണ്ടും അവിസ്മരണീയമായിരുന്നു. പല ഹൈച്ചർച്ചുകാരെയും ലോച്ചർച്ചുകാരെയും തകക്കാനുള്ള ഒരു "ഏ"ബോംബ് പൊട്ടാറായി വരുകയായിരുന്നു അന്നു്.

ഓക്സ്ഫോർഡിലാണ് ബോംബിൻെറ പൊട്ടൽ ഇദംപ്രഥമമായി അനുഭവപ്പെട്ടതു്. അതിൻെറ ലക്ഷ്യം ഹൈസ്ട്രീറ്റിൽ നിവസിച്ചിരുന്ന സൗമ്യനും ഭക്തനുമായ ഡോ. ജോൺ ന്യൂമൻ ആയിരുന്നു. തകിടംമറിഞ്ഞുകൊണ്ടിരുന്ന ആംഗ്ലിക്കൻ സഭയെ അതു് അമ്മാനമാടി; സഭയിലെ പല പുരുഷകേസരികളും സഭയ്ക്കുപുറത്തു്; ശേഷിച്ചതോ 16-ാംനൂററാണ്ടിലെ മനുഷ്യതന്ത്രത്തിൽ സ്ഥാപിതമായിരുന്ന സഭയുടെ തൊണ്ടു മാത്രം; കഴമ്പൊന്നുമില്ല.

പ്രസ്തുത "ഏ"ബോംബാണ് പ്രശസ്യമായ ഓക്സ്ഫോർഡ് പ്രസ്ഥാനം. അതിൻെറ വൈദ്യുതതരംഗങ്ങൾ അതലാന്തികത്തിനു് അപ്പുറവും അലതല്ലി; എപ്പിസ്കോപ്പേലിയൻ വൈദികർ ചരിത്രവും മനഃസാക്ഷിയും അതിൻെറ പ്രഭാപ്രസരത്തിൽ സംശോധിക്കാൻ തുടങ്ങി; എന്തിനു്? കത്തോലിക്കാസഭയിൽ ചേരാൻ അവരുടെ ഗവേഷണം നീലച്ചുള്ള; ഐവ്സിൻെറ മനസ്സരസ്സിലും ഈ അലകൾ ആഞ്ഞടിച്ചു. അന്നത്തെ കത്തോലിക്കാവിരുദ്ധനടപടികൾ അദ്ദേഹത്തിനു് സുപരിചിതം. കത്തോലിക്കാപ്രവണതകളെ പ്രൊട്ടസ്റ്റൻറ്സഭ അപലപിച്ചു ശക്തിയായ രീതിയിൽ. ന്യൂയോർക്കിലെ ബിഷപ്പായ ഓൺഡർ ഡോങ്കിനെ വിസ്തരിച്ചതിനും ശിക്ഷിച്ചതിനും താൻ ദൃക്സാക്ഷി. കത്തോലിക്കാ അനുഭാവംമാത്രമായിരുന്നു ഇതിനെല്ലാം കാരണം.

ഐവ്സ്, സഭാനവീകരണത്തിനു കാപ്പുകെട്ടി; പ്രാർത്ഥന, പഠനം, തപസ്സ് എന്നിവയ്ക്കായുള്ള ഒരാശ്രമം അതിശീഘ്രം സ്ഥാപിച്ചു. സഭാചരിത്രം അവധാനപൂർവ്വം പഠിക്കുന്തോറും എപ്പി. സഭയിലെ നിലയില്ലായ്മ അദ്ദേഹത്തിനു് ബോദ്ധ്യപ്പെട്ടുതുടങ്ങി. അദ്ദേഹം എഴുതി: "പ്രോട്ടസ്റ്റൻറ് സിസ്റ്റത്തിലേക്കു് ഞാൻ ചുഴിഞ്ഞിറങ്ങിയപ്പോൾ പാപികൾക്കു ശരണവും സങ്കേതവുമായി യാതൊന്നും അതിൽ ഞാൻ കണ്ടില്ല; സാധുക്കളോടു സമഭാവന കാണിക്കുന്ന യാതൊന്നും അതിലില്ല."

1852-ലെ ക്രിസ്തുമസ്ദിനം! റോമിൽ പീയൂസ് നവമൻെറ മുമ്പിൽ ഒരു പ്രോട്ടസ്റ്റൻറു മെത്രാൻ മുട്ടിന്മേൽനില്ക്കുന്നു. അദ്ദേഹം അന്തിമതീരുമാനം ചെയ്തുകഴിഞ്ഞു, സത്യൈകസഭയെ സമാശ്ലേഷിക്കുവാൻ. പിറേന്നു്, പാപ്പായുടെ പ്രൈവററ് ചാപ്പലിൽവച്ചു് വിശ്വാസസ്ഥിരീകരണം യഥാവിധി നിർവ്വഹിക്കപ്പെട്ടു. പ്രോട്ടസ്റ്റൻറ് വിപ്ലവത്തിനുശേഷം റോമായുടെ അധികാരത്തിനു വഴങ്ങിയ ഒന്നാമത്തെ പ്രോട്ടസ്റ്റൻറു് മെത്രാനായിരുന്നു ഡോ. ലെവിസില്ലിമൻ ഐവ്സ്.

ഇന്നലെവരെ മെത്രാനായിരുന്ന ഡോ. ഐവ്സ് ഇന്നു വെറും ഒരു അല്മായകത്തോലിക്കൻ!! രണ്ടുകൊല്ലംകഴിഞ്ഞു് അദ്ദേഹവും ഭാര്യയും ന്യൂയോർക്കിലേക്കു വന്നു. ഇന്നവരെ സ്വീകരിപ്പാൻ ആരുമില്ലവിടെ. അദ്ദേഹത്തിൻെറ മാനസാന്തരത്തിനെതിരായി കോപാനിലൻ ആഞ്ഞടിച്ചു. ഐവ്സിൻെറ സോദരൻ പറഞ്ഞു: "കുടുംബത്തിൻെറ പാരമ്പര്യം അനുസരിച്ചു് ഭ്രാന്തുപിടിച്ചിരിക്കുന്നു ഐവ്സിനു്." ഇതുകൊണ്ടൊന്നും ഐവ്സിൻെറ വിശ്വാസദീപം മങ്ങിയില്ല. സാധുസഹസ്രങ്ങളുടെ ആത്മീയാന്ധതയെ അകററുന്നതിനു് അതു് ഉത്തരോത്തരം പ്രോജ്ജ്വലിച്ചുകൊണ്ടേയിരുന്നു.

രോഗംകൊണ്ടും വിശപ്പുകൊണ്ടും അവശരായ അനേകർ ഐവ്സിൻെറ ശ്രദ്ധയിൽ പെട്ടു. അനാഥരും പരിത്യക്തരും അദ്ദേഹത്തിൻെറ കാരുണ്യത്തിൽ അഭയം കണ്ടെത്തി. യൂറോപ്പിൽനിന്നും പട്ടിണിപ്പാവങ്ങളുടെ ഒരു പ്രവാഹംതന്നെ ഉണ്ടായി നവഭൂഖണ്ഡത്തിലേക്കു്. സെൻറ് വിൻസെൻറ് ഡിപോൾ സംഘം ദീനജനസേവനം ചെയ്തുകൊണ്ടിരുന്ന കാലസന്ധിയായിരുന്നു അതു്. ഐവ്സ്, വിൻസെൻറ് ഡിപോൾ സംഘത്തിലെ ഒരു സജീവപ്രവർത്തകനായി. ബാൾട്ടിമോർ, സെൻലൂയി മുതലായ സ്ഥലങ്ങളിലും ആ ദീനാനുകമ്പിയുടെ സ്വരം മാറൊലിക്കൊണ്ടു; പല ഉദാരമതികളും മുക്തഹസ്തം സംഭാവനകൾ നൽകി.

അനാഥക്കുട്ടികളെ രക്ഷിക്കുന്നതിൽ ഐവ്സ് അതിമാത്രം യത്നിച്ചു. പ്രോട്ട. ഏജൻസികളെ അനുകരിച്ചു് അദ്ദേഹം കത്തോലിക്കാബാലന്മാരെ സഹായിക്കുന്നതിനു് നിശ്ചിതമായ ഒരു പരിപാടി ആസൂത്രണം ചെയ്തു. തദനുസരണം അനാഥക്കുട്ടികളെ കത്തോലിക്കാ കർഷകരെ ഏല്പിക്കുകയാണുണ്ടായതു്. എന്നാൽ അതു് പരാജയപ്പെട്ടു. കുട്ടികളെ അഭിവൃദ്ധിപ്പെടുത്താനുള്ള പററിയ വഴി അവരുടെവീടുകളിൽത്തന്നെ അനുകൂലസാഹചര്യങ്ങൾ സൃഷ്ടിക്കുകയാണെന്നു് അദ്ദേഹം മനസ്സിലാക്കി. അതിനു തരമില്ലാതെവരുമ്പോൾ മതാധികാരികളുടെ മേൽനോട്ടത്തിൽ പൊതുസ്ഥാപനങ്ങൾ ഏർപ്പെടുത്തണം.

ഏഴകളായ കത്തോലിക്കാ ബാലന്മാക്കായി അദ്ദേഹം ഒരു സംഘം സമാരംഭിച്ചു ന്യൂയോർക്കിൽ. എതിർപ്പുകളുടെമദ്ധ്യേ ഗവർമ്മെൻറിൻെറ അനുമതി ലഭിച്ചു ഈ പ്രസ്ഥാനത്തിനു്. മതാതീതപദ്ധതികൾ ന്യൂയോർക്കിലെ കത്തോലിക്കർക്കു് സ്വീകാര്യമല്ലെന്നു് അദ്ദേഹം ഉദ്ബോധിപ്പിച്ചു.

ഐവ്സിൻെറ മസ്തിഷ്കസന്താനമായ കത്തോലിക്കാ രക്ഷാശാല ഒരുകൊല്ലത്തിനുള്ളിൽ അത്ഭുതങ്ങൾതന്നെ പ്രവത്തിച്ചു; നിസ്സ്വരും നിസ്സഹായരും ആയ ബാലന്മാക്കു് നിസ്സീമാനുഗ്രഹങ്ങൾ ലബ്ധമായി. പിതാക്കന്മാരുടെ വിശ്വാസത്തിലും പൗരത്വത്തിൻെറ കർത്തവ്യങ്ങളിലും അവർ പരിശീലിപ്പിക്കപ്പെട്ടു. ഫലോദയത്തിൽ സംതൃപ്തമായ ഗവർമ്മെൻറ് ധനസഹായവും നൽകി.

പല നഗരങ്ങളും ഐവ്സിൻെറ പദ്ധതി പകർത്തി; പ്രായോഗിക കത്തോലിക്കാ സ്നേഹത്തിൻെറ അപ്പോസ്തലൻ എന്നു് ഐവ്സിനെ എല്ലാവരും പ്രകീർത്തിച്ചു. അങ്ങനെയിരിക്കവെ ബാലരക്ഷാശാലയിൽ ടൈഫോയിഡ് തലപൊക്കി. രോഗികളെ അഹോരാത്രം ശുശ്രൂഷിച്ചു് ശുശ്രൂഷിച്ചു് അദ്ദേഹവും ജ്വരബാധിതനായിത്തീർന്നു.

1867-ൽ ഐവ്സ് ഐഹികവാസം വെടിഞ്ഞു. ശവകല്ലറയിന്മേൽ എഴുതിയിരിക്കുന്നതു് ഇങ്ങനെയാണ്: "തൻെറ സേവനപാത്രങ്ങളായിരുന്ന—തൻെറ ജീവിതസായാഹ്നം അർപ്പിക്കപ്പെട്ടിരുന്ന—കുട്ടികളുടെ സമീപം തൻെറ അന്തിമാഭിലാഷാനുസാരം സംസ്കരിക്കപ്പെട്ടിരിക്കുന്നു."

ഐവ്സ് മിക്കവാറും വിസ്മൃതൻ ഇന്നു്! സത്യാന്വേഷണമാർഗ്ഗത്തിൽ അദ്ദേഹത്തിനു് കാലിടറിയില്ല; കരൾ ഇളകിയില്ല. ഉന്നതവൈദികാധികാരവും സ്വജനാദരവും അദ്ദേഹം തൃണവൽ ഗണിച്ചു, ആന്തരികസ്വരത്തിൻെറ പ്രചോദനപ്രകാരം. തെരുവുതെണ്ടികളെ തേടിപ്പിടിച്ചു് ജീവിതമാധുര്യം അവക്കും അനുഭവവേദ്യമാക്കിക്കൊടുത്തു ആ വിശ്വസ്നേഹി. ജീവിതപരിശുദ്ധിയുടെ സമൃദ്ധിയിലാണു് ഐവ്സ് അനശ്വരജീവിതത്തിലേക്കുകടന്നുപോയതു്.

—


## സിർക്കോ ആരാം തേൽ

No. 1. ശിരോരോഗങ്ങളെ നീക്കി തലയ്ക്കു സുഖത്തെ കൊടുക്കുന്നതിനു അത്യുത്തമം.

No. 2. തലമുടിക്കു് വളർച്ചയും പുഷ്ടിയും നൽകുന്നതു്.

| വില | 8 ഔ: | 12 ഔ: | 16 ഔ: |
|---|---|---|---|
| No. 1. ക. | 3—12—0 | 5—4—0 | 7—0—0 |
| No. 2. | 4—0—0 | 5—8—0 | 7—4—0 |

എം. ജെ. മാത്യു വൈദ്യൻ, മട്ടക്കുഴി വൈദ്യശാല, കാഞ്ഞിരപ്പള്ളി


കട്ടിനാം സ്പെൽമൻെറ

## പ്രഥമ നോവൽ

"Foundling" (അനാഥശിശു) എന്ന പേരിൽ അമേരിക്കയിലെ കർദ്ദിനാൾ സ്പെൽമൻ ഒരു നോവൽ പ്രസിദ്ധം ചെയ്തിരിക്കുന്നു. ന്യൂയോർക്കിലെ സെൻറ് പാട്രിക്സ് കത്തീദ്രലിൻെറ നടയിൽനിന്നും ഒരു വിമുക്തഭടൻ കണ്ടെടുത്ത ഒരു അനാഥശിശുവിൻെറ കഥയാണ് നോവലിൻെറ ഇതിവൃത്തം. ഗ്രന്ഥത്തിൻെറ സകലാവകാശവും കർദ്ദിനാൾ തിരുമേനി ന്യൂയോർക്കിലെ ഒരു അനാഥമന്ദിരത്തിനു വിട്ടുകൊടുത്തിരിക്കുന്നു.


ക്ഷയാരംഭലക്ഷണങ്ങൾക്കും, ക്ഷയം, ഏങ്ങൽ, മൂലക്കുരു, വയറുവേദന, പ്രമേഹം, രക്തദൂഷ്യം,

തുടങ്ങിയ രോഗങ്ങൾക്കും സിദ്ധൗഷധങ്ങളാണെന്നുള്ളതിനു അനേകം അനുഭവസാക്ഷ്യങ്ങൾ ലഭിച്ചിട്ടുള്ള

## നിംബാസവം—ദ്രാക്ഷാഘൃതം—ശാരിബാതൈലം

സ്റ്റോക്കിസ്റ്റുമാർ

1. തൃശ്ശൂർ—കാളൻ ആയുർവ്വേദിക് ഫാർമസി സെയിൽസ്ഡിപ്പോ, ഫ്റാൻസിസ് ബിൽഡിംഗ്സ്, ചെട്ടിയങ്ങാടി, തൃശ്ശൂർ.
2. എറണാകുളം—കാളൻ ആയുർവ്വേദിക് ഫാർമസി സെയിൽസ്ഡിപ്പോ, (മാരുതിവിലാസം ഹോട്ടലിനു എതിർവശം) കനൻഷെഡ് റോഡ് (ബോട്ടുജെട്ടിക്കു നേരെ) എറണാകുളം.
3. ഇരിങ്ങാലക്കുട—M/s മേനോൻ & കമ്പനി, പോസ്റ്റാഫീസിനു സമീപം, ഇരിങ്ങാലക്കുട.
4. കാട്ടൂർ—M/s ഹിന്ദുസ്ഥാൻ മെഡിക്കൽ സ്റ്റോർസ്, കാട്ടൂർ
5. ചാലക്കുടി—M/s ജോൺസൺ മെഡിക്കൽ സ്റ്റോർസ് (ആസ്പത്രിക്കു സമീപം) ചാലക്കുടി.
6. ആലുവാ—M/s ആലുവാ മെഡിക്കൽ സ്റ്റോർസ് (റെയിൽവെസ്റ്റേഷനു സമീപം) ആലുവാ.
7. ചേർത്തല—Mr വി. വി. വക്കി, വരേക്കാട്ടു വീട്ടു്, ചേർത്തല.
8. ആലപ്പുഴ—M/s വെൽ & കമ്പനി മെഡിക്കൽ സ്റ്റോർസ്, മുല്ലയ്ക്കൽ, ആലപ്പുഴ.
9. പാലാ—M/s കത്തേടൻ കമ്പനി, വെള്ളിരിങ്ങാട്ടു് ബിൽഡിംഗ്സ്, മാർക്കററ്റോഡ്, പാലാ.
10. ചങ്ങനാശ്ശേരി—"മദ്ധ്യസ്ഥൻ" ബുക്കുഡിപ്പോ, (അരമനക്കു സമീപം) ചങ്ങനാശ്ശേരി.
11. വൈക്കം—ചെറുപുഷ്പം ഹോട്ടൽ ബിൽഡിംഗ്സ് (ബോട്ടുജെട്ടിക്കു സമീപം) വൈക്കം.
12. കോട്ടയം—M/s സി. എം. പ്രസ്സ് സെയിൽസ്ഡിപ്പോ (ഭദ്രാസനപ്പള്ളിക്കു സമീപം) കോട്ടയം.
13. തൊടുപുഴ—M/s കല്യാണസ്പെഷൽ ജവുളിസ്റ്റോർസ്, തൊടുപുഴ.

കോഴിക്കോട്ടും തലശ്ശേരിയിലും ഉടനെതന്നെ സ്റ്റോക്കുചെയ്തു വിവരം പ്രസിദ്ധപ്പെടുത്തുന്നതാണ്.

N. B. പ്രൊപ്രൈറ്റർ കാളത്തു് പാവുണ്ണി ഔസേപ്പു് വൈദ്യൻ ബുധൻ, വ്യാഴം എന്നി ദിവസങ്ങളിൽ കാലത്തു് 9 മുതൽ 4 മണിവരെ എറണാകുളം സെയിൽസ്ഡിപ്പോവിൽ ഉണ്ടായിരിക്കുന്നതാണ്.

കാളൻ ആയുർവ്വേദിക് ഫാർമസി (റെയിൽവെസ്റ്റേഷനു സമീപം), നെല്ലായി P. O.




# അവരുടെ മതഗ്രന്ഥം

അവർ ഓറെല്ലെത്തിനു സമീപിച്ച് സൈത്തുമലയുടെ അരികെ ബേത്ഫാഗെയിൽ എത്തിയപ്പോൾ ഈശോ ശിഷ്യരിൽ രണ്ടുപേരെ അയച്ചുകൊണ്ട്, അവരോട് അരുളിച്ചെയ്തു: നിങ്ങൾക്കെതിരെയുള്ള ഈ ഗ്രാമത്തിലേക്കു നിങ്ങൾ പോകുവിൻ. കെട്ടിയിരിക്കുന്ന ഒരു കഴുതയേയും അതിനോടുകൂടി കഴുതക്കുട്ടിയേയും നിങ്ങൾ ഉടനെ കണ്ടെത്തും. അവയെ അഴിച്ച് എന്റെ അടുക്കൽ കൊണ്ടുവരുവിൻ. എന്നാൽ ആരെങ്കിലും നിങ്ങളോട് എന്തെങ്കിലും പറയുന്നെങ്കിൽ: ഞങ്ങളുടെ കർത്താവിനു് അവകൊണ്ട് ആവശ്യമുണ്ട് എന്നു് അവനോടു പറയുവിൻ; അവൻ അവയെ ഇവിടേക്ക് ഉടനെ വിട്ടയക്കും. ഈ സംഭവിച്ചതെല്ലാം, നിവ്യാ മുഖേന അരുളിച്ചെയ്യപ്പെട്ട കാര്യം നിവൃത്തിയാകുവാൻ വേണ്ടിയായിരുന്നു. അയാൾ ഇപ്രകാരം പ്രവചിച്ചിരുന്നു: നീങ്ങൾ സെഹിയോൻ പുത്രിയോട്: ഇതാ! നിന്റെ രാജാവ് താഴ്മയുള്ളവനായും കഴുതപ്പുറത്തും കഴുതക്കുട്ടിയുടെ പുറത്തും കയറിയും നിന്റെ അടുക്കലേക്കു വരുന്നു എന്നു പറയുവിൻ. ശിഷ്യർപോയി ഈശോ അവരോടു കല്പിച്ചതുപോലെ ചെയ്തു. അവർ കഴുതയേയും കുട്ടിയേയും കൊണ്ടുവന്നു് കുട്ടിയുടെമേൽ തങ്ങളുടെ വസ്ത്രങ്ങൾ വിരിച്ചു. ഈശോ അതിന്മേൽ കയറിയിരുന്നു. ജനക്കൂട്ടങ്ങളിൽ മിക്കവരും തങ്ങളുടെ വസ്ത്രങ്ങൾ വഴിയിൽ വിരിച്ചു. മററുള്ളവർ വൃക്ഷങ്ങളിൽ നിന്നു് കൊമ്പുകൾ വെട്ടി വഴിയിൽ വിതറി. അവന്റെ മുമ്പിൽ പോയിരുന്നവരും അവന്റെ പിമ്പിൽ വന്നിരുന്നവരുമായ ജനക്കൂട്ടങ്ങൾ: ദാവീദിന്റെ പുത്രനു് ഓശാന! കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതനാകുന്നു! ഉന്നതങ്ങളിൽ ഓശാന! എന്നു് ആർത്തുപറഞ്ഞു. (ഓശാന ഞായർ; സുവിശേഷം: മത്താ. XXI, 1—9).

വലിയ ആഴ്ചയിലെ സുദീർഘവും സൂചനാസമൃദ്ധവും അർത്ഥസംപുഷ്ടവുമായ തിരുകർമ്മങ്ങൾ അവസാനിച്ചശേഷം അഭ്യസ്തവിദ്യനായ ഒരു യുവകത്തോലിക്കൻ ഇപ്രകാരം പറയുകയുണ്ടായി: "എന്തിനാണ് ഇത്ര ദീർഘമായ തിരുകർമ്മങ്ങൾ? എന്തെല്ലാം അർത്ഥമില്ലാത്ത പ്രവൃത്തികളും അനുഷ്ഠാനങ്ങളുമാണ്? ചിലതെല്ലാം ഗോഷ്ടികളായും തോന്നുന്നില്ലേ? ഇതിനുവേണ്ടി ജനങ്ങൾ അവരുടെ വിലയേറിയ സമയം മുഴുവൻ ചെലവഴിക്കയും വേണം. അപരിഷ്കൃതകാലത്ത് ജനമെടുത്ത ഈ ആചാരാനുഷ്ഠാനങ്ങൾ ഈ പരിഷ്കൃതകാലത്ത് എന്തിനാണ ജനങ്ങളുടെമേൽ കെട്ടിയേൽപ്പിക്കുന്നതു്? ദൈവത്തെ മനസ്സിൽമാത്രം ആരാധിച്ചാൽ പോരെ? സത്യത്തിലും അരൂപിയിലും മാത്രം ദൈവാരാധന നടത്തണമെന്നു് ക്രിസ്തുനാഥൻതന്നെ പറഞ്ഞിട്ടില്ലേ? ... ... ... ..." മഗ്ദലനമറിയം ദിവ്യരക്ഷകന്റെ പാദങ്ങൾ അമൂല്യതൈലംകൊണ്ട് അഭിഷേചിച്ചപ്പോൾ യൂദാസും പറകയുണ്ടായി: "എന്തിനാണീ അനാവശ്യമായ ദുർവ്യയം? ഇതിന്റെ വിലയായ പണം മുഴുവനും ദരിദ്രരുടെയിടയിൽ വിതരണംചെയ്തെങ്കിൽ എത്ര നന്നായിരുന്നു." ഇതിന്റെ ഒരു വകഭേദം തന്നെയാണ് മുൻപറഞ്ഞ മനസ്ഥിതിയും. സഭയിലെ കർമ്മാനുഷ്ഠാനവിധികൾ വളരെ പുരാതനങ്ങളാണ്. ഗഹനങ്ങളായ മതതത്വങ്ങളെ വിശ്വാസികൾക്ക് ഇന്ദ്രിയഗോചരങ്ങളായ അടയാളങ്ങൾ വഴിയായി മനസ്സിലാക്കിക്കൊടുക്കുവാനുള്ള സഭയുടെ പരിശ്രമങ്ങൾ ഈ കർമ്മാനുഷ്ഠാനങ്ങളിൽ തെളിഞ്ഞുകാണാം. ആരാധനാസ്തോത്രങ്ങളും, പരിഹാരാനുഷ്ഠാനങ്ങളും കൃതജ്ഞതാപ്രകടനങ്ങളും അഭ്യർത്ഥനകളും ഈ തിരുകർമ്മങ്ങൾ വഴിയായി ദൈവസന്നിധിയിലേക്കു ഉയരുന്നതോടുകൂടി നമ്മുടെ മതതത്വങ്ങളുടെ ബാഹ്യമായ ഒരു പ്രകാശനവും ഇന്ദ്രിയഗോചരമായ ഒരു വിശദീകരണവും വിശ്വാസികൾക്കു നൽകുവാനും അവ പര്യാപ്തങ്ങളാണ്. വലിയ പഠിപ്പും മതപരമായ ജ്ഞാനവും ഇല്ലാത്തവരാണല്ലോ നമ്മുടെ വിശ്വാസികളിൽ ഭൂരിപക്ഷവും. ഇവരുടെ മതഗ്രന്ഥമാണ് തിരുകർമ്മങ്ങൾ എന്നു പറയുന്നതിൽ അബദ്ധമില്ല. ഈ തിരുകർമ്മങ്ങളിലെ ബാഹ്യവും ആകർഷകവുമായ അനുഷ്ഠാനങ്ങളിലേക്കു ഇവരുടെ ശ്രദ്ധ കേന്ദ്രീകരിക്കപ്പെടുന്നു; അവയിലെ മതപരമായ സൂചനകൾ ഇവർ എളുപ്പത്തിൽ ഗ്രഹിക്കുന്നു; ഇവരുടെ ഭക്തിപരങ്ങളായ വികാരങ്ങൾക്കു ഉത്തേജനം ലഭിക്കുന്നു. പ്രസംഗങ്ങളെക്കാളും ആദ്ധ്യാത്മികഗ്രന്ഥപാരായണത്തെക്കാളും സജീവവും ശാശ്വതവുമായ ജ്ഞാനം ഇവക്കു സിദ്ധിക്കയും ചെയ്യുന്നു.

പ്രോട്ടസ്റ്റാന്റ് മതത്തിന്റെ ആവിർഭാവത്തോടുകൂടിയാണ് കർമ്മാനുഷ്ഠാനങ്ങൾ അനാവശ്യങ്ങളാണെന്നും, ബുദ്ധികൊണ്ടും മനസ്സുകൊണ്ടും മാത്രം—ബാഹ്യമായ അനുഷ്ഠാനങ്ങളോ അടയാളങ്ങളോ ഒന്നും കൂടാതെ—ദൈവത്തെ ആരാധിച്ചാൽ മതിയെന്നുമുള്ള അഭിപ്രായം ഉന്നയിക്കപ്പെട്ടതു്. ഇംഗ്ലണ്ടിൽ എഡ്വേഡ് ആറാമന്റെ കാലത്ത് ശുദ്ധീകരത്തിരുനാളിൽ തിരികൾ ആശീർവദിക്കുന്നതും, വിഭൂതിത്തിരുനാളിൽ ഫാലദേശത്ത് കരിപൂശുന്നതും, ഓശാന ഞായറാഴ്ച ആശീർവദിക്കപ്പെട്ട കുരുത്തോലകൾ സംവഹിക്കുന്നതും നിരോധിക്കപ്പെട്ടു. പ്രാചീനങ്ങളായ കർമ്മാനുഷ്ഠാനങ്ങളോട് പുതിയ മതത്തിനുണ്ടായിരുന്ന വിദ്വേഷാഗ്നിയും ആളിക്കത്തിത്തുടങ്ങിയപ്പോൾ കത്തോലിക്കാ മതാനുഷ്ഠാനങ്ങൾ എല്ലാംതന്നെ പാടേ നിർമ്മാർജ്ജനം ചെയ്യാനുള്ള പരിശ്രമവും ആരംഭിച്ചു. ദൈവാരാധനയെ ബാഹ്യമായി സഹായിക്കുന്ന മതപരമായ ചിത്രങ്ങൾ ദൈവാലയഭിത്തികളിൽനിന്നു കീറിപ്പറിച്ചു കളഞ്ഞു; സംഗീതോപകരണങ്ങളെ നിശ്ശബ്ദങ്ങളാക്കി; പ്രതിമകളെല്ലാം മാററിക്കളഞ്ഞു; അൾത്താരകളിലെ തിരികൾ കെടുത്തിക്കളഞ്ഞു; അൾത്താരകൾതന്നെ നിലംപരിചാക്കപ്പെട്ടു. ബുദ്ധികൊണ്ടുമാത്രം ഓരോരുത്തനും ദൈവത്തെ ആരാധിച്ചാൽ മതിയെന്നു അവർ തീരുമാനിച്ചു. എന്നാൽ ഒരു പരമാർത്ഥം ആ മതവിപ്ലവകാരികൾ മനസ്സിലാക്കിയില്ല. മനുഷ്യനിൽ ബുദ്ധിമാത്രമല്ല ഉള്ളതു്; പ്രത്യുത, ഹൃദയവും വികാരങ്ങളും അവനിൽ കുടികൊള്ളുന്നുണ്ട്. ആത്മാവ് മാത്രമല്ല, ശരീരവും കൂടി അവനിൽ തുല്യപ്രധാനമായ ഒരു ഘടകമായി വർത്തിക്കുന്നുണ്ട്. ദൈവാരാധനയിൽ ആത്മാവും ശരീരവും ഒന്നുപോലെ പങ്കെടുക്കേണ്ടതാണ്. ഈ പരമാർത്ഥം മനസ്സിലാക്കിക്കൊണ്ടും തങ്ങളുടെ പഴയ അബദ്ധം ഗ്രഹിച്ചുകൊണ്ടും ഇന്നു പല പ്രോട്ടസ്റ്റന്റു മതവിഭാഗക്കാരും കൂടുതൽ മാനുഷികമായ ഒരു നിലപാട് സ്വീകരിച്ചുവരുന്നുണ്ടെന്നുള്ളതു ചാരിതാർത്ഥ്യജനകംതന്നെ. മനുഷ്യൻ മാലാഖയല്ലല്ലോ.

തിരുസഭാമാതാവിനു തന്റെ പ്രായവും പഴക്കവുമനുസരിച്ചുള്ള പരിജ്ഞാനംകൊണ്ടും പരിശുദ്ധാരൂപിയുടെ നിയന്ത്രണം നിമിത്തവും മനുഷ്യസ്വഭാവത്തെപ്പററിയുള്ള ഗാഢമായ ജ്ഞാനം സിദ്ധിച്ചിട്ടുണ്ട്. വെറും തത്വപരമായ (abstract) ഒരു മതം മനുഷ്യനു മുഴുവൻ പര്യാപ്തമാകയില്ലെന്നുമാത്രമല്ല സ്വഭാവത്തിനു അനുയോജ്യമല്ലെന്നുകൂടി അവൾ മനസ്സിലാക്കിയിട്ടുണ്ട്. ദൈവാരാധനം ഏതെങ്കിലും ബാഹ്യമായരൂപം പ്രാപിക്കാതെ തരമില്ല. കാരണം, മനുഷ്യനിൽ ശരീരവും അതിന്റെ വിവിധശക്തികളും സ്ഥിതിചെയ്യുന്നുണ്ട്. ആത്മാവിന്റെ വിവിധശക്തികളോടുകൂടെ ശരീരവും അതിന്റെ വിവിധ ശക്തികളും ദൈവാർച്ചനയിൽ പങ്കെടുക്കേണ്ടിയിരിക്കുന്നു. അപ്പോൾ മതം വെറും വികാരപരമാവുകയില്ലേ എന്നു ചിലർ സംശയിച്ചേക്കാം. എന്നാൽ ആ സംശയം അസ്ഥാനത്താണ്. ഹൃദയവും, വികാരങ്ങളും, വിഭാവനകളും ആത്മാവിന്റെ ശക്തികളോടുകൂടി സഹകരിച്ച് പ്രവർത്തിക്കുമ്പോൾ ആ ദൈവാരാധന സ്വഭാവാനുയോജ്യമാണ്, പരിപൂർണ്ണമാണ്, ആനന്ദപ്രദവുമാണ്. മനുഷ്യൻ ബുദ്ധികൊണ്ടുമാത്രമല്ല ജീവിക്കുന്നതു്; പ്രത്യുത ഹൃദയംകൊണ്ടും വികാരങ്ങൾകൊണ്ടും കൂടിയാകുന്നു. "സാക്ഷാൽ ആരാധകൻ അരൂപിയിലും സത്യത്തിലും പിതാവിനെ ആരാധിക്കണം" എന്നു ദൈവമായ ക്രിസ്തുനാഥൻ അരുളിച്ചെയ്തിട്ടുണ്ടെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ അതേദൈവംതന്നെ, "കർത്താവിന്റെ ശുദ്ധസ്ഥലത്തിൽ നിങ്ങൾ കർത്താവിനെ സ്തുതിപ്പിൻ. കാഹളശബ്ദത്താൽ നിങ്ങൾ കർത്താവിനെ സ്തുതിപ്പിൻ. വീണകളാലും കിന്നരങ്ങളാലും നിങ്ങൾ കർത്താവിനെ സ്തുതിപ്പിൻ. തപ്പുകളാലും മദ്ദളങ്ങളാലും നിങ്ങൾ കർത്താവിനെ സ്തുതിപ്പിൻ. ഇമ്പമുള്ള തന്ത്രികളാലും നാദമുള്ള കൈത്താളങ്ങളാലും നിങ്ങൾ കർത്താവിനെ സ്തുതിപ്പിൻ. ശബ്ദഘോഷത്താലും ആർപ്പുവിളിയാലും നിങ്ങൾ കർത്താവിനെ സ്തുതിപ്പിൻ" എന്നും അരുളിച്ചെയ്തിട്ടുണ്ട്. യോയേൽ പ്രവാചകൻ പറയുന്നു: "നിങ്ങൾ മുഴുഹൃദയത്തോടെ എന്നിലേക്കു് പിന്തിരിയുവിൻ. നിങ്ങൾ വസ്ത്രങ്ങളെയല്ല ഹൃദയത്തെ കീറുവിൻ." ഇതിനുശേഷം അദ്ദേഹം തുടരുന്നു: "സീയോനിൽ കാഹളം മുഴക്കുവിൻ; ഉപവാസത്തെ വിശുദ്ധീകരിക്കുവിൻ; ഭയഭക്തിയോടെ സംഘത്തെ വിളിച്ചുകൂട്ടുവിൻ; എല്ലാ ജനങ്ങളേയും വിളിക്കുവിൻ. മുഖമണ്ഡപത്തിന്റെയും അൾത്താരയുടേയും മദ്ധ്യേ നിന്നുകൊണ്ടു ദൈവശുശ്രൂഷകരായ പുരോഹിതന്മാർ കരയുകയും ഇപ്രകാരം പ്രാർത്ഥിക്കുകയും ചെയ്യട്ടെ: നിന്റെ ജനങ്ങൾക്കു മാപ്പുനല്കുക, ഓ കർത്താവേ, മാപ്പുനല്കുക." (യോയേ. II, 12, 17). ആദ്യഭാഗത്ത് പ്രവാചകൻ ആന്തരികമായ മനസ്താപം ഉണ്ടാകേണ്ടതിന്റെ ആവശ്യകതയേയും, അതില്ലാതെ വെറും ബാഹ്യചടങ്ങുകളായ വസ്ത്രം കീറുക തുടങ്ങിയ അനുഷ്ഠാനങ്ങളുടെ നിരർത്ഥകതയേയും ഊന്നിപ്പറയുന്നു. രണ്ടാമത്തെ ഭാഗത്തിലാകട്ടെ ബാഹ്യമായ ചില അനുഷ്ഠാനങ്ങളുടേയും പരിഹാരകൃത്യങ്ങളുടേയും ആവശ്യകതയേയും ശക്തിയായി ഉദ്ബോധിപ്പിക്കുന്നു. വെറും ബുദ്ധിപരമായ ആരാധനമാത്രമാണെങ്കിൽ അതു പ്രായോഗികമല്ലെന്നു സഭാമാതാവിനറിയാം; എന്നാൽ വെറും വികാരപരം മാത്രമായിരുന്നാൽ അതും ശരിയല്ലെന്നും സഭ ശഠിക്കുന്നു. ബുദ്ധിശക്തികളും ശരീരശക്തികളും സമ്മേളിച്ചുകൊണ്ടുള്ള ആരാധനയാണ് ആവശ്യം. എത്രയോ യുക്തിയുക്തമായ ഒരു നിലപാടാണ് സഭ സ്വീകരിച്ചിരിക്കുന്നതു്.

ഇന്നത്തെ രാഷ്ട്രീയകക്ഷികൾ മനുഷ്യന്റെ ശരീരത്തെ സ്പർശിക്കുവാനാണ് എല്ലായ്പോഴും ശ്രമിക്കുന്നതു്; ശരീരത്തിലൂടെ അവന്റെ ബുദ്ധിയിലേക്കും മനസ്സിലേക്കും പ്രവേശിക്കാമെന്നും അവർക്കറിയാം. തന്നിമിത്തം അവർ ഘോഷയാത്രകൾ നടത്തുന്നു; മുദ്രാവാക്യങ്ങൾ വിളിച്ചുപറയുന്നു; പൊതുയോഗങ്ങൾ കൂട്ടുന്നു; നാടകം, സിനിമ, റേഡിയോ എന്നീ പ്രചരണമാർഗ്ഗങ്ങൾ ഉപയോഗിക്കുന്നു; കൊടികൾ, ഉച്ചഭാഷിണി, വാദ്യമേളങ്ങൾ, പന്തംകൊളുത്തി പ്രദക്ഷിണങ്ങൾ—ഇങ്ങനെ പലതും. ജനങ്ങൾ ആകർഷിക്കപ്പെടുന്നു, ആവേശം കൊള്ളുന്നു. ഇതുപോലെതന്നെ മതപരമായ ഒരു പ്രദക്ഷിണം—ജനങ്ങൾ വരിയായി നടന്നുകൊണ്ടും, ക്രിസ്തുവിന്റെയും വിശുദ്ധന്മാരുടെയും പതാകകൾ പറപ്പിച്ചുകൊണ്ടും, സ്തോത്രഗാനങ്ങൾ ആലപിച്ചുകൊണ്ടും മററും മററും നീങ്ങുന്ന ഭക്തിപരമായ ഒരു പ്രദക്ഷിണം—വിശ്വാസികളിലും കാണികളിലും ഭക്തിവികാരങ്ങൾ അങ്കുരിപ്പിക്കാതിരിക്കയില്ല. ഉച്ചഭാഷിണിയും സദ്വാക്യങ്ങളും നമുക്കും ഉപയോഗിക്കാം; വാദ്യഘോഷങ്ങളും അസ്ഥാനത്തല്ല. എല്ലാററിലും മിതത്വവും അച്ചടക്കവും ക്രമവും പാലിക്കണമെന്നേയുള്ളു. മദ്യപിച്ചുകൊണ്ടോ മററോ ഉളവാകുന്ന ക്രമക്കേടുകളും ബഹളങ്ങളും [illegible] മററും തീരെ നിഷിദ്ധമാണെന്നു പ്രത്യേകം ഊന്നിപ്പറയേണ്ടിയിരിക്കുന്നു; അല്ലെങ്കിൽ ഗുണത്തിനുപകരം ദോഷമായിരിക്കും ഫലം.

ആശീർവ്വദിക്കപ്പെട്ട കുരുത്തോലകൾ വഹിച്ചുകൊണ്ടുള്ള ഇന്നത്തെ പ്രദക്ഷിണവും മററു ചടങ്ങുകളും വിശ്വാസികൾക്കു് വിജ്ഞാനപ്രദമായ ഒരു മതഗ്രന്ഥംതന്നെയാണ്. വൈദികനും ജനങ്ങളും ദേവാലയത്തിൽനിന്നു പുറത്തുപോകയും ദേവാലയകവാടങ്ങൾ അടയ്ക്കപ്പെടുകയും ചെയ്യുമ്പോൾ ആദിമാതാപിതാക്കന്മാരുടെ പാപംമൂലം മനുഷ്യവർഗ്ഗം സ്വർഗ്ഗത്തിൽനിന്നു പുറന്തള്ളപ്പെട്ടതിനേയും സ്വർഗ്ഗവാതിൽ പൂട്ടപ്പെട്ടതിനേയും നാം സ്മരിക്കുന്നു. കുരിശുകൊണ്ടു മൂന്നുപ്രാവശ്യം മുട്ടിക്കൊണ്ട് പുരോഹിതൻ ദേവാലയവാതിൽ തുറക്കുമ്പോൾ തന്റെ കുരിശുമരണം വഴിയായി ക്രിസ്തുനാഥൻ നമുക്കു സ്വർഗ്ഗപ്രവേശം നല്കിയതിനെ നാം സ്മരിക്കണം. അങ്ങനെ വിജയചിഹ്നമായ കുരുത്തോലകൾ വഹിച്ചുകൊണ്ട് നാം സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നു. എന്നാൽ ക്രിസ്തുവിനെ അനുകരിക്കണമെങ്കിൽ "സ്വയം പരിത്യജിച്ചുകൊണ്ടു കുരിശും വഹിച്ചുകൊണ്ടു നാം അങ്ങയെ അനുഗമിക്കണം." സ്വർഗ്ഗവാതിലിന്റെ താക്കോൽ കുരിശുമാത്രമാണ്. ഇങ്ങനെയുള്ള പല സച്ചിന്തകളും സദ്വികാരങ്ങളും നമ്മിൽ അങ്കുരിപ്പിക്കുവാൻ ഇത്തരം അർത്ഥസമ്പുഷ്ടങ്ങളായ കർമ്മാനുഷ്ഠാനങ്ങൾ അപരിത്യാജ്യങ്ങളാണ്. സ്വയം ബുദ്ധിജീവികളെന്നഭിമാനിക്കുന്നവർ ബുദ്ധിപരമായ ദൈവാരാധനമാത്രം മതിയെന്നു ശഠിക്കുന്നുണ്ടെങ്കിലും ക്രമേണ അതുംകൂടെ അവർ ഉപേക്ഷിച്ചുകളയുന്നതായിട്ടാണ് അനുഭവം. മനുഷ്യനെ മനുഷ്യനായിത്തന്നെ പരിഗണിക്കയും അഭിമുഖീകരിക്കയുംചെയ്യുന്ന സഭാമാതാവിനെ വിശ്വസിക്കുന്നതായിരിക്കും സുബദ്ധം.

(ജെ. ചെമ്മണൂർ)

---

ആരോഗ്യപംക്തി

## ജ്വരപ്പനി

### പകരാതെ സൂക്ഷിക്കേണ്ടതെങ്ങനെ?

(ഡോക്ടർ എ. കെ. ചാക്കോ)

നിങ്ങൾ എല്ലാവരും ടൈഫോയിഡ് പനി അല്ലെങ്കിൽ വിഷമജ്വരത്തെപ്പററി കേൾക്കുകയും നിങ്ങളിൽ ചിലർക്ക് ഇതുണ്ടാകുകയും ചെയ്തിട്ടുണ്ടായിരിക്കണം. വിഷമജ്വരം ഭയപ്പെടേണ്ട ഒരു പകർച്ചവ്യാധിയാണ്. ഒട്ടുവളരെ ജനങ്ങൾ ഇതു പിടിപെട്ടു മരിക്കുന്നുണ്ട്. ചെറുപ്പക്കാരെയാണ് ഈ പനി കൂടുതൽ ബാധിക്കുന്നതു്. വിഷമജ്വരം അണുക്കളിൽനിന്നുണ്ടാകുന്ന ഒരു രോഗമാണ്. രോഗാണുക്കൾ നാലുവിധത്തിൽ മനുഷ്യന്റെ കുടലിൽ കടന്നുകൂടുവാനിടയുണ്ട്. 1 വിഷമജ്വരമുള്ള രോഗിയുടെ മലമൂത്രങ്ങൾ പറമ്പിൽ കൊണ്ടിടുമ്പോൾ അതിൽനിന്നു അണുക്കൾ നിറഞ്ഞ അല്പം അഴുക്ക് അടുത്തുള്ള കുളത്തിലേ, കിണററിലേ ഒലിച്ചുചേരുന്നു. രോഗിയുടെ വസ്ത്രങ്ങൾ അലക്കുന്നതുമൂലവും ഇതുപോലെ വെള്ളം രോഗബീജമയമായിത്തീരുന്നു. ഈ വെള്ളം കുടിച്ചാൽ ജ്വരപ്പനിയുണ്ടാകും.

2 രോഗിയേയോ, രോഗിയുടെ മലം പുരണ്ട സാധനങ്ങളേയോ തൊടുന്ന ഒരാൾ കൈകഴുകാതെ ഭക്ഷണംകഴിച്ചാൽ അണുക്കൾ ഉദരത്തിലെത്താനും, രോഗം പിടിപെടുവാനും ഇടയാകും.

3 ഈച്ച രോഗിയുടെ മുറി സന്ദർശിച്ച് രോഗാണുക്കൾ നിറഞ്ഞ അഴുക്കുമായി ഭക്ഷണസാധനങ്ങളിൽ പറന്നു പററുകയും നമ്മൾ ആ ഭക്ഷണം കഴിക്കുകയും ചെയ്താൽ നമുക്ക് ജ്വരപ്പനി പിടിപെടും.

4 രോഗം മാറിയവരുടെ മലത്തിൽക്കൂടി കുറച്ചുകാലത്തേക്കു രോഗാണുക്കൾ പൊയ്ക്കൊണ്ടിരിക്കും. അതിനാൽ ഇക്കൂട്ടരിൽനിന്നും രോഗം പകരാനിടയുണ്ട്.

ഇങ്ങനെ കുടിക്കുവാനുപയോഗിക്കുന്ന ജലത്തിൽക്കൂടിയും, ഈച്ചകളിൽനിന്നും, വിഷമജ്വരരോഗികളുടെ വിസർജ്ജനം വേണ്ടവിധത്തിൽ നശിപ്പിക്കാത്തതുകൊണ്ടുമാണ് മലത്തിൽക്കൂടി പുറ

ത്തേക്കപോകുന്ന വിഷമജ്വരബീജം വീണ്ടും മനുഷ്യന്റെ കുടലിൽ കടക്കുന്നു്. മലമൂത്രവിസർജ്ജനകാര്യത്തിലും മലം നശിപ്പിക്കുന്ന വിഷയത്തിലും നാം കാണിക്കുന്ന അനാസ്ഥയാണു വിഷമജ്വരത്തിന്റെ വ്യാപ്തിക്കുള്ള കാരണം. അതുകൊണ്ടു വിഷമജ്വരം പ്രധാനമായും ശുദ്ധീകരണശൂന്യതയാലാണു പടർന്നുപിടിക്കുന്നതു്. ജ്വരപ്പനിയുള്ളവരുടെ മലമൂത്രവിസർജ്ജനം നശിപ്പിക്കുന്നതിൽ കാണിക്കുന്ന അനാസ്ഥ "മനുഷ്യനാണു് മനുഷ്യന്റെ പരമശത്രു" എന്ന വാക്യത്തെ അർത്ഥവത്താക്കുന്നു.

ജ്വരപ്പനിയുടെ രോഗാണുക്കൾ കുടലിൽ എത്തിയാൽ ഉദ്ദേശം 20 ദിവസം കഴിയുമ്പോഴാണു് ജ്വരം ആരംഭിക്കുന്നതു്! ആരംഭത്തിൽ രോഗം ബാധിക്കുന്നതു് രോഗിതന്നെ അറിയുന്നില്ല. തുടക്കത്തിൽ ശരീരം ആകെ വേദനയും തലവേദനയും വിശപ്പില്ലായ്മയുമാണു് കാണുന്നതു്. ഇടവിടാതെയും, കൂടിക്കൂടിയും 3, 4 ആഴ്ച നീണ്ടുനില്ക്കുന്ന പനി വിഷമജ്വരത്തിന്റെ ഒരു പ്രധാനലക്ഷണമാണു്. മൂന്നാമത്തെ ആഴ്ചയിൽ പനി മൂർഛിക്കുകയും, രോഗി ഓർമ്മയില്ലാതെ "പേയും പിച്ചും" പറയുകയും ചെയ്യും. ഈ സമയത്താണു രോഗിയുടെ സ്ഥിതി ഏററവും (Serious) ദുർഘടഘട്ടത്തിലെത്തുന്നതു്. ഇങ്ങനെ ഓർമ്മയില്ലാതെ കിടക്കുന്ന സമയത്താണു് രോഗിയുടെ ബന്ധുക്കളും എന്നുതന്നെയല്ല, നേഴ്സും, ഡോക്ടരും ഭയപ്പെടുന്നതു്. ഈ ഘട്ടത്തിലാണു് കുടൽ പൊട്ടി രക്തം വിസർജ്ജിക്കുകയോ, കുടലിനു ദ്വാരമുണ്ടായി രോഗി മരിക്കുകയോ ചെയ്യുന്നതു്. ജ്വരപ്പനി പിടിപെടാതിരിക്കുവാൻ സൂക്ഷിക്കണം. ജ്വരപ്പനി ഉണ്ടാവാതെ ഇരിക്കുവാൻ ഏററവും നല്ലമാർഗ്ഗം കുത്തിവെപ്പാണു്. കൊല്ലംതോറും T. A. B. Vaccine കുത്തിവച്ചാൽ ജ്വരപ്പനി ഉണ്ടാകുകയില്ല. ഈ കുത്തിവെപ്പുകൊണ്ടു രോഗാണുക്കളെ അല്പാല്പമായി ശരീരത്തിൽ വ്യാപിപ്പിക്കുകയും അതുകൊണ്ടു് ശരീരത്തിനു് രോഗത്തോടു പൊരുതുവാൻ ഒരു പ്രത്യേക ശക്തി ലഭിക്കുകയുമാണു് ചെയ്യുന്നതു്. ജ്വരപ്പനി ഒരുപ്രാവശ്യം ഉണ്ടായാൽ പിന്നിടയാൾക്കുണ്ടാകയില്ല. ഒരിക്കൽ ജ്വരം ബാധിച്ച ശരീരത്തിനു രോഗാണുക്കൾ വീണ്ടും പകരുവാനിടയായാൽ അവയെ ബലഹീനമാക്കുവാനുള്ള ശക്തിയുണ്ടു്. ജ്വരപ്പനി പിടിപെട്ടാൽ സൂക്ഷിക്കേണ്ട കാര്യങ്ങളും അറിഞ്ഞിരിക്കേണ്ടതാണു്.

ജ്വരപ്പനി ഒരു വീട്ടിലുണ്ടെങ്കിൽ രോഗി ഒഴികെ മറെറല്ലാവരും കുത്തിവയ്ക്കേണ്ടതു് വളരെ അത്യാവശ്യമാണു്. ആ വീടിന്റെ പരിസരങ്ങളിൽ താമസിക്കുന്നവരും കുത്തിവെപ്പിക്കണം.

രോഗിയെ ചികിത്സിപ്പിക്കുവാൻ ഒരു ഡോക്ടരുടെ ഉപദേശം അന്വേഷിക്കണം. ചികിത്സയിൽ പ്രധാനമായതു ശുശ്രൂഷ (nursing) യാണു്. ഒരു രോഗി സുഖം പ്രാപിക്കുന്നതു ആ രോഗിക്കു ചെയ്യുന്ന ശുശ്രൂഷയുടെ തോതനുസരിച്ചിരിക്കും. മററുള്ള പനികളെക്കാൾ കൂടുതൽ ജാഗ്രതയും അറിവും ഈ പനിക്കാരെ ശുശ്രൂഷിക്കുന്നവർക്കുണ്ടായിരിക്കണം. ഇതുകൊണ്ടു സാധുക്കൾക്കു് ആശുപത്രിയിലായിരിക്കും സൗകര്യം. പണച്ചെലവു കുറയും, ശുശ്രൂഷിക്കുവാൻ ആളുണ്ടു്. എല്ലാ ദിവസവും ഒരു ഡോക്ടർ ആ രോഗിയെ കാണും. വീട്ടിൽ കിടത്തി ജ്വരപ്പനിയുള്ളവരെ ചികിത്സിക്കുകയാണെങ്കിൽ രോഗിയെ ശുശ്രൂഷിക്കുന്നതിനും രോഗിയുടെ മലമൂത്രവിസർജ്ജനങ്ങളിലെ അണുക്കളെ കൊല്ലുന്നതിനും, രോഗി ഉപയോഗിക്കുന്ന പാത്രങ്ങൾ, വസ്ത്രങ്ങൾ എന്നിവ മററാരും ഉപയോഗിക്കാതിരിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യണം.

രോഗത്തിൽനിന്നു രക്ഷപ്രാപിച്ചാൽ തന്നെയും കുറച്ചു നാളത്തേക്കു അയാളുടെ മലത്തിൽ രോഗബീജങ്ങളുണ്ടാവും എന്നു പറഞ്ഞുവല്ലോ. അതുകൊണ്ടു പനി മാറിയ ഉടനെ നടക്കുകയോ ശരീരം അനക്കുകയോ ചെയ്താൽ അയാൾക്കു് രണ്ടാമതും പനി ഉണ്ടാകും.

---

ഇടദിവസങ്ങളിലും

## സായാഹ്നപൂജ

ഹംഗറിയിൽ മദ്ധ്യാഹ്നത്തിനുശേഷവും സായാഹ്നത്തിലും ദിവ്യബലി അർപ്പിക്കുവാൻ പരിശുദ്ധപിതാവു അനുവദിച്ചിരിക്കുന്നു. മുമ്പു് ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും മാത്രമേ അപ്രകാരം ചെയ്യുന്നതിനു അനുവാദമുണ്ടായിരുന്നുള്ളു. ഇപ്പോൾ ഇടദിവസങ്ങളിൽപ്പോലും പ്രസ്തുതാനുവാദം ഉണ്ടായിരിക്കുന്നതാണു്.

മതമർദ്ദകന്റെ വംശജൻ

## പുരോഹിതനായി

പശ്ചിമാഫ്രിക്കയിൽവച്ചു് ഈയിടെ പുരോഹിതപട്ടം സ്വീകരിച്ച ഫാദർ ബെർണാർഡ് അട്ടക്പാ, 1868-ൽ ആദ്യമായി ടോഗോയിൽ കാലുകുത്തിയ രണ്ടു മിഷനറിമാരെ വധിപ്പിച്ച നേതാവിന്റെ വംശജനാണു്. ജനങ്ങൾ ഒരു കാസ നവപുരോഹിതനു പാരിതോഷികമായി നല്കുകയുണ്ടായി.

## ഗ്ലാസ്ഗൊ സർവ്വകലാശാല

കത്തോലിക്കരുടേതായിരുന്നു

സ്കോട്ട്ലൻറിലെ ഗ്ലാസ്ഗൊ സർവ്വകലാശാല സ്ഥാപിതമായിട്ടു് ഇപ്പോൾ 500വർഷം തികഞ്ഞിരിക്കുന്നു. തത്സംബന്ധമായ ജൂബിലി ആഘോഷിച്ച അവസരത്തിൽ പ്രസ്തുത സർവ്വകലാശാലയിലെ കത്തോലിക്കാ വിദ്യാർത്ഥികൾ, 5-ാം നിക്കളോസ് മാർപ്പാപ്പയുടേയും ബിഷപ്പ് വില്യം ടേൺബുള്ളിന്റേയും സ്ഥാനചിഹ്നങ്ങൾ വഹിച്ചുകൊണ്ടു് ഗ്ലാസ്ഗോയിലെ തെരുവുകളിൽക്കൂടി ഒരു ഘോഷയാത്ര നടത്തുകയുണ്ടായി. മേല്പറഞ്ഞ മാർപ്പാപ്പായും മെത്രാനുമാണു് യഥാക്രമം സർവ്വകലാശാല സ്ഥാപിക്കാനുള്ള ബൂള നല്കുകയും സർവ്വകലാശാല പണികഴിപ്പിക്കയും ചെയ്തതു്. സർവ്വകലാശാലയുടെ ആരംഭകാലത്തു അതിന്റെ നടത്തിപ്പിൽ ഡൊമിനിക്കൻ, ഫ്രാൻസിസ്കൻ എന്നീ സന്യാസസഭകളിലെ അംഗങ്ങൾ കാര്യക്ഷമമായ പങ്കു വഹിച്ചിട്ടുണ്ടു്. അനന്തരമാണു് സർവ്വകലാശാല പ്രോട്ടസ്റ്റൻറു് നവീകരണത്തിന്റെ അടിയൊഴുക്കിൽപ്പെട്ടതും അതിന്റെ ഭരവാഹിത്വം കത്തോലിക്കേതരരുടെ കരങ്ങളിൽ ചെന്നു പതിച്ചതും. ഇപ്പോൾ 700-ഓളം കത്തോലിക്കാ വിദ്യാർത്ഥികൾ അവിടെ അദ്ധ്യയനം ചെയ്തുവരുന്നു.

## ഗിരിപ്രഭാഷണം

മാർഗ്ഗദീപമായിരിക്കട്ടെ

ഇററലിയിലെ പ്രധാനമന്ത്രിയായ സിഞ്ഞോർ ഗാസ്പെരി സ്വപാർട്ടിയംഗങ്ങൾക്കു മാർഗ്ഗദീപമായി ചൂണ്ടിക്കാണിച്ചിരിക്കുന്നതു് ക്രിസ്തുവിന്റെ ഗിരിപ്രഭാഷണമാണു്. ക്രിസ്ത്യൻ ഡെമോക്രാററു് സംഘത്തിന്റെ നാഷണൽ കോൺഗ്രസ്സിൽ അദ്ധ്യക്ഷതവഹിച്ചുകൊണ്ടു് അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചു: "സുവിശേഷത്തിലെ മൗലികതത്വം സമാധാനമാകുന്നു. സമാധാനശീലർ ഭാഗ്യവാന്മാർ, എന്തുകൊണ്ടെന്നാൽ അവർ ദൈവമക്കൾ എന്നു വിളിക്കപ്പെടും. സമാധാനശീലർ എന്നു പറഞ്ഞിരിക്കുന്നതു സമാധാനത്തിനുവേണ്ടി പ്രവർത്തിക്കുന്നവരെ, ദൈവത്തിന്റെ കൃപയാൽ പ്രേരിതരായി സമാധാനത്തിൽ വർത്തിക്കുകയും ആ സമാധാനത്തെ മററുള്ളവരിലേക്കും വ്യാപിപ്പിക്കുകയും ചെയ്യുന്നവരെ, ഉദ്ദേശിച്ചാണു്. അവർ ദൈവസുതർ എന്ന നാമത്തിനു തികച്ചും അർഹരാകുന്നു. ആകയാൽ ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം സമാധാനം എന്നു പറയുന്നതു യുദ്ധസംരംഭങ്ങളുടെ അഭാവത്തെ മാത്രമല്ല കുറിക്കുന്നതു്, പ്രത്യുത സാർവ്വദേശിയൈക്യത്തെയും അന്താരാഷ്ട്ര സഹകരണത്തെയും, ജനപദങ്ങളുടെ സ്വതന്ത്രമായ ആശയവിനിമയത്തെയും പരസ്പരധാരണയേയും അതു അർത്ഥമാക്കുന്നുണ്ടു്. താദൃശമായ ഒരു ചൈതന്യമില്ലാത്തിടത്തോളംകാലം സമാധാനം സുസ്ഥിരമായിരിക്കുകയില്ല; സമരഹേതുക്കൾ നിലനില്ക്കുകയും ചെയ്യും." പുരാതന റോമയും ആധുനികകാലത്തെ ഫഷിസ്റ്റു്, കമ്മ്യൂണിസ്റ്റു രാഷ്ട്രങ്ങളും സമരത്തെ വാഴ്ത്തിയിട്ടുണ്ടെന്നും ആ ആദർശത്തിനു കടകവിരുദ്ധമാണു് ഗിരിപ്രഭാഷണത്തിലെ സമാധാനസന്ദേശമെന്നും പ്രസംഗകൻ യുക്തിയുക്തം സമർത്ഥിക്കുകയുണ്ടായി.

## സംഗീതമണി

(വിദ്വാൻ, ജോസഫ് പള്ളിപ്പാടൻ ഇടപ്പള്ളി)

(നതോന്നത)

പേരാളിടുമെണ്ണാകുളം നഗരമനുദിനവും
നിരുപമ നാദാനന്ദ സുധാധാരയിൽ
മുഴക്കിടുമൊരു നവ വിചിത്ര മണികളിന്നു-
മുഴങ്ങുന്നു, ഭക്തിഗാനമിളിതമായി.
എണ്ണാകുളമതിമെത്രാസന ദൈവാലയമതിൻ-
വണ്ണഭംഗിയേറും തുംഗമണിസൗധത്തിൽ
വിലസിയങ്ങതുല്യമാം ദിവ്യകർമ്മസന്ദേശങ്ങൾ
നലമോടിമ്മണികളങ്ങയച്ചിടുന്നു.
"ദോ-റേ-മീ-ഫാ-സോ-ളാ-സീ-ദോ"-യെന്നീ സ്വരഭേദങ്ങള-
ങ്ങാരോഹണാവരോഹണക്രമരീതിയിൽ
സമ്മിളിതമാകുമഷ്ടമണിയിതുവേണംപോലെ
സമ്മോദസങ്കീർത്തനങ്ങൾ പാടുകയാവാം!



ശ്രുതിഗുണാമൃതമെങ്ങും പകർത്തിടുമിതിന്നെഴും
പുതിയ മണിമാളികയതിൻ മുൻപിലായ്,
സവിനയം വിലസിടും വൻകായൽത്തന്നലകളാം-
പൂവൽക്കരം കൊണ്ടതിന്നു താളംപിടിപ്പൂ!
ഗാനമിതിൻ മാറെറാലിയാൽ നഗരവും, നഗരത്തിൻ-
മാനനീയ ഭംഗിയാലി നാദഗീതവും
പരിമോടുവിളങ്ങുന്നു, നൂതനമിപ്പാവനമാം-
വരസ്വരരാഗമേളം സർവ്വകീർത്തിതം
ഇദംപ്രഥമമായിതിൻ മംഗളാവിർഭാവത്തിന്നായ്-
മേദുരശ്രമങ്ങളാന്ന മഹാത്മാവിന്നായ്,
"മഹാമതി വന്ദനീയ വികാരി "ചിറമ്മൽ", ത്താത-
നിഹ വിജയിച്ചിടേണം യശസ്വിയായി"
എന്നിങ്ങനെ, "ദോ-റേ-മീ-ഫാ-സോ-ളാ-സീ-ദോ"-സ്വരങ്ങളാ-
ലിന്നുമിവ നേർന്നിടുന്നിതാശംസ, മുദാ.

(എറണാകുളം മെത്രാപ്പോലീത്താ തിരുമേനി മണികൾ ആഘോഷപൂർവ്വം ആശീർവ്വദിച്ച അവസരത്തിൽ എടുത്ത ഫോട്ടോയാണു മുകളിൽ കൊടുത്തിരിക്കുന്നതു്.)

ഫ്രഞ്ചുകത്തോലിക്കരും

## റോട്ടറിയും

"ഫ്രഞ്ചുകത്തോലിക്കർക്കു റോട്ടറിക്ലബിൽ അംഗത്വം തുടരാവുന്നതാണു്; അവർ തുടരേണ്ടതുമാണു്" എന്നത്രെ പാരീസിലെ മെത്രാപ്പോലീത്തായായ മോൺ. ഫെൽട്ടിൻ പ്രസ്താവിച്ചതു്. ഹോളിഓഫീസ് തിരുസ്സംഘത്തിന്റെ ഡിക്രിയെ അധികരിച്ചു് തിരുമേനി ഇപ്രകാരം പ്രസ്താവിച്ചു: "സ്പാനിഷ്, ഡച്ചു്, മെക്സിക്കൻ എന്നീ സഭകളുടെ അപേക്ഷപ്രകാരമാണു് അത്തരമൊരു നടപടി സ്വീകരിച്ചതു്. കാരണം, ആ രാജ്യങ്ങളിൽ റോട്ടറി ഫ്രീമേസന്മാരുടെ പിടിയിലിരിക്കുകയും ഒരു രഹസ്യസംഘമായി പരിഗണിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ ഫ്രാൻസിലെ സ്ഥിതി ഇതല്ല. കത്തോലിക്കരെല്ലാം റോട്ടറിയിൽനിന്നു പിന്മാറുകയാണെങ്കിൽ, അതിനെ ഒരുതരം ഫ്രീമേസൻ സംഘമായി രൂപാന്തരപ്പെടുത്തുവാൻ ഇച്ഛിക്കുന്നവർക്കു് അവരതിനെ ഏല്പിച്ചുകൊടുക്കുകയായിരിക്കും ചെയ്യുന്നതു്."


# പ്രവർത്തനം അവസാനിപ്പിക്കുന്നതിനുള്ള വില്പന

**കത്തോലിക്ക മതപരമായ എല്ലാ ഭക്തസാമാനങ്ങളും പുസ്തകങ്ങളും**

മൊത്തമായോ ചില്ലറയായോ, അലമാരി മുതലായ ഉപകരണങ്ങളോടുകൂടി വില്പനയ്ക്കു തയ്യാർ

ഫാത്തിമാസ്റ്റോഴ്സ്, മാന്നാനം

സത്യദീപം

പത്രാധിപന്മാർ


വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി


റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ. ഡി., ഡി.

Vol. 24 ‖ ERNAKULAM, MARCH 14, 1951 ‖ No 29

# തിരുനാൾമംഗളം







വി. യൗസേപ്പപിതാവിൻെറ മരണത്തിരുനാളായ അടുത്ത തിങ്കളാഴ്ച കേരളത്തിലെ അഭിവന്ദ്യരായ മൂന്നു വൈദികാദ്ധ്യക്ഷന്മാരുടെ നാമഹേതുകദിനമാണ്. വരാപ്പുഴ മെത്രാപ്പോലീത്താ ദി മോസ്റ്റ് റവ. ഡോക്ടർ ജോസഫ് അട്ടിപ്പേററി, തിരുവല്ലാമെത്രാൻ റൈററ് റവ. മാർ സെവേരിയോസ്, കൊച്ചി മെത്രാൻ റൈററ് റവ. ഡോക്ടർ ജോസ് അൽവർണസ് എന്നീ മൂന്നു തിരുമേനിമാർ കേരളീയ കത്തോലിക്കരുടെയെല്ലാം ആരാധ്യപുരുഷരും വിവിധ നിലകളിൽ പ്രശസ്തരുമാണ്. സഭയ്ക്കും സമുദായത്തിനും അവരോടുള്ള കടപ്പാടും നിസ്സീമമാണ്. മൂന്നു തിരുമേനിമാരും സത്യദീപത്തെ പൈതൃകമായ വാത്സല്യത്തോടെ പരിരക്ഷിച്ചുവരുന്നുവെന്നതും പ്രസ്താവ്യമത്രെ. സത്യദീപം തിരുമേനിമാരുടെ നേർക്കുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നതിനു് ഈ അവസരം വിനിയോഗിക്കയും തിരുമേനിമാർക്കു സകലവിധമംഗളങ്ങളുമാശംസിക്കയും ചെയ്തുകൊള്ളുന്നു.

# ചെക്കോസ്ലോവാക്കിയായിൽ കമ്മ്യൂണിസ്റ്റ് ശുദ്ധീകരണം

1947 വരെ യൂറോപ്പിലെ ഏററവും ഐശ്വര്യവാന്മാരായ ജനത ചെക്കോസ്ലോവാക്കിയായിലായിരുന്നു. കഠിന പ്രയത്നംകൊണ്ടും യൂറോപ്പിൽ മറെറവിടെയുംകാൾ മെച്ചമായ ജീവിതനിലവാരമാണ് അവർ പ്രാപിച്ചിരുന്നതു്. റേഷനിംഗ് സിസ്റ്റം നിഷ്കർഷമായിരുന്നു. എല്ലാവർക്കും വേണ്ടിടത്തോളം ഭക്ഷണവും പഴങ്ങളും പച്ചക്കറികളും ടിക്കററു കൂടാതെയാണു കിട്ടിയിരുന്നതു്. രാജ്യം പുനരുദ്ധാരണത്തിൻെറ വഴിയിലെത്തി. രാഷ്ട്രീയജീവിതം നിർബാധവുമായിരുന്നു. കമ്മ്യൂണിസവും ക്യാപ്പിററലിസവും തോളോടുതോൾചേന്നു പ്രവത്തിച്ചു. കമ്മ്യൂണിസ്റ്റുകാർ ഡെമൊക്രാററുകളെപ്പോലെ പെരുമാറി. പ്രസ്സിനു സ്വാതന്ത്ര്യം ഉണ്ടായിരുന്നു. കമ്മ്യൂണിസ്റ്റുകാരെ മററു മൂന്നു കക്ഷികളും ഒതുക്കിവച്ചിരുന്നതുപോലെ തോന്നി. കമ്മ്യൂണിസം ആ നാട്ടിൽ ആധിപത്യം ഉറപ്പിക്കുകയില്ലെന്നായിരുന്നു ജനങ്ങളുടെ വിശ്വാസം.

1940-ലെ വേനൽക്കാലം ദുസ്സഹമായി. ഉണക്കു ശക്തിയായിരുന്നതിനാൽ വിളവു മോശമായിരുന്നു. ഭക്ഷണപ്രശ്നം രൂക്ഷമായി. അമേരിക്കയിൽനിന്നു യൂറോപ്യൻ രാജ്യങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടി നല്കപ്പെട്ട മാർഷൽപ്ലാൻ സഹായം വാങ്ങണമെന്നു മററുകക്ഷികൾ വാദിച്ചു. കമ്മ്യൂണിസ്റ്റ് കക്ഷി സമ്മതിച്ചില്ല. മററുകക്ഷികൾ അയഞ്ഞുകൊടുക്കേണ്ടിവന്നു. സോവ്യററ് യൂണിയൻ ധാന്യങ്ങളയച്ചുകൊടുത്തു. കമ്മ്യൂണിസ്റ്റുകാർ അതിൽനിന്നു മുതലെടുക്കുവാൻ തുടങ്ങി. 1947 അവസാനത്തോടുകൂടി കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പിടി മുറുകി. ഇതരപാർട്ടികൾ ദുർബലരായി. സകല പാർട്ടികളുമൾപ്പെട്ട ജനകീയഗവമ്മെൻറാണ് നിലവിലിരുന്നതെങ്കിലും അതിലെ എക്സിക്യൂട്ടിവ് ഡിപ്പാർട്ടുമെൻറുകളിലെല്ലാം, പോലീസിലും സൈന്യത്തിലും മററു ഭരണവകുപ്പുകളിലും, കമ്മ്യൂണിസ്റ്റുകാർ നുഴഞ്ഞുകയറിയിരുന്നു. അവസരോചിതം റിട്ടയർചെയ്യിച്ചും പ്രമോഷൻകൊടുത്തും തരംതാഴ്ത്തിയും അവർ പോലീസിനെ അവരുടെ ആയുധമായി രൂപീകരിച്ചു. സൈന്യത്തിൻെറ മേധാവിത്വം പാർട്ടിയിൽ പെടാത്ത ഒരാളെ അവർ ഏല്പിച്ചെങ്കിലും അയാൾ നിശ്ചിതതിയതിയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേന്നു. അനന്തരം അവർ പിൻതിരിപ്പന്മാരുടെ ഒരു ഗൂഢാലോചന കണ്ടുപിടിക്കുകയും അക്കാരണംപറഞ്ഞു് ഒററടിക്കു അധികാരം പിടിച്ചെടുക്കുകയുംചെയ്തു. റൊമേനിയായിൽ 7 മാസംകൊണ്ടും, ഹങ്കറിയിൽ 5 മാസംകൊണ്ടും, ബൾഗേറിയായിൽ 4 മാസംകൊണ്ടും കമ്മ്യൂണിസ്റ്റുകാർ സാധിച്ചതു് ചെക്കോസ്ലോവാക്കിയായിൽ കഷ്ടിച്ചു് ഒരാഴ്ചകൊണ്ടു് അവർ സാധിച്ചു. പ്രജായത്തരാജ്യമെന്നു പ്രഖ്യാതമായിരുന്ന ചെക്കോസ്ലോവാക്കിയാ സോവ്യററു റഷ്യയുടെ പിടിയിലമന്നു് കമ്മ്യൂണിസ്റ്റ് രാജ്യമായി. അന്നുമുതൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സേച്ഛാധിപത്യം അവിടെ നടമാടുവാൻ തുടങ്ങി.

### ശുദ്ധിപ്രസ്ഥാനം

കമ്മ്യൂണിസം അധികാരംപിടിച്ചെടുത്താൽ പിന്നെ ആ പാർട്ടിക്കല്ലാതെ മററു പാർട്ടികൾക്കൊന്നിനും സ്ഥാനമില്ലെന്നു പ്രസിദ്ധമാണല്ലൊ. കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ സ്വാതന്ത്ര്യമെന്നുപറഞ്ഞാൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെഹിതാഹിതങ്ങൾക്കു വിധേയമായിരിക്കുക എന്നാണർത്ഥം. വിധേയമാകാത്ത ഗണങ്ങൾക്കും വ്യക്തികൾക്കും അവിടെ ജീവിക്കുക തന്നെ സാദ്ധ്യമല്ല. അങ്ങനെയുള്ളവരെ രാജ്യരക്ഷയ്ക്കെതിരായ ഓരോതരം പാതകങ്ങൾ ചെയ്തവരായി കുററം ചുമത്തി അഭിനയത്തിനു മാത്രമായി ചില വിചാരണകൾ നടത്തുകയും തദനന്തരം അവർക്കു തടവുശിക്ഷയോ വധശിക്ഷയോ നൽകുകയുമാണു പതിവു്. പാർട്ടിയിലുള്ളവരെത്തന്നെയും ഈ ശുദ്ധീകരണപ്രസ്ഥാനത്തിനു വിധേയരാക്കും. ഇതിനൊന്നാംതരം മാതൃക സോവ്യററ് റഷ്യയിൽ സ്റ്റാലിൻതന്നെ കാണിച്ചുകൊടുത്തിട്ടുണ്ടു്. 1937-ൽ ചെമ്പടയിൽ നടത്തിയ ശുദ്ധികർമ്മം ഇതിനുദാഹരണമാണ്. 5 മാഷൽമാരിൽ മൂന്നുപേർ; യുദ്ധവകുപ്പിലെ വൈസ് കമ്മീസാറന്മാരിൽ 11 പേർ; ഹൈക്കമാൻറിലെ പലരേയും വിചാരണചെയ്തു ശിക്ഷിച്ച സൈനികകോടതിയിലെ അംഗങ്ങളെന്നു പ്രസിദ്ധരായിരുന്ന 8 ജനറൽമാരിൽ 6 പേർ; ചെമ്പടയിലെ പരമാധികാരസൈനികകൗൺസിലിലെ, ജനറൽമാരും അഡ്മിറൽമാരുമായിരുന്ന, 80 അംഗങ്ങളിൽ 75 പേർ; ആകെയുള്ള ജനറൽമാരിൽ 90 ശതമാനം പേർ; ആകെയുള്ള കേണൽമാരിൽ 80 ശതമാനം പേർ; താഴ്ന്ന ഉദ്യോഗസ്ഥന്മാരിൽ ഏകദേശം 30,000 പേർ—ഇവരെല്ലാം ശുദ്ധികർമ്മത്തിനു വിധേയരാക്കപ്പെട്ടു. ചുരുക്കിപ്പറഞ്ഞാൽ സ്റ്റാലിൻെറ ഉത്തരവിൻപ്രകാരം അന്നു നടത്തപ്പെട്ട പൊതുവായ ശുദ്ധികർമ്മത്തിൽ 10 ലക്ഷത്തോളം സിവിലിയന്മാർ കാരാഗൃഹത്തിലടയ്ക്കപ്പെട്ടു. 3 ലക്ഷം വധിക്കപ്പെട്ടു. നാടുകടത്തി നിർബന്ധവേലയ്ക്കു നിയമിക്കപ്പെട്ടവരുടേയും തടങ്കൽക്യാമ്പുകളിൽ പാർപ്പിക്കപ്പെട്ടവരുടേയും സംഖ്യ വേറൊരു 100 ലക്ഷത്തോളം വരും.

റഷ്യയിലെ ഈ ശുദ്ധികർമ്മപ്രസ്ഥാനത്തെ അപലപിച്ചു് അന്നു് ഇംഗ്ലണ്ടിലെ പല പത്രങ്ങളും എഴുതുകയുണ്ടായി. അവയിൽ തൊഴിലാളിപത്രമായ ഡെയിലി ഹെറൽഡ് എഴുതിയിരുന്നതിങ്ങനെയാണ്: "തങ്ങളുടെ പുതിയ ഭരണഘടന പ്രജായത്തഭരണാദർശത്തോടു പരിപൂർണ്ണമായി യോജിക്കുന്ന ഒന്നാണെന്നും, എല്ലാ പൗരന്മാർക്കും സമാനമായ അവകാശങ്ങളുണ്ടെന്നും, ഭരണഘടന അവരുടെ പ്രജായത്തപരമായ സ്വാതന്ത്ര്യത്തെ പ്രഖ്യാപനം ചെയ്യുകമാത്രമല്ല അതിനെ നിയമമാർഗ്ഗേണ സുരക്ഷിതമാക്കുകയും ചെയ്തിട്ടുണ്ടെന്നും സ്റ്റാലിൻ ചെയ്ത പ്രസ്താവം നമ്മിൽ ദുഃഖത്തെയാണുളവാക്കുന്നതു്. എന്തുകൊണ്ടെന്നാൽ ഈ വാക്കുകൾ ഉച്ചരിക്കപ്പെട്ടതിനുശേഷം മറെറാരു രാജ്യത്തുമുണ്ടായിട്ടില്ലാത്തവിധം അത്ര അധികമായിട്ടാണ് സോവ്യററ് യൂണിയനിൽ ഗവമ്മെൻറ് വധശിക്ഷനടത്തുകയും രാഷ്ട്രീയ കുററക്കാരെ തടവിലിടുകയും ഉദ്യോഗസ്ഥന്മാരെ പിരിച്ചുവിടുകയും തരംതാഴ്ത്തുകയും ചെയ്തതു്. ലെനിൻെറ മരണകാലത്തു് കമ്മ്യൂണിസ്റ്റ് കക്ഷിയുടെ സുപ്രിംകമ്മിററിയിലെ അംഗങ്ങളായിരുന്നവരിൽ സ്റ്റാലിൻ ഒഴിച്ചു മറെറല്ലാവരേയും സോവ്യററ് ഗവമ്മെൻറ് വെടിവച്ചുകൊല്ലുകയോ നാടുകടത്തുകയോ തടവിലിടുകയോ ചെയ്തിട്ടുണ്ടു്. ഗവമ്മെൻറിൻെറ ഔദ്യോഗികവ്യാഖ്യാനം സ്വീകരിക്കുന്ന പക്ഷം, പഴയബോൾഷെവിക് നേതാക്കന്മാരുൾപ്പെടെ വളരെയധികം കമ്മ്യൂണിസ്റ്റുകാർ ജമ്മനിയിൽനിന്നും ജപ്പാനിൽനിന്നും കൈക്കൂലി വാങ്ങുകയും അതിനു പ്രതിഫലമായി ഫാസിസ്റ്റുകാർക്കു സോവ്യററു യൂണിയനെ ഒററിക്കൊടുക്കുകയും ചെയ്തുവെന്നു് നാം വിശ്വസിക്കേണ്ടിവരും. ഇങ്ങനെയുള്ള സംഭവങ്ങളാണ് 20 വർഷത്തെ കമ്മ്യൂണിസ്റ്റ് ഭരണംകൊണ്ടു് കമ്മ്യൂണിസ്റ്റ് നേതാക്കന്മാരിൽ യഥാർത്ഥത്തിലുണ്ടായ ഫലമെങ്കിൽ, സ്വാതന്ത്ര്യപ്രാപ്തിക്കും സൗഭാഗ്യലബ്ധിക്കും കമ്മ്യൂണിസ്റ്റ് പദ്ധതികളാണ് ശരിയായമാർഗ്ഗമെന്നു് നാം ഇനിയും വിശ്വസിക്കണമോ? സോവ്യററുറഷ്യയുടെ രാഷ്ട്രീയവും സാമുദായികവുമായ സ്ഥിതിഗതികൾ അവിടത്തെ അധികാരിഗണം പ്രസ്താവിക്കുന്നതുപോലെ ഇത്ര വഞ്ചനാഭരിതങ്ങളാണെങ്കിൽ, ഇക്കാലത്തുപോലും അക്രമപ്രയോഗത്തെയാണ് ഗവമ്മെൻറ് ഒന്നാമത്തെ ഉപകരണമായി സ്വീകരിക്കുന്നതെങ്കിൽ, ആ രാജ്യത്തെ സോഷ്യലിസ്റ്റ് രാജ്യമെന്നു് വിളിക്കുന്നവർ ആ പദത്തെ ദുഷ്പ്രയോഗിക്കുകയാണു ചെയ്യുന്നതു്. 20 കൊല്ലത്തെ കമ്മ്യൂണിസ്റ്റ് ഭരണത്തിൻെറ ഫലം ഇത്രവലിയ ദുരനുഭവങ്ങളാണെങ്കിൽ, ആ രാജ്യത്തു സ്വാതന്ത്ര്യമാകട്ടെ പ്രജായത്തഭരണമാകട്ടെ ഇല്ലെന്നും ഇനി ഭരണാധികാരികളായിത്തീരാനിരിക്കുന്നവർ തമ്മിലും ദയാപൂർവ്വകമോ നീതിപരമോ ആയ പെരുമാററങ്ങൾ ഉണ്ടാകുന്നതല്ലെന്നും നാം വിശ്വസിക്കേണ്ടിയിരിക്കുന്നു."

### ചെക്കോസ്ലോവാക്കിയായിലും

ചെക്കോസ്ലോവാക്കിയായിലെ ആകെ ജനസംഖ്യ 12,338,000 ആണ്. ഇവരിൽ കത്തോലിക്കർ 10,988,300 വരും. ഇത്രയധികം കത്തോലിക്കരുള്ള ആ രാജ്യത്തു് കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരം പിടിച്ചെടുത്തതിനുശേഷം കത്തോലിക്കാസഭയ്ക്കെതിരായ പീഡനനടപടികൾ അനുസ്യൂതം സ്വീകരിച്ചുപോന്നു. സ്വദേശവകുപ്പുവിഭാഗത്തിൽ മതസഭാകാര്യങ്ങളുടെ മേലധികാരം വഹിക്കുന്ന മന്ത്രി കഴിഞ്ഞയുദ്ധകാലത്തു മോസ്കോയിൽ ചെക്കുഗവമ്മെൻറിൻെറ സ്ഥാനപതിയായിരുന്ന ഫിയർലിംഗർ ആണ്. അന്നുമുതൽക്കേ സ്വരാജ്യം കമ്മ്യൂണിസ്റ്റാധിപത്യത്തിനു കീഴ്പ്പെടുത്തുവാൻ സ്റ്റാലിനുമായി അദ്ദേഹം രഹസ്യത്തിൽ ആലോചനകൾ നടത്തിയിരുന്നു. ചെക്കോസ്ലോവാക്കിയായിലെ പ്രജായത്തഗവമ്മെൻറിനെ തകിടംമറിച്ചു് കമ്മ്യൂണിസ്റ്റ് ഭരണം ഏർപ്പെടുത്തുവാൻ ശ്രമിച്ച ദുഷ്ടന്മാരിൽ ഒരാൾ ഇദ്ദേഹമായിരുന്നു. തിരുസ്സഭയ്ക്കെതിരായുള്ള സമരത്തിൻെറ പരിപാടി ഇദ്ദേഹം രഹസ്യമായി പ്രഖ്യാപിച്ചതിങ്ങനെയാണ്: "നമ്മുടെ പ്രഥമലക്ഷ്യം മതത്തെ ഉടനടി തകർക്കുവാനല്ല. തല്ക്കാലത്തേക്കു നാം ചെയ്യേണ്ടതു് നമ്മുടെ ഉദ്ദേശങ്ങൾക്കു പററിയ ഉപകരണമായിത്തീരുവാൻ തക്കവണ്ണം ക്രൈസ്തവസഭയെ രൂപാന്തരപ്പെടുത്തുകയാണ്. അതേസമയംതന്നെ നീണ്ടു ജീവിക്കുവാൻ ഇടയാക്കുന്ന അതിൻെറ ശക്തി നാം എടുത്തുകളയണം. ആദ്യമായി സഭയുടെ ഭരണഘടനാപരവും നിയമപരവുമായ സംഘടനയെ നാം ദുർബലപ്പെടുത്തണം; മെത്രാന്മാരുടെ സ്വാധീനശക്തി ഇല്ലാതാക്കണം; സഭയുടെ സാമുദായികമായ പ്രാധാന്യം ക്രമേണ തകർക്കുവാൻ തക്ക ശക്തികൾ സഭയിൽ നുഴഞ്ഞുകയറുവാൻ ഇടവരുത്തണം. എന്നുവച്ചാൽ മെത്രാന്മാരും വൈദികരും തമ്മിൽ പരസ്യമായ പിളർപ്പുണ്ടാക്കണം. അതേസമയംതന്നെ ജനങ്ങളെ വൈദികരിൽനിന്നു വേർപെടുത്തണം. ഈ ഒടുവിൽ പറഞ്ഞതാണ് ഏററവും പ്രധാനമായ ജോലി. അതിനു ബുദ്ധിപൂർവ്വകമായ തന്ത്രങ്ങളും നിരന്തരമായ പ്രവത്തനങ്ങളും ആവശ്യമാണ്."

ഈ തന്ത്രമനുസരിച്ചു മെത്രാന്മാരിലും വൈദികന്മാരിലും രാഷ്ട്രീയവും ധാർമ്മികവുമായ അനേകം കുററങ്ങൾ ഗവമ്മെൻറ് ആരോപിക്കുകയും കേവലം വേഷത്തിനുമാത്രമുള്ള വിചാരണകൾ നടത്തുകയും അവരെക്കൊണ്ടു് കുററം ഏററുപറയിപ്പിക്കുകയും ചെയ്യുന്നു. ചെക്കോസ്ലോവാക്കിയായിലെ ഈ മതപീഡനത്തിൻെറ ഇപ്പോഴത്തെ സ്ഥിതി എൻ. സി. ഡബ്ളിയു സി. ന്യൂസ് സർവ്വീസിൻെറ ഒരു ലേഖകൻ ചിത്രീകരിച്ചിരിക്കുന്നതിങ്ങനെയാണ്: "സ്ലോവാക്കിയായിലെ കത്തോലിക്കാ ജനസംഖ്യയിൽ 10 ശതമാനത്തിലധികം കഴിഞ്ഞ 4 വർഷങ്ങൾക്കിടയിൽ കാരാഗൃഹത്തിലേക്കയക്കപ്പെട്ടു. കമ്മ്യൂണിസ്റ്റ് ഭരണത്തിൽ കാരാഗൃഹവാസമെന്നുപറഞ്ഞാൽ മിക്കവാറും എല്ലാപ്പോഴും മൃഗീയമായ ദണ്ഡനമെന്നാണർത്ഥം. പലപ്പോഴും യു. എസ്. എസ്. ആറിലേക്കുള്ള നാടുകടത്തലുമായിരിക്കും. ഏററവും ക്രൂരമായ ഈ പീഡനത്തിൽനിന്നു യാതൊരുവർഗ്ഗത്തിലും ജീവിതവൃത്തിയിലും പ്രായത്തിലും സ്ത്രീപും വ്യത്യാസത്തിലുമുള്ളവർ ഒഴിവാക്കപ്പെടുന്നില്ല. വൈദികനും കന്യാസ്ത്രീയും, വിദ്യാർത്ഥിയും കർഷകനും, ബുദ്ധിജീവിയും തൊഴിലാളിയും, ഇതിനു വിധേയരാണ്. നിരീശ്വരന്മാരായ ഭരണകർത്താക്കളുടെ ആജ്ഞയ്ക്കുമേലായി ദൈവനിയമത്തേയും മനസ്സാക്ഷിയുടെ സമാധാനത്തേയും വിലവയ്ക്കുന്ന ഓരോ സ്ലോവാക്കിയാക്കാരനും ഭയങ്കരങ്ങളായ ദുഃഖദുരിതങ്ങൾ അനുഭവിക്കുവാൻ തയാറായിരിക്കണം."

### കമ്മ്യൂണിസ്റ്റ് പാർട്ടിയിലും

ഈ ശുദ്ധികർമ്മപ്രസ്ഥാനം ചെക്കോസ്ലോവാക്കിയായിലെ കമ്മ്യൂണിസ്റ്റ് പാ

ർട്ടിയിലും ആരംഭംമുതൽ ഇടസ്സീടസ്സ നടത്തിക്കൊണ്ടിരുന്നു. എന്നാൽ ഈയിടെയായി അതിനു ശക്തികൂടിയിരിക്കുകയാണു്. കഴിഞ്ഞ 6 മാസത്തിനുള്ളിൽ അവിടത്തെ കമ്മ്യൂണിസ്റ്റു് പാർട്ടിയിലെ 169544 അംഗങ്ങൾ ബഹിഷ്കരിക്കപ്പെട്ടുവെന്നു ഔദ്യോഗികമായി പ്രസ്താവിച്ചിരിക്കുന്നുവെന്നാണു് റോയിട്ടരുടെ ഫെബ്രുവരി 27-ലെ കമ്പിസന്ദേശത്തിൽ പറയുന്നതു്. മുമ്പിലത്തെ വിദേശകാര്യമന്ത്രി ഡാക്ടർ വ്ളഡിമീർ ക്ലെമെൻറിസു് ഒരു മാസമായി അപ്രത്യക്ഷപ്പെട്ടിരിക്കുകയായിരുന്നു. അദ്ദേഹം പ്രാമാണികന്മാരായ മററനേകം കമ്മ്യൂണിസ്റ്റുകാരോടുകൂടി അറസ്റ്റുചെയ്യപ്പെട്ടിരിക്കുന്നു. ചാരവൃത്തി, വഞ്ചന, സ്ലൊവാക്കിയായിൽ വേറൊരു റിപ്പബ്ലിക് സ്ഥാപിക്കുവാനുള്ള പ്രവർത്തനം എന്നീ കുററങ്ങളാണു അവരിൽ ആരോപിക്കപ്പെട്ടിരിക്കുന്നതു്. ഡോക്ടർ ക്ലെമെൻറിസിനെപ്പററി റിപ്പോർട്ടുചെയ്തിരിക്കുന്നതു് സ്ലൊവാക്കു് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ചെയർമനാണു്. "വഞ്ചനാപരമായ ഗൂഢാലോചനപ്രസ്ഥാനത്തിൽ താൻ സഹകരിച്ചുവെന്നും ഫ്രഞ്ചുരഹസ്യപ്പോലീസിനുവേണ്ടി പ്രവർത്തനങ്ങൾ നടത്തുവാൻ 1939-ൽ താൻ സമ്മതിച്ചുവെന്നും" അദ്ദേഹം ഏററുപറഞ്ഞുവെന്നാണു് ചെയർമൻെറ റിപ്പോർട്ടിൽ കാണിച്ചിരിക്കുന്നതു്. "ഏററവും പ്രധാനപ്പെട്ട കാര്യങ്ങളെക്കുറിച്ചു ഡോക്ടർ ക്ലെമെൻറിസു് ഇമ്പീരിയലിസ്റ്റു് രാജ്യങ്ങളിലെ പ്രതിനിധികൾക്കു് നിയമേന റിപ്പോർട്ടുകളയച്ചിരുന്നുവെന്നും, നമ്മുടെ ഗവമ്മെൻറിൻേറയും പാർട്ടിയുടേയും തീരുമാനങ്ങളും നടപടികളും അവരെ വിവരമായി അറിയിച്ചിരുന്നുവെന്നും അന്വേഷണത്തിൽനിന്നു സ്പഷ്ടമായി തെളിഞ്ഞിട്ടുണ്ടു്." കമ്മ്യൂണിസ്റ്റു റഷ്യയെ ഒരു ചേരിയിലും ക്യാപ്പിററലിസ്റ്റു് അമേരിക്കായെ എതിർചേരിയിലും പെടുത്തി സ്വാതന്ത്ര്യത്തിൻെറ നാമത്തിൽ ആദ്യത്തേതിനെ ആദരിക്കുകയും രണ്ടാമത്തേതിനെ വിരോധിക്കുകയും ചെയ്യുന്ന മനോഭാവമാണു് ഇപ്പോൾ പലയിടത്തും കാണുന്നതു്. സ്റ്റോക്കോം സമാധാനാഭ്യർത്ഥനയ്ക്കു് ഒപ്പുവയ്ക്കുകയും ഒപ്പു ശേഖരിക്കുകയും ചെയ്യുകാണുന്നതു് ഈ മനോഭാവത്തിൻെറ ഒരടയാളംമാത്രമാണു്. മനുഷ്യസ്വാതന്ത്ര്യത്തെ സംബന്ധിച്ചുള്ള കമ്മ്യൂണിസ്റ്റു റഷ്യയുടേയും ക്യാപ്പിററലിസ്റ്റു് അമേരിക്കയുടേയും നീചകൾതമ്മിൽ ആനയും ആടും തമ്മിലുള്ള വ്യത്യാസമുണ്ടെന്ന വസ്തുത നമ്മുടെയിടയിൽത്തന്നെയും ആളുകൾ ഇനിയും അറിയാത്തതിൻെറ കാരണം കമ്മ്യൂണിസ്റ്റുകാരുടെ പ്രചാരണസാമർത്ഥ്യമല്ലാതെ മറെറാന്നുമല്ല. കമ്മ്യൂണിസത്തിനുവേണ്ടിയുള്ള പ്രചാരണം എത്ര സാമർത്ഥ്യത്തോടും കാര്യക്ഷമതയോടുംകൂടി വിപുലമായ തോതിലാണു് ഇന്നാട്ടിലിപ്പോഴും നടന്നുകൊണ്ടിരിക്കുന്നതു്. അതിനെതിരായ പ്രചാരണമാകട്ടെ ദുർബലവും ശുഷ്കവുമായിരിക്കുന്നു. കത്തോലിക്കർപോലും ഇക്കാര്യത്തിൽ ഇനിയും അന്ധരും അലസരുമായി കാണുന്നതു് ഏററവും വിലപനീയംതന്നെ.

## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവർഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവർഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |

വിശുദ്ധൻെറ

## തിരുശേഷിപ്പുകൾ

മാതാവിൻെറ തൃക്കരങ്ങളിൽനിന്നു കമ്മലോത്തരീയം സ്വീകരിക്കുന്നതിനു ഭാഗ്യമുണ്ടായ വി. സൈമൺസ്റ്റോക്കിൻെറ തിരുശേഷിപ്പുകൾ അടുത്ത ജൂലൈമാസത്തിൽ ബോർഡോയിൽനിന്നും കെൻറിൽ അയിൽസ്ഫോഡിലെ കർമ്മലിത്താശ്രമത്തിലേക്കു മാററി സ്ഥാപിക്കുന്നതാണു്. പ്രസ്തുതാശ്രമത്തിൽവച്ചാണു് വിശുദ്ധൻ കർമ്മലസഭയുടെ ഒന്നാമത്തെ ജനറലായി തിരഞ്ഞെടുക്കപ്പെട്ടതു്.

## ഇടവകവാർത്തകൾ

ചിററാട്ടുകര സെൻറു് സെബാസ്റ്റ്യൻസ് സെൻറു് വിൻസെൻറു് ഡി പോൾ സംഘത്തിൻെറ തൃതീയവാർഷികം ഫെബ്രുവരി 18-ാംനു റവ. ഫാ. സിറിയക് ഏലിയാസ് ടി. ഒ. സി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. റവ. ഫാ. ജോസ് കുണ്ടുകുളം തദവസരത്തിൽ ഒരു പ്രസംഗം ചെയ്തു.

—നീലൂർ: കാത്തലിക് മിഷൻ ക്ലബ്ബ്, സൊഡാലിററി, സൺഡേസ്കൂൾ എന്നിവയുടെ സംയുക്തവാർഷികം മാർച്ച് 3-ാംനു പാലാമെത്രാൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ കൊണ്ടാടിയിരിക്കുന്നു. വെരി റവ. ഫാ. ജോൺ കച്ചിറമാററം ഒരു പ്രസംഗം ചെയ്തു.

—മററക്കര: സെൻറു് ജോസഫ്സ് സ്കൂളിൻെറ തൃതീയ വാർഷികം, സാഹിത്യസമാജങ്ങളുടെ വാർഷികം, രക്ഷാകർത്തൃദിനം എന്നിവ പ്രമാണിച്ചു് മാർച്ച് 4-ാംനു വെരി റവ. ഫാ. റൊമയോ തോമസ് സി. ഡി. അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടുകയും തദവസരത്തിൽ മെ. ജയിംസ് കണ്ടത്തിൽ, എം. ഒ. ഔസേപ്പ് എന്നിവർ ഓരോ പ്രസംഗം ചെയ്കയുമുണ്ടായി.

—മാനത്തൂർ: സെൻറു് മേരീസ് സൺഡേസ്കൂൾ, സൊഡാലിററി എന്നിവയുടെ സംയുക്തവാർഷികം മാർച്ച് 4-ാംനു റ



ബഹുമാനപ്പെട്ട അൽഫോൻസാമ്മയുടെ സഹായത്താൽ അനുഗ്രഹങ്ങൾ ലഭിച്ചതിനു കൃതജ്ഞത.

ടി. ടി. വറുതുണ്ണി,
തെരുവിപ്പറമ്പിൽ, പുന്നരുന്തി.

വ. ഫാ. ജേക്കബ് മണ്ണനാൽ അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കുകയുണ്ടായി. മിസ്സ് ബേബി ഐസക് ബി. എ., മി. സി. ജെ. ജോസഫ് ബി. എ. എന്നിവർ പ്രസംഗിച്ചു.

—കരുവന്നൂർ: സെൻറു് ആൻറണീസ് റീഡിംഗ്റൂമിൻെറ വാർഷികം വെരി റവ. ഫാ. ജോസഫ് പുല്ലോക്കാരൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൊണ്ടാടപ്പെട്ടു. റവ. ഫാ. ജേക്കബ് ചെമ്മണൂർ ബി. എ. പ്രസംഗിച്ചു.

—ഒല്ലൂർ: വിൻസെൻറു് ഡി പോൾ സംഘത്തിൻെറ തൃതീയവാർഷികം മാർച്ച് 4-ാംനു റവ. ഫാ. പോൾ കുഴിക്കാട്ടു് ബി. എ. അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. ശ്രീ സി. ജെ. ചിറമ്മൽ ഒരു പ്രസംഗം ചെയ്തു. കഴിഞ്ഞവർഷം സംഘത്തിൽനിന്നും 5510 ത്ൽപ്പരം ക. സാധുക്കൾക്കായി ചെലവാക്കിട്ടുണ്ടെന്നു് റിപ്പോർട്ടിൽ കാണിച്ചിരിക്കുന്നു.

—വിജയപുരം രൂപതയിൽപ്പെട്ട കവലങ്ങാട്ടു് മിഷൻപള്ളിയുടെ ധനശേഖരാർത്ഥം ശ്രീ ജോസഫ് ചിയേടൻ ഒരു കഥാപ്രസംഗം നടത്തിയിരിക്കുന്നു.

—എഴുമററൂർ കത്തോലിക്കാ മിഷൻ പള്ളിയിൽ മാർച്ച് 3-ാംനു നടത്തപ്പെട്ട പ്രസംഗയോഗത്തിൽ റവ. ഫാ. ജേക്കബ് വലിയപറമ്പിൽ, റവ. ഫാ. ഡൊമിനിക് ഒ. സി. ഡി. എന്നിവർ പ്രസംഗിക്കയുണ്ടായി.

—ചാലക്കുടി റെയിൽവെ സ്റ്റേഷനുസമീപം "വൈ. എം. സി. എ. വായനശാല" എന്ന പേരിൽ ഒരു ലൈബ്രറി


## വില്പാൻതയ്യാർ

എറണാകുളം ടൗണിൻെറ വടക്കെ അതിർത്തിയിൽ റെയിൽവേക്കു തൊട്ടു് ഒരു നല്ല ബംഗ്ലാവും തെങ്ങു്, മാവു് മുതലായ ഫലവൃക്ഷങ്ങളുമുള്ളതായ 2 ഏക്കർ 84 സെൻറു് സ്ഥലം വില്പാനുണ്ടു്. കൂടുതൽ വിവരങ്ങൾ മലബാർ മെയിൽ ആപ്പീസിൽ എഴുതി ചോദിച്ചാൽ ലഭിക്കുന്നതാണു്.


റവ. ഫാ. ജേക്കബ് വടക്കൂട്ടു് അവർകൾ ഫെബ്രുവരി 25-ാംനു ഉൽഘാടനം ചെയ്തിരിക്കുന്നു.

—മാറം: ജ്ഞാനധ്യാനാനന്തരം ജൂബിലിദണ്ഡവിമോചനം പ്രാപിക്കുന്നതിനായി ഇടവകയിലെ രണ്ടായിരത്തോളം ജനങ്ങൾ പ്രദക്ഷിണമായി നാലു ദേവാലയങ്ങൾ സന്ദർശിച്ചു് പ്രാർത്ഥന നടത്തിയിരിക്കുന്നു.

—മഹമ്മ: റിട്ടയർഡ് ജഡ്ജി മി. ജേക്കബ് അറയ്ക്കൽ ബി. എ. ബി. എൽ. അവർകളെ സ്ഥലം ബോംസ്റ്റോ കയർ മാനുഫാക്ചറിംഗ് കമ്പനിയുടെ മാനേജിംഗ് ഡയറക്ടറായി നിയമിച്ചിരിക്കുന്നു.

—ചെല്ലാനം: ഓച്ചംതുരുത്തുകാരനായ മി. മടത്തിൽ കിട്ടവൈദ്യൻ 1951 ജനുവരി 29-ാംനു ജ്ഞാനസ്നാനം സ്വീകരിച്ചു് കത്തോലിക്കനായതായറിയുന്നു.


FIXED DEPOSITS
2 years 4½%
1 — 4 %
6 months 3 %
The Bank of Cochin Ltd.
ERNAKULAM
*Branches:*
CHALAKUDY, TRICHUR;
MATTANCHERY,
WILLINGDON ISLAND


## ചരമം

നാഗപ്പുഴ: റവ. ഫാ. മാത്യു ഏഴാനിക്കാട്ടു് അവർകളുടെ പിതാവു് ഏഴാനിക്കാട്ട വലിയപുത്തൻപുരയിൽ ചാക്കൊ അവർകൾ ഫെബ്രുവരി 20-ാംനു 68-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. R. I. P.

## ഏകാന്തധ്യാനങ്ങൾ

പെരുമാനൂർ "അഗതികളുടെ സഹോദരിക"ളുടെ മേൽനോട്ടത്തിൽ നടത്തിവരാറുള്ള ഏകാന്തധ്യാനം ഏപ്രിൽ 4-ാംനു ബുധനാഴ്ച വൈകുന്നേരം ആരംഭിച്ചു് ഞായറാഴ്ച കാലത്തു് അവസാനിക്കുന്നതാണു്. റവ. ഫാദർ മാത്യു മങ്കുഴിക്കരിയായിരിക്കും ധ്യാനഗുരു. ഭക്ഷണച്ചെലവു് 7 ക. ശയ്യോപകരണങ്ങൾ കൊണ്ടുവരേണ്ടതാണു്. (തേവര A. O.)

—മുത്തോലി: വിൻസെൻറ് ഡി പോൾ സഖ്യത്തിൻെറ ആഭിമുഖ്യത്തിൽ വലിയ ബുധനാഴ്ചമുതൽ ഉയിർപ്പുഞായറാഴ്ചവരെ ഏകാന്തധ്യാനം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. റവ. ഫാ. തോമസ് മൂത്തേടൻ എം. എ. ഡി. ഡി യായിരിക്കും ധ്യാനഗുരുവെന്നറിയുന്നു.

—ആലുവാ: സെൻറ് വിൻസെൻറ് ഡി പോൾ സംഘത്തിൻെറ ആഭിമുഖ്യത്തിൽ എസ്. എച്ചു്. കർമ്മലീത്താശ്രമത്തിൽവച്ചു് മാർച്ച 17-ാംനു ആരംഭിച്ചു് 21-ാംനു അവസാനിക്കത്തക്കവിധത്തിൽ ഒരു ഏകാന്തധ്യാനം നടത്തുന്നതാണു്. വെരി റവ. ഫാ. ജറോം ടി. ഒ. സി. ഡി. യായിരിക്കും ധ്യാനഗുരു. ധ്യാനച്ചെലവു് 8 ക. 8 ണ.

—രാമപുര: സ്ഥലം വിൻസെൻറ് ഡി പോൾ സംഘത്തിൻെറയും സി. എ. സി. യുടെയും സംയുക്താഭിമുഖ്യത്തിൽ സെൻറ് അഗസ്റ്റിൻസ് ഇംഗ്ലീഷ് ഹൈസ്കൂൾഹാളിൽവച്ചു് മാർച്ച 21-ാം തീയതി ആരംഭിച്ചു് 25-ാംനു അവസാനിക്കത്തക്കവിധത്തിൽ ഒരു ഏകാന്തധ്യാനം നടത്തുന്നതാണെന്നറിയുന്നു. ധ്യാനഗുരു: വെരി റവ. ഫാ. എലിസേവൂസ് ഒ. സി. ഡി.

## നവവൈദികർ

റവ. തോമസ് പിച്ചാട്ടു്, റവ. ആൻറണി നെടുമ്പുറം, റവ. ജേക്കബ് മാമ്പിള്ളി, റവ. ജോർജ്ജ് പാറയ്ക്കൽ, റവ. സക്കറിയാസ് വേരണാനിക്കൽ, റവ. ജേക്കബ് വാരികാട്ടു്, റവ. ജേക്കബ് മഞ്ചപ്പിള്ളി, റവ. സിറിയക്ക് പുത്തനങ്ങാടി എന്നിവർക്കു് മാർച്ച് 10-ാംനു എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിൽവച്ചു എറണാകുളം മെത്രാപ്പോലീത്താ തിരുമേനി വൈദികപട്ടം നൽകിയിരിക്കുന്നു.

## സഭാവസ്ത്രദാനം

എടക്കുന്നു നസ്രത്തു സന്യാസസഭയിൽപ്പെട്ട 8 അർത്ഥിനികൾക്കു എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് മാർച്ച് 12-ാംനു സഭാവസ്ത്രം പ്രദാനംചെയ്തിരിക്കുന്നു. തദവസരത്തിൽ റവ. ഫാ. തോമസ് മൂത്തേടൻ എം. എ. ഡി. ഡി. ഒരു പ്രസംഗം ചെയ്കയുണ്ടായി.

## മാർപ്പാപ്പാ നിരസിച്ചു

കമ്മ്യൂണിസ്റ്റു് പ്രമോദനത്തിലുള്ള സ്റ്റോക്കോം സമാധാനാഭ്യർത്ഥനയ്ക്കു് പിന്തുണനല്കുവാൻ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമേനി വിസമ്മതിച്ചതായി വത്തിക്കാൻ റേഡിയോ പ്രക്ഷേപണംചെയ്തിരിക്കുന്നു.

## ബവിൻ രാജിവച്ചു

ബ്രിട്ടനിലെ വിദേശകാര്യമന്ത്രിയായിരുന്ന മി. ഏണസ്റ്റു് ബവിൻ തൽസ്ഥാനം രാജിവയ്ക്കുകയും പകരം മി. ഹെർബർട്ടു് മോറിസൺ (ലോർഡ് പ്രസിഡണ്ടു് ഓഫ് ദി കൗൺസിൽ) വിദേശകാര്യമന്ത്രിയായി നിയമിതനാകുകയും ചെയ്തിരിക്കുന്നു.

ടിറേറായുടെ
മതപീഡനത്തെപ്പററി

## അകത്തോലിക്കൻ

"സ്ലൊവേനിയ, ക്രോഷ്യ, സെർബിയ എന്നീ പ്രദേശങ്ങളിൽക്കൂടി സഞ്ചരിക്കുമ്പോൾ കാണുന്ന കാഴ്ച എത്ര ദയനീയമാണു! ഒരുകാലത്തു സജീവമായിരുന്ന മതഭക്തി ഇപ്പോൾ അലങ്കോലപ്പെട്ടിരിക്കുന്നു; നാശോന്മുഖമായിരിക്കുന്നു. വിവിധ കാരണങ്ങൾനിമിത്തം ചിലരെല്ലാം വിശ്വാസം ഉപേക്ഷിക്കയും ചെയ്തിരിക്കുന്നു" എന്നിങ്ങനെയാണു സർ ആൻഡ്രു മുറെ എന്ന അകത്തോലിക്കൻ എഡിൻബറോയിലെ കത്തോലിക്കരോടായി ചെയ്ത ഒരു പ്രസംഗത്തിൽ പ്രസ്താവിച്ചതു്. അദ്ദേഹം തുടർന്നു: "നിങ്ങളുടേയും എൻേറയും വിശ്വാസം ഒന്നല്ല. എങ്കിലും ആ കാഴ്ച എനിക്കു വേദനാജനകമായിരുന്നു. ദേവാലയങ്ങൾ വിജനമായിരിക്കയും, കുട്ടികൾക്കു സ്കൂളുകളിൽ മതബോധനം ലഭിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അടുത്ത ഒരു ശതാബ്ദം അന്ധകാരാവൃതമായിരിപ്പാൻ പോകയാണെന്നത്രെ എൻെറ വിശ്വാസം. ഇക്കാര്യത്തിൽ നമുക്കെന്തു ചെയ്യാൻ സാധിക്കുമെന്നു നിങ്ങളും ഞാനും ചിന്തിക്കേണ്ടിയിരിക്കുന്നു."

## "ഡയിലി വർക്കറി"ൻെറ

അധഃപതനം

ന്യൂയോർക്കിലെ "ഡയിലിവർക്കർ" എന്ന കമ്മ്യൂണിസ്റ്റു് പത്രത്തിൻെറ അധിപരായിരുന്ന ലൂയി ബ്യൂഡെൻസ് 1945-ൽ പ്രസ്തുത സ്ഥാനം രാജിവച്ചു് കത്തോലിക്കാസഭയിൽ പ്രവേശിച്ചശേഷം ആ പത്രം അടിക്കടി അധോഗതിപ്രാപിച്ചുവരുകയാണു്. അടുത്തുതന്നെ അതിൻെറ പ്രസിദ്ധീകരണം മുഴുവനായി നിർത്തിവയ്ക്കേണ്ടതായും വന്നേക്കാം.

## കൊച്ചി തിരുവിതാംകൂർ വാർത്തകൾ

വളത്തിനു സഹായധനം എന്ന നിലയിൽ നെൽവില പാറയ്ക്കു 4 ണ. വർദ്ധിപ്പിക്കുവാൻ ഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നു. പാട്ടക്കാരും ഉടമസ്ഥന്മാരുമായ കർഷകർക്കു ഈ ആനുകൂല്യം ലഭിക്കുന്നതാണ്. കുംഭം 1 മുതൽ ഗവമ്മെൻറെടുക്കുന്ന നെല്ലിനു വർദ്ധിച്ച നിരക്കിൽ വില നല്കുന്നതാണെന്നറിയുന്നു.

—ഭക്ഷ്യോല്പാദനം സംബന്ധിച്ചു ഉടൻ നടപ്പിലാക്കുന്ന താഴെ പറയുന്ന പദ്ധതികൾക്കു ഗവമ്മെൻറിൽനിന്നും പണമനുവദിച്ചിരിക്കുന്നു: (1) കുന്നത്തുനാട്ടു താലൂക്കിൽ രാമമംഗലത്തെ 200 ഏക്കർ ഭൂമിയിൽ ജലസേചനം നടത്തുവാൻ പാറക്കുളം കുത്തുന്നതിനു 20070 ക. (2) മൂവാററുപുഴ താലൂക്കിൽ 120 ഏക്കർ ഭൂമി ഉപയുക്തമാക്കുന്നതിനു മാറാടി-മണ്ടകത്തോട്ടു വെട്ടുവാൻ 40003 ക. (3) കരുനാഗപ്പള്ളിയിൽ കുളം നന്നാക്കുന്നതിനു 1165 ക. (4) മൂവാററുപുഴ താലൂക്കിൽ കൊയിപ്പള്ളിച്ചിറ നന്നാക്കുന്നതിനു 4560 ക. (5) ഭരണിക്കാവു പ്രദേശത്തിൽ തോട്ടു നന്നാക്കുവാൻ 2650 ക (6) പത്തനാപുരം അഞ്ചയിൽ ചിറകെട്ടുവാൻ 1560 ക.

—തിരു-കൊച്ചിയിൽ പുതുതായി രൂപപ്പെട്ടിരിക്കുന്ന മന്ത്രിസഭയുടെ ഘടനയിൽ അതൃപ്തരായ കൊച്ചി ഡി. സി. സി. വക്കിംഗ് കമ്മിററിയംഗങ്ങളും കൊച്ചിയിലെ കോൺഗ്രസ് എം. എൽ. എ. മാരും മാർച്ച് 5-ാംനു തൃശ്ശൂർ സമ്മേളിച്ചു തങ്ങളുടെ പ്രതിഷേധം പ്രകടിപ്പിക്കുകയും, ഇപ്പോഴത്തെ മന്ത്രിസഭ ഉടച്ചുവാക്കുവാനാവശ്യപ്പെട്ടുകൊണ്ടു പ്രമേയംപാസാക്കുകയുമുണ്ടായല്ലോ. ഇതിൻെറ അടിസ്ഥാനത്തിൽ, തിരു-കൊച്ചി കോൺഗ്രസ്പാർട്ടി ലീഡരുടെ പേരിൽ അവിശ്വാസം രേഖപ്പെടുത്തുന്ന ഒരു പ്രമേയം കൊച്ചിയിലെ ഏതാനും എം. എൽ. എ. മാർ ഒപ്പുവച്ചു മാർച്ച് 10-ാംനു പാർട്ടിലീഡറെ ഏല്പിച്ചിരിക്കുന്നു.

—തൃശ്ശൂർയോഗത്തിലെ തീരുമാനമനുസരിച്ചു കോൺ. പാർട്ടി എക്സിക്യൂട്ടിവിലെ തൃശ്ശൂർ ഡിസ്ട്രിക്റ്റുകാരായ മെ. കെ. അയ്യപ്പൻ (ഡപ്യൂട്ടിലീഡർ), പി. കെ. കൃഷ്ണൻകുട്ടിമേനോൻ (ജോയിൻറ് സെക്രട്ടറി), എ. എം. തോമസ് (വിപ്പ്), പി. കെ. ഡിവർ, സെബാസ്ത്യൻ തോപ്പിൽ, ഇ. കെ. മാധവൻ എന്നിവർ എക്സിക്യൂട്ടിവിൽനിന്നും രാജിവച്ചിരിക്കുന്നു.

—ഇൻഡ്യൻ നാഷനൽകോൺഗ്രസ് പ്രസിഡണ്ടു ബാബു പുരുഷോത്തമദാസ് താണ്ഡൻ തിരു-കൊച്ചി സന്ദർശനാർത്ഥം മാർച്ച് 15 ാംനു തിരുവനന്തപുരത്തെത്തുന്നതാണെന്നറിയുന്നു.

തിരു-കൊച്ചിയിലെ 1951-52-ലെ ബഡ്ജററ് ധനകാര്യമന്ത്രി ശ്രീ എ. ജെ. ജോൺ മാർച്ച് 12-ാംനു അസംബ്ലിയിൽ അവതരിപ്പിച്ചിരിക്കുന്നു. അതനുസരിച്ചു 1487.21 ലക്ഷം ക. വരവും 1491.31 ലക്ഷം ക. ചെലവും അങ്ങനെ 4.11 ലക്ഷം ക. കമ്മിയുമാണു പ്രതീക്ഷിക്കപ്പെടുന്നതു്. അടുത്തവർഷത്തിൽ പുതിയ നികുതി ഒന്നുംതന്നെ ഏർപ്പെടുത്തുവാനുദ്ദേശമില്ല. എന്നാൽ ചാരായത്തിൻെറ ഡ്യൂട്ടി $12\frac{1}{2}$ ശതമാനം വർദ്ധിപ്പിക്കുന്നതാണ്. മദ്യനിരോധനം പുതുതായി എങ്ങും നടപ്പിലാക്കുന്നില്ല. നിർബന്ധിതപ്രാഥമികവിദ്യാഭ്യാസം ചെങ്കോട്ട, ചിററൂർ എന്നി താലൂക്കുകളിലേക്കു വ്യാപിപ്പിക്കുന്നതാണ്.

## ഇന്ത്യാവാർത്തകൾ

ഇൻഡ്യയിലെ ചെക്കോസ്ലോവാക്യൻ സ്ഥാനപതി ഡോക്ടർ ക്രഷോവിൽ തൻെറ ഉദ്യോഗം രാജിവയ്ക്കുകയും ഇൻഡ്യയിൽനിന്നും അപ്രത്യക്ഷനാകുകയും ചെയ്തിരിക്കുന്നു. അദ്ദേഹം അയച്ച രാജിക്കത്തിൽ, ചെക്കോസ്ലോവാക്കിയായിലെ ഇന്നത്തെ ഗവമ്മെൻറു ജനങ്ങളുടെ വിശ്വാസത്തെ ദൂഷണം ചെയ്യുകയും രാജ്യത്തിൻെറ ആദ്ധ്യാത്മികപാരമ്പര്യം തകർക്കുകയും സ്വാതന്ത്ര്യപ്രേമവും സത്യവും സമാധാനവും ബലികഴിക്കുകയും ചെയ്യുന്നതായി ആരോപണം ചെയ്തിരിക്കുന്നു.

—വിദ്യാഭ്യാസാവശ്യങ്ങൾക്കായി ഒരു പ്രക്ഷേപണകേന്ദ്രം സ്ഥാപിക്കുവാൻ പൂനാ സർവ്വകലാശാലയ്ക്കു ഇൻഡ്യാഗവമ്മെൻറു അനുമതിനല്കിയിരിക്കുന്നു. ഇൻഡ്യയിലെ ഒരു സർവ്വകലാശാല പ്രക്ഷേപണകേന്ദ്രം സ്ഥാപിക്കുന്നതു് ഇതാദ്യമായിട്ടാണ്.

—റബ്ബർ 100 റാത്തലിനു ഇപ്പോഴത്തെ വിലയായ 90 ക. 8 ണ. എന്നതു ഭേദപ്പെടുത്തി 122 ക. 8 ണ. യായി ഗവമ്മെൻറിൽനിന്നും ക്ലിപ്തപ്പെടുത്തിയിരിക്കുന്നു.

—പരേതനായ സർദാർ വല്ലഭായി പട്ടേലിനുപകരം കോൺഗ്രസ് പ്രവത്തകസമിതിയംഗമായി അദ്ദേഹത്തിൻെറ പുത്രി മിസ് മണിബെൻ പട്ടേലിനെ കോൺഗ്രസ് പ്രസിഡണ്ടു നോമിനേററു ചെയ്തിരിക്കുന്നു.

—സംസ്ഥാനത്തു് നിലവിലുള്ള ഉണിക്ഷാമം അവസാനിപ്പിക്കുന്നതിനു കേന്ദ്രഗവമ്മെൻറു സ്വീകരിച്ചിരിക്കുന്ന നടപടികൾ ഇപ്പോഴത്തെ രീതിയിൽ തുടരാൻ സാധിക്കുന്നപക്ഷം രണ്ടുമാസത്തിനകം ഉണിക്ഷാമം പരിഹരിക്കപ്പെടുന്നതാണെന്നു കേന്ദ്രവാണിജ്യമന്ത്രി പ്രസ്താവിച്ചിരിക്കുന്നു.

### *THE BLESSED HANDS OF THE PRIEST*

We need them in life's early morning,
We need them again at its close;
We feel their warm clasp of true friendship,
We seek them when tasting life's woes.
When we come to this world we are sinful,
The greatest as well as the least,
And a hand makes us pure as the angels,
'Tis the beautiful hand of the priest.
At the altar each day we behold them
And the hands of a King on his throne
Are not equal to them in their greatness.
Their dignity stands all alone.
For there in the stillness of morning,
Ere the sun has emerged from the east,
There, God rests between the pure fingers
Of the beautiful hands of the Priest.

And when we are tempted to wander
To pathways of shame and of sin,
'Tis the hands of a Priest which absolve us,
Not once, but again and again.
And when we are taking life's partner,
Other hands may prepare us a feast:
But the hand that will bless and unite us
Is the beautiful hand of the Priest.

God bless them and keep them all holy
For the Host which their fingers caress;
What can a poor sinner do better
Than ask Him Who chose them to bless?

When the death dews on our eyelids are falling,
May our courage and strength be increased
By seeing raised o'er us in blessing
The beautiful hands of the Priest.



## പുസ്തകാഭിപ്രായം

### രക്തം

(ഒരു പ്രഹസനം. എസ്. എച്ച്. ലീഗ്, മംഗലപ്പുഴസെമ്മിനരി, ആലുവാ. പക്ഷം 46. വില 5ണ.)

കത്തോലിക്കാ പ്രവത്തനസമിതിക്കായി മംഗലപ്പുഴ സെമ്മിനരി നാടകസമാജം തയ്യാറാക്കിയിട്ടുള്ള പുതിയ ഒരു സംഗീതപ്രഹസനമാണു "രക്തം". വി. സെക്സ്റ്റസ്, വി. ടാർസിസിയൂസ്, വി. ലോറൻസ് എന്നി മൂന്നു രക്തസാക്ഷികളുടെ ചരിത്രവും റോമൻ ചക്രവത്തിയായിരുന്ന വലേരിയൻെറ വധവുമാണു "രക്ത"ത്തിലെ കഥാവസ്തു. ശോകരസപ്രധാനമായ ഈ പ്രഹസനം ഉജ്ജ്വലമായ പ്രഭാഷണങ്ങൾകൊണ്ടും ഭയങ്കരമായ അടരാട്ടങ്ങൾകൊണ്ടും ആദ്യന്തം മുഖരിതമാണ്. മതപീഡനത്തിൻെറ ഉഗ്രതയും കാർക്കശ്യവും, രക്തസാക്ഷികളുടെ സമചിത്തതയും ധീരോദാത്തതയും, മതവിരോധികളുടെ ആവേശവും ഹൃദയകാഠിന്യവും ഈ പ്രഹസനത്തിൽ ...ായി സമ്മേളിച്ചിട്ടുണ്ടു്. അഭിനയിക്കാൻ ഏററവും പററിയ ഒരു പ്രഹസനമാണിതു്. ലീഗിൽനിന്നു പ്രസിദ്ധംചെയ്യുന്ന 13-ാമത്തെ പ്രഹസനമാണു രക്തം. അതിനുതന്നെ ഒന്നാംസ്ഥാനം കിട്ടുകയുംചെയ്യും. ഇവയുടെയെല്ലാം സൂത്രധാരനായി നില്ക്കുന്ന ഫാദർ ഇൽഡഫോൺസ് ഒ. സി. ഡി നീണാൾ വിജയിക്കട്ടെ.


# തോട്ടങ്ങൾ


ചുണങ്ങംവേലി സാധുമന്ദിരത്തിനുസമീപം ആലുവാ-പെരുമ്പാവൂർ റോഡരികിൽ ടാപ്പിങ്ങിനു് പ്രായമായ റബ്ബർ വൃക്ഷങ്ങളുള്ള 30 ഏക്കർ തോട്ടവും പൂർണ്ണഅനുഭവത്തിൽ എത്തിയിരിക്കുന്ന 30 ഏക്കർ കശുമാവിൻതോട്ടവും വില്പാനുണ്ടു്. കൂടുതൽ വിവരങ്ങൾ മലബാർ മെയിൽ ആഫീസിൽ എഴുതി ചോദിച്ചാൽ ലഭിക്കുന്നതാണു്.


## കത്തോലിക്കാമതവും ദേശീയസംസ്കാരങ്ങളും

(മംഗലപ്പുഴ സെമ്മിനരി സേക്രഡ് ഹാർട്ടു് ലീഗിൽനിന്നു പ്രസിദ്ധംചെയ്തിരിക്കുന്നതു്. പക്ഷം 55. വില 4ണ.)

ഫാദർ ഡാൻേറായി എസ്. ജെ. അവർകളുടെ ഒരു ലഘുഗ്രന്ഥത്തിൻെറ വിവത്തനമാണു് "കത്തോലിക്കാമതവും ദേശീയസംസ്കാരങ്ങളും." സ്വാതന്ത്ര്യപ്രാപ്തിയോടുകൂടെ സ്വന്തം സംസ്കാരത്തെ അതിരുകവിഞ്ഞു് ആരാധിക്കുവാൻ തുടങ്ങുന്നവർ ക്രിസ്തുമതം ഭാരതസംസ്കാരത്തിൻെറ ശത്രുവാണെന്നു കരുതാനിടയുണ്ടു്. എന്നാൽ ലേശം ജാള്യതകൂടാതെ ക്രിസ്തുമതത്തെയും സ്വകീയസംസ്കാരത്തെയും ഒരേഹൃദയത്തിൽതന്നെ പ്രതിഷ്ഠിച്ചു് ഒന്നിനു് അച്ചനയും മറേറതിനു് ആദരവും അർപ്പിക്കാമെന്നു വെളിപ്പെടുത്തുകയാണു് ഈ ഭാഷാന്തരത്തിൻെറ ഉദ്ദേശമെന്നു് പ്രസാധകരുടെ ശൈലിയിൽതന്നെ പ്രസ്താവിച്ചുകൊള്ളുന്നു. ഈശ്വരവിശ്വാസസംരക്ഷണത്തിനും സന്മാർഗ്ഗപരിപാലനത്തിനും ആവശ്യമായ കാര്യങ്ങളിൽ മാത്രമേ തിരുസഭ പങ്കെടുക്കുന്നുള്ളു; സംസ്കാരത്തിൻെറ അപ്രധാനഘടകങ്ങളായ കല, ശാസ്ത്രം സാഹിത്യം, ആചാരം മുതലായവ അവയുടെ പരിധി ലംഘിച്ചു മതബോധത്തെ ആക്രമിക്കുന്നതായാലേ തിരുസഭ ഇതിൽ ശ്രദ്ധപതിക്കുകയുള്ളു. "സംശയരഹിതമായ കാര്യങ്ങളിൽ ഐക്യവും സംശയാസ്പദമായ കാര്യങ്ങളിൽ സ്വാതന്ത്ര്യവും എന്നാൽ എല്ലാകാര്യങ്ങളിലും ഉപവി" എന്ന തത്വം സ്വന്തമാക്കി വത്തിക്കുന്ന തിരുസഭയിൽനിന്നു ഭാരതസംസ്കാരത്തിനു നന്മയല്ലാതെ ഒരു നാശവും വരാനില്ലെന്നു ഭംഗിയായി ഈ ലഘുലേഖയിൽ സമത്ഥിച്ചിട്ടുണ്ടു്. ഈ വിഷയത്തെപ്പററി പഠിക്കുവാൻ താൽപര്യമുള്ളവർ ഈ ചെറുപുസ്തകം വാങ്ങി വായിക്കേണ്ടതുതന്നെ.

T. M.



മുളരിക്കൽ ഔസേപ്പ് പൗലൊ
(ഞാറക്കൽ)

| | |
|---|---|
| ജനനം | 1-3-1860 |
| മരണം | 11-3-1951 |

R. I. P.

ഫാത്തിമാമാതാവിൻേറയും സിസ്റ്റർ അൽഫോൻസായുടേയും സഹായത്താൽ ലഭിച്ച അനുഗ്രഹങ്ങൾക്കു ഉപകാരസ്മരണ.

ട്രീസാ സേവിയർ, തിരുവനന്തപുരം.

10000 ഡോളറിനുവേണ്ടി

## മതം മാറണമെന്നോ?

23 വയസ്സായ ജോൺ ബ്രാഡ്ലിയും 21 വയസ്സായ അവൻെറ സഹോദരൻ ബ്രയനും കത്തോലിക്കാമതം പരിത്യജിച്ചു് "യുണൈറഡ് ചർച്ചു് ഓഫ് കാനഡ" എന്ന സഭയിൽ പ്രവേശിക്കുന്നപക്ഷം ലഭിക്കത്തക്കവണ്ണം വ്യവസ്ഥചെയ്തു അവരുടെ അമ്മാവി, തെസ്റ്റമെന്തിൽ വച്ചിരുന്ന 10,000 ഡോളർ പ്രസ്തുത യുവാക്കന്മാർ സധൈര്യം തിരസ്കരിച്ചിരിക്കുന്നു. കത്തോലിക്കാ വിശ്വാസം ഉപേക്ഷിപ്പാൻ അവർ സന്നദ്ധരല്ലാത്തതിനാൽ ആ തുക യുണൈറഡ് ചർച്ചിലെ പെൻഷൻ ഫണ്ടിലേക്കു മുതൽക്കൂട്ടണമെന്നാണു ഒണ്ടാരിയോയിലെ അപ്പീൽക്കോടതി വിധി പ്രസ്താവിച്ചിരിക്കുന്നതു്.

## അംഗവിഹീനൻെറ

### കത്തോലിക്കാ പ്രവത്തനം

അമേരിക്കയിൽ മിക്കിഗനിലെ ഒരു പ്രമുഖ കത്തോലിക്കാപ്രവത്തകനായിരുന്ന മി. ജോസഫ് ഷ്നിററ്സ്ലർ 68-ാമത്തെ വയസ്സിൽ ഈയിടെ നിര്യാതനായിരിക്കുന്നു. അസ്ഥികളെ ബാധിച്ച ഒരു രോഗം നിമിത്തം, ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയായ ഉടൻ അദ്ദേഹത്തിൻെറ ഇടത്തുകൈ മുറിച്ചുകളയേണ്ടിവന്നു. 34 വയസ്സാകുന്നതിനുമുമ്പു് ഇരുകാലുകളും വിച്ഛേദിക്കപ്പെട്ടു. കലകളിലും നിയമത്തിലും എം.എ. ബിരുദം നേടിയിരുന്ന അദ്ദേഹം മിക്കിഗനിൽ അഭിഭാഷകനായി ജോലി നോക്കിവരുകയായിരുന്നു. അതിനിടയ്ക്കു വിവിധസ്ഥലങ്ങളിൽ ചുററിസഞ്ചരിച്ചു് കത്തോലിക്കാപ്രവത്തന സംബന്ധമായ പ്രസംഗങ്ങളും ചെയ്യുമായിരുന്നു.

ചെറുകഥ

# സ്ഥലംമാററം

(ജി. സി. ടീലാർ)

അതൊരു ചെറിയ ഇടവകയാണ്. "കീട്ടപ്പോരില്ലാത്ത" പള്ളി എന്നാണു അതിനെപ്പററി സാധാരണ ജനങ്ങളുടെ ഇടയിലുള്ള അഭിപ്രായം. എന്നാൽ അവിടത്തുകാർക്കുമുണ്ടൊരാഗ്രഹം, ഒരു നല്ല വൈദികനെ വികാരിയായി കിട്ടുവാൻ. പല തരത്തിലുള്ള ആളുകൾ അവിടെ വസിക്കുന്നു. മുതലാളികൾ, തൊഴിലാളികൾ, അക്രമികൾ, മദ്യപാനികൾ, കമ്മ്യൂണിസ്റ്റുകാർ, ഇങ്ങനെ പലരും. വഴക്കും മത്സരവും തമ്മിൽ തമ്മിൽ. മോഷ്ടാക്കളുടെ ശല്യം വേറൊരു വശത്തു്. മുച്ചീട്ടുകളിയും ചുക്കിണിക്കളിയുംകൊണ്ടു കാലയാപനം നടത്തുന്നവരുടെ സംഖ്യക്കു കുറവില്ല. ചില വൻകിട മുതലാളിമാരുടെ കുടത്തണലിലാണ് അവരുടെ വ്യവസായത്തിന്റെ പുരോഗമനം. സന്മാർഗ്ഗികാന്തരീക്ഷം കരിങ്കാറുകൾകൊണ്ടു അന്ധകാരമയമായിരിക്കുന്നു.

ഉച്ചകഴിഞ്ഞിരിക്കണം. ഔസേപ്പച്ചൻ ഭക്ഷണം കഴിഞ്ഞ് ഒന്നു വിശ്രമിക്കയാണ്. അഞ്ചൽപ്യൂൺ വാതുക്കൽവന്നു മുട്ടി അകത്തുകടന്നു. "ഒരെഴുത്ത്"—അയാൾ അതു പറഞ്ഞ് ഒരഞ്ചൽക്കവർ നീട്ടിപ്പിടിച്ചു. അദ്ദേഹം അതു വാങ്ങി; ചില കുശലങ്ങൾ ചോദിച്ച് ആ മനുഷ്യനെ സന്തോഷിപ്പിച്ചയച്ചു. അതിന്റെ ഉള്ളടക്കം എന്താണെന്ന് ഊഹിക്കാതിരുന്നില്ല. തുറന്നു നോക്കി. ഒരു ഞെട്ടൽ. സ്നേഹിതന്മാർ പറഞ്ഞു: "അങ്ങോട്ടുപോകണ്ടച്ചാ; കാട്ടുമൃഗങ്ങളാണവിടെ. അച്ചനെപ്പോലൊരാൾ ആ കാട്ടിൽ പോയി എന്തുചെയ്യും? അരമനയിൽചെന്നു സുഖമില്ലെന്നു പറ."—സ്നേഹത്തിൽനിന്നും തിക്കിത്തള്ളി പൊങ്ങിയ നിർദ്ദേശം. അദ്ദേഹം അതു സ്വീകരിച്ചു.

രാത്രി ഏകദേശം 11 മണി. നിദ്രയ്ക്കായി ഔസേപ്പച്ചൻ കിടക്കയിൽ പ്രവേശിച്ചു. പക്ഷേ ചിന്തകൾ അദ്ദേഹത്തെ വിട്ടുമാറിയില്ല. ഒരു സ്വപ്നം. വിളുമ്പിനു ചുവന്ന പട്ടുകരകൾ പിടിപ്പിച്ച വെള്ള ഉടുപ്പിട്ടിരിക്കുന്നു. രത്നഖചിതമായ ഒരു മോതിരം വിരലിൽ. സ്വർണ്ണക്കുരിശും മാലയുമുള്ള വക്ഷഃപ്രദേശം. മുഖത്തു ഒരു പുഞ്ചിരി. അദ്ദേഹം ഒരു കസാലയിൽ ഇരിക്കുന്നു. ഔസേപ്പച്ചൻ മുട്ടുമടക്കി അദ്ദേഹത്തിന്റെ കരം ചുംബിച്ചു. "കൊള്ളാം സഹോദരാ, അവിടെ ഇരിക്കാമല്ലോ." മെത്രാനച്ചൻ ചൂണ്ടിക്കാണിച്ച കസാലയിൽ ഔസേപ്പച്ചൻ ഇരുന്നു. ആ സ്നേഹാദരവുകൾ അച്ചനെ ഗാഢമായി സ്പർശിക്കയും ചെയ്തു.

"പത്രം കിട്ടിയില്ലേ?" ചോദിച്ചു മെത്രാനച്ചൻ.

"കിട്ടി. എനിക്കല്പം വിഷമമുള്ളതു പറയുവാനാണു ഞാൻ വന്നതു്."

"പറയാം. എല്ലാം തുറന്നു പറയാം."

"ആ സ്ഥലത്തു ചെന്നെത്തുവാൻതന്നെ വളരെ വിഷമം. വണ്ടി ആ വഴിക്കു പോകയില്ല. തന്നെയുമല്ല, ആ പ്രദേശം സംസ്കാരമില്ലാത്ത ആളുകളെക്കൊണ്ടു നിറഞ്ഞതുമാണ്. അതിനാൽ എനിക്കു വേറൊരുസ്ഥലംകിട്ടിയാൽമതിയായിരുന്നു."

"പക്ഷേ, സഹോദരാ, അല്പമൊന്നു ചിന്തിക്കൂ. നമ്മുടെ കർത്താവിന്റെ രക്തം അവിടത്തെ ആളുകൾക്കുവേണ്ടിക്കൂടെയും ചിന്തപ്പെട്ടിട്ടുള്ളതല്ലയോ? ആ കാട്ടുപ്രദേശത്തു് നമ്മുടെ കർത്താവു എത്ര സന്തോഷത്തോടുകൂടി എഴുന്നെള്ളിയിരിക്കുന്നു! ആ സ്ഥലം കാട്ടുപ്രദേശമാണെന്നോ അവിടത്തെ ആളുകൾ സംസ്കാരമില്ലാത്തവരാണെന്നോ പറയുന്നെങ്കിൽ ആ സ്ഥലത്തെ നന്നാക്കി അവിടത്തെ മനുഷ്യരെ സംസ്കാരമുള്ളവരാക്കിത്തീർക്കുവാനുള്ള ഉന്നതമായ ഒരു ഉദ്യോഗത്തിനുവേണ്ടിയാണ് ദിവ്യരക്ഷകൻ താങ്കളെ വിളിക്കുന്നതു്. ഓരോ വൈദികനും മിശിഹായുടെ ഒരു പടയാളിയല്ലയോ? സൈന്യാധിപൻ കല്പിക്കുന്നിടത്തേക്കു പോകുകയാണു ഒരു സൈനികന്റെ ചുമതല. വിഷമങ്ങളെപ്പററി അയാൾ ചിന്തിക്കരുതു്. കൂടുതൽ അപകടസ്ഥാനങ്ങളിൽനിന്നു യുദ്ധം ചെയ്യുവാൻ തെരഞ്ഞെടുക്കപ്പെടുന്നതു സാധാരണക്കാരല്ല. കൂട്ടത്തിൽ വീരശൂരന്മാരത്രേ അതിനായി നിയോഗിക്കപ്പെടുന്നതു്. അതിനാൽ നമ്മുടെ കർത്താവിനെ ആശ്രയിച്ചുകൊണ്ടു ധൈര്യമായി പോകുക."

ഭയങ്കരമായ ഇടിനാദം. ഔസേപ്പച്ചൻ ഞെട്ടി എഴുന്നേററു. വെറും ഒരു സ്വപ്നം! എങ്കിലും പിന്നീടുറക്കം വന്നില്ല. ചിന്തയിൽ മുഴുകി. "എളിമയെക്കുറിച്ചും ത്യാഗത്തെപ്പററിയും മററുള്ളവരോടു പ്രസംഗിക്കേണ്ട ഞാൻ ഒരു മാതൃക ആദ്യമായി കാണിക്കേണ്ടതല്ലയോ? നീതിമാന്മാരെ ക്ഷണിക്കുവാനല്ല പാപികളെ വിളിക്കുവാനത്രേ താൻ വന്നിരിക്കുന്നതെന്നു കർത്താവു പറയുകയുണ്ടായി. കർത്താവിന്റെ ഉദ്യോഗം വഹിക്കുവാൻ വിളിക്കപ്പെട്ട ഞാൻ അതു വലിച്ചെറിഞ്ഞിട്ട് എവിടേക്കു പോകും? ഈ സ്വപ്നം നിരർത്ഥകമായി എനിക്കു തോന്നുന്നില്ല. ദൈവത്തിൽനിന്നുള്ള അറിയിപ്പായി അതിനെ സ്വീകരിക്കണം. എന്റെ സഹപാഠികൾ നല്ല നല്ല പള്ളികളിൽ വികാരിമാരായി ശോഭിക്കുമ്പോൾ ഞാൻ ഒരു ഏഴാംകിട പള്ളിയിലേക്കു എറിയപ്പെട്ടിരിക്കുന്നു എന്നെനിക്കു തോന്നി. പക്ഷേ ഈ സ്വപ്നത്തിൽനിന്നും എന്തൊരാശ്വാസമാണ് എനിക്കു ലഭിക്കുന്നതു്! കൂട്ടത്തിൽ വീരശൂരന്മാരത്രേ അപകടസ്ഥാനങ്ങളിൽ യുദ്ധം ചെയ്യുവാൻ തെരഞ്ഞെടുക്കപ്പെടാറുള്ളതു്! അതെത്രയോ വാസ്തവം! കർത്താവേ, ഞാൻ വളരെ ദിവസം ഭോഷനെപ്പോലെ ചിന്തിച്ചുപോയി. എന്നോടു ക്ഷമിക്കണമേ."

അദ്ദേഹത്തിനു വളരെ ചെയ്യുവാനുണ്ടായിരുന്നു അവിടെ. ഒരു താപസനെപ്പോലെ ജീവിച്ചു. പ്രസംഗിക്കുന്നതുപോലെ പ്രവർത്തിക്കുന്ന ഒരാളാണെന്നുള്ള പ്രസിദ്ധിയാണദ്ദേഹത്തിനു ലഭിച്ചതു്. എല്ലാ മനുഷ്യരും അദ്ദേഹത്തെ സ്നേഹിച്ചു. നാട്ടുകാർക്കു പ്രയോജനകരമായ തോടുകളും റോഡുകളും വെട്ടിക്കുന്നതിലും പാലങ്ങൾ പണിയിക്കുന്നതിലും ഔസേപ്പച്ചൻ നേതൃത്വം നൽകി. കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി ഒരു സ്കൂളും അദ്ദേഹം സ്ഥാപിച്ചു. തൊഴിലാളികളെ സഹായിക്കുവാൻ എപ്പോഴും അദ്ദേഹം സന്നദ്ധൻ. മുതലാളികളെ വെറുത്തില്ല. ഇരുകൂട്ടർക്കും അവകാശങ്ങളുണ്ട്. അതെല്ലാം അഭംഗമായി സംരക്ഷിക്കപ്പെടണം എന്നാണദ്ദേഹത്തിന്റെ വാദം. മുതലാളിതൊഴിലാളിത്തർക്കങ്ങളിൽ നീതിപൂർവ്വകമായ മദ്ധ്യസ്ഥത വഹിക്കുവാൻ ഔസേപ്പച്ചനേ കഴിയുമായിരുന്നുള്ളു. അങ്ങനെ തർക്കങ്ങൾ പലതവസാനിച്ചു. നീതിയേയും സത്യത്തെയും സ്നേഹിക്കുന്നവർ ധാരാളമുണ്ടായി. സാന്മാർഗ്ഗികനില ഉയർന്നുയർന്നുവന്നു. അതുപോലെ സംസ്കാരവും.

കൊല്ലങ്ങൾ പന്ത്രണ്ടു കടന്നുപോയി. ഔസേപ്പച്ചനു സ്ഥലംമാററം ഉണ്ടാകരുതേ എന്നു ഇടവകക്കാർ തീവ്രമായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. അദ്ദേഹം ഒന്നു പോയിക്കണ്ടാൽ കൊള്ളാമെന്നു അക്രമികളും ദുഷ്ടന്മാരും. പരിപാവനമായ അദ്ദേഹത്തിന്റെ ജീവിതം അവരെ വെല്ലുവിളിക്കുന്നതുപോലെ തോന്നി. യാതൊരു കുററവും അദ്ദേഹത്തിൽ ആരോപിക്കുവാൻ അവർ പഴുതു കണ്ടില്ല. അദ്ദേഹത്തിന്റെ ആഗമനത്തോടുകൂടി ഇടവകയ്ക്കുണ്ടായിട്ടുള്ള അഭിവൃദ്ധിയെ അവരും മുക്തകണ്ഠം പ്രശംസിച്ചു. എങ്കിലും അവർക്കൊരുതാപം. ഇഷ്ടംപോലെ ജീവിക്കുവാൻ കഴിയുന്നില്ല. ദുഷ്ടാരൂപികൾ അവരെ ആത്മാർത്ഥമായി സഹായിക്കയുണ്ടായി.

"പ്രിയ സഹോദരങ്ങളേ, കമ്മ്യൂണിസം ശക്തിപ്പെട്ടുവരുന്നല്ലോ എന്നു നാമേവരും ഭയപ്പെടുന്നുണ്ടു്. എന്നാൽ നമ്മുടെ ഓരോരുത്തരുടേയും ഹൃദയത്തിൽ ഒളിച്ചിരിക്കുന്ന പിശാചല്ലാതെ മറെറാന്നുമല്ല കമ്മ്യൂണിസം. ഓരോരുത്തരും സ്വന്തം ഹൃദയത്തിലേക്കു തിരിയട്ടെ. അവിടെ കാണാം കമ്മ്യൂണിസം. സ്വാർത്ഥതയുടെ പരിഷ്കരിച്ച പതിപ്പാണതു്. സ്വാർത്ഥത്തിനുവേണ്ടി, ഇഷ്ടംപോലെ ജീവിക്കുന്നതിനുവേണ്ടി, നമ്മിൽ ആരു് സഹോദരനെ ദ്രോഹിക്കാതിരിക്കുന്നു? വാക്കുകൊണ്ടും വിചാരംകൊണ്ടും പ്രവൃത്തികൊണ്ടും നാം ദ്രോഹിക്കുന്നില്ലേ? പ്രകൃതിനിയമങ്ങളെ ലംഘിക്കുന്നവൻ പ്രകൃതിയുടെ ശിക്ഷ ഏല്ക്കണം. ദൈവപ്രമാണങ്ങളെ ലംഘിക്കുന്നവൻ ദൈവത്തിന്റെ ശിക്ഷയും. അതിനാൽ എല്ലാത്തിന്റെയും നാഥനായ ദൈവത്തിങ്കലേക്കു തിരിയുകയല്ലാതെ ഈ വലിയ വിപത്തിനു യാതൊരു പ്രതിവിധിയുമില്ല. പുറത്തുനിന്നുമുള്ള കമ്മ്യൂണിസത്തെയല്ല നാം ഭയപ്പെടേണ്ടതു്; നമ്മിൽത്തന്നെയുള്ള കമ്മ്യൂണിസത്തെ. പറമ്പിലുള്ള വിഷപ്പാമ്പുകളെ നശിപ്പിക്കുവാൻ ഉത്സുകനായിരിക്കുന്ന മനുഷ്യൻ സ്വന്തം ഗൃഹത്തിൽ വളരുന്ന ക്രൂരസർപ്പത്തെ കാണുന്നില്ലെങ്കിൽ അയാളെ ഒരു ഭോഷനായി നാം കരുതും—നാം എവരും ഇത്തരം ഭോഷന്മാരായിപ്പോയി. ഇനിയെങ്കിലും ഉണരുക"—ഔസേപ്പച്ചന്റെ പ്രസംഗത്തിലെ ഒരു ഭാഗം. പിന്നീടു സ്വരം അല്പം താഴ്ത്തി അദ്ദേഹം പറഞ്ഞു: "മാററത്തിനുള്ള കല്പന കിട്ടിയിരിക്കുന്നു. അടുത്ത ശനിയാഴ്ചക്കകം ഞാൻ സ്ഥലംവിടുന്നതാണ്."

അദ്ദേഹം തിരിഞ്ഞു കുർബ്ബാന തുടർന്നു. വിവിധവികാരങ്ങളാണ് ജനങ്ങളെ ബാധിച്ചതു്. പലരുടേയും കണ്ണുകളിൽനിന്നും കണ്ണുനീർ പ്രവഹിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തെ വിടാതിരിക്കുവാൻ വല്ല മാർഗ്ഗവുമുണ്ടോ എന്നായിരുന്നു ചിലരുടെ ആലോചന. ആഘോഷമായ ഒരു യാത്രയയപ്പു നൽകി അയക്കണമെന്നു മററു ചിലരും. "പോകട്ടെ ഇനി അങ്ങേരു്, കൊല്ലം പന്ത്രണ്ടായില്ലേ." അതായിരുന്നു ചില മുതലാളിമാരുടെ മനോഭാവം.

ഔസേപ്പച്ചൻ പുറത്തിറങ്ങിയപ്പോൾ പലരും അദ്ദേഹത്തിനു ചുററും കൂടി. "പ്രിയപ്പെട്ട അച്ചാ, ഞങ്ങളെ വിട്ടേച്ചു പോകരുതു്. ഒരുകൊല്ലംകൂടിയെങ്കിലും അച്ചൻ ഇവിടെയിരിക്കണം." അശ്രുകണങ്ങളിൽക്കൂടിയായിരുന്നു അവരുടെ അഭ്യർത്ഥന. "നമ്മുടെ മനസ്സല്ല. ദൈവത്തിന്റെ തിരുമനസ്സു നിറവേറണമെന്നല്ലേ നാം പ്രാർത്ഥിക്കാറുള്ളതു്. ദൈവം തിരുമനസ്സാകുന്നിടത്തേക്കു് പോകുന്നതാണ് ഏററം നന്നു്."

"അപ്പോൾ ഞങ്ങളുടെ കാര്യമോ? അച്ചനെപ്പോലെ നല്ല ഒരാളെ ഇനി ഞങ്ങൾക്കു കിട്ടുമെന്നു തോന്നുന്നില്ല."

"എല്ലാം നടത്തുന്നതു ദൈവം, ഞാൻ ഒരുപകരണം മാത്രമാണ്. ഒരു യോദ്ധാവിനെയല്ലാതെ അയാളുടെ തോക്കിനെ നാം പ്രശംസിക്കാറുണ്ടോ? അതിനാൽ നല്ല ദൈവത്തിനു നിങ്ങൾ സ്തോത്രം ചെയ്യുക."

ആലോചനായോഗം, സ്കൂളിലെ പ്രധാനാദ്ധ്യാപകന്റെ അദ്ധ്യക്ഷതയിൽ. അദ്ദേഹം പറഞ്ഞു: "മാന്യരേ, നാം ഇവിടെ കൂടിയിരിക്കുന്നതു് നമ്മുടെ ബ. വികാരിയച്ചനു് സമുചിതമായ വിധത്തിൽ ഒരു യാത്രയയപ്പു നൽകേണ്ടതിനെക്കുറിച്ച് ആലോചിക്കുവാനാണല്ലോ. അടുത്ത ശനിയാഴ്ചയായിരിക്കും അദ്ദേഹം പോകുന്നതു്. അതിനാൽ അടുത്ത വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് ഒരു പൊതുയോഗം നടത്തണം. അതിൽവെച്ചു ഒരു മംഗളപത്രം വായിച്ചു സമർപ്പിക്കണം. പിന്നെയെന്തെല്ലാമാണു വേണ്ടതെന്നു നിങ്ങൾതന്നെ പറയുക." അദ്ധ്യക്ഷൻ ഇതുകഴിഞ്ഞപ്പോൾ കറിയാച്ചേട്ടൻ എഴുന്നേററു. രണ്ടുമൂന്നു ചുമച്ചിട്ടു തുടങ്ങി: "എന്റെ അഭിപ്രായം തുറന്നു പറഞ്ഞേക്കാം. രൂപാ എന്തു ചെലവായാലും വേണ്ടില്ല. ഇത്ര കേമമായ ഒരു യാത്രയയപ്പ് അടുത്ത ഇടവകകളിൽപ്പോലുമുണ്ടാകരുതു്. അതുകൊണ്ടു പൊതുയോഗം കഴിഞ്ഞ് ഗാർഡൻപാർട്ടി വേണം. അദ്ദേഹത്തെ അനുഗമിക്കാൻ കുറഞ്ഞപക്ഷം 15 കാറെങ്കിലും വേണം."—"ഭേഷ്, ഭേഷ്!" എല്ലാവരും സമ്മതിച്ചു.

"ആകട്ടെ,എല്ലാത്തിനുംകൂടി തുക എന്താകും?" അദ്ധ്യക്ഷൻ ചോദിച്ചു. വക്കിക്കുഞ്ഞു ഒരഭിപ്രായം പറയുവാൻ വിങ്ങി ഇരിക്കയായിരുന്നു. "തുക എന്തായാലും വേണ്ടില്ല. ഒരു ഗാർലണ്ടും, ഒരു ജ്ഞാനപൂക്കെട്ടും, ഒരു ഗ്രൂപ്പ്ഫോട്ടോയുംകൂടി വേണം." എല്ലാവരും ഐകകണ്ഠ്യേന പിന്താങ്ങി. എല്ലാംകൂടി 500 രൂപായുടെ ഒരു ബഡ്ജററ്. പണം പിരിക്കുവാൻ ഒരു കമ്മിററിയും ജന്മമെടുത്തു.

"നിങ്ങളുടെ പേർക്കു് 5 രൂപയാണ് വച്ചിരിക്കുന്നതു്. വേഗം തന്നേക്ക്." ഒരു പാവപ്പെട്ട കുടിലിൽ കയറി കമ്മിററി പ്രസിഡന്റു് ആവശ്യപ്പെട്ടു. പട്ടിണികിടക്കുന്ന ഒരു വിധവയും നാലു മക്കളുമേയുള്ളു അവിടെ. അന്നച്ചേട്ടത്തി പറഞ്ഞു: "എന്റെ കുഞ്ഞേ, ഞാനും പിള്ളേരും പട്ടിണിയാ. അതുകൊണ്ടൊരു നിർവ്വാഹോമില്ല. ഒരു രൂപാ വേണമെങ്കിൽ നെല്ലുകുത്തി ഒണ്ടാക്കിത്തരാം."

"അതു സാദ്ധ്യമല്ല. അങ്ങനെ ഓരോരുത്തരും പറഞ്ഞുതുടങ്ങിയാൽ പൊതുകാര്യങ്ങൾ എങ്ങനെ നടക്കും?"

"അതിനൊള്ളോരു തരികേലേ? വക്കിക്കുഞ്ഞും മററും ഞങ്ങടെ പേർക്കുകൂടെ കൊടുത്തേരു്."

"അതും ഇതും പറയാനില്ല നേരം. തരുന്നോ, ഞങ്ങൾ ഈ ഏത്തക്കുല ചെത്തിച്ചുകൊണ്ടു പോകണമോ?"

"എന്റെ കൈയിൽ കാക്കാശു കെടപ്പില്ല." ആ നാലു കുഞ്ഞുങ്ങളുടെ കരച്ചിലിനിടയിൽ അവർ വാഴക്കുലയും കൊണ്ടു കടന്നു.

തിങ്കളാഴ്ച പത്തുമണി. കമ്മിററിപ്രസിഡണ്ടു് വികാരിയച്ചന്റെ വസതിയിൽചെന്നു, യാത്രയയപ്പിന്റെ കാര്യങ്ങളെപ്പററി പറയുവാൻ. പക്ഷേ അദ്ദേഹം അവിടെങ്ങുമില്ല. കപ്യാരോടു ചോദിച്ചു. അപ്പോൾ അയാൾ പറയുകയാണ്: "അച്ചൻ വെളുപ്പിനേ കുർബ്ബാന ചൊല്ലീട്ടു പൊയ്ക്കളഞ്ഞു."

"അയ്യോ! ആരെല്ലാമുണ്ടായിരുന്നു കൂടെ പോകാൻ?"

"വെളുപ്പിനേ ഒരു ലോറിയും കാറും വന്നു. ലോറിയേൽ സാമാനം കയററി. കാറേൽ അദ്ദേഹവും അദ്ദേഹത്തിന്റെ വീട്ടിൽനിന്നും വന്നിരുന്ന രണ്ടുപേരും കയറി."

"അതൊരു ചതിവായിപ്പോയല്ലോ?"

"ചതിവാണെന്നോ? അടുത്തശനിയാഴ്ചക്കകം പോകുമെന്നല്ലേ പള്ളിയിൽ പറഞ്ഞതു്? അതുപോലെ അദ്ദേഹം ചെയ്തു."

——

## വിനോദവീഥി



"എന്തുചെയ്യാനാ മറിയക്കുട്ടീ! തുണിക്കു് ഇരട്ടിവിലയായപ്പോൾ തയ്യൽക്കൂലി മൂന്നിരട്ടിയായിരിക്കുന്നു."

* * *

"എനിക്കു കുറച്ചുനാളായി നല്ല ഓർമ്മയില്ല. അതുകൊണ്ടു് ഞാൻ ഡോക്ടറെ ഒന്നു കാണാൻ പോയി."

"എന്നിട്ടു ഡോക്ടർ എന്തു പറഞ്ഞു?"

"ഡോക്ടർ സുഖപ്പെടുത്താമെന്നു പറഞ്ഞു. പക്ഷെ ചാർജ്ജെല്ലാം മുൻകൂർ വാങ്ങിച്ചു."

* * *

"നിങ്ങളുടെ വീട്ടു് വില്ക്കണമെന്നു പറഞ്ഞിട്ടു് അതു വിററില്ലേ?"

"വിററില്ല. അതിനു കാരണമുണ്ടായി. വീടിന്റെകാര്യം ഞങ്ങളുടെ ഏജൻറു് പത്രത്തിൽ പരസ്യം ചെയ്തിരുന്നതു വായിച്ചപ്പോൾ അത്തരമൊരു വീടാണു ഞങ്ങൾക്കു ആവശ്യമെന്നു ബോദ്ധ്യമായി."

* * *

അദ്ധ്യാപകൻ ക്ലാസ്സിൽവച്ചു പഠിപ്പിച്ചു. "മൈ ഹെഡ് = എന്റെ തല." ജോണി വീട്ടിൽചെന്നപ്പോൾ ആ പാഠം ആവർത്തിച്ചതിങ്ങനെയാണ്: "മൈ ഹെഡ് = സാറിന്റെ തല." അതുകേട്ടു് അവന്റെ പിതാവു്, "എന്റെ തല" എന്നു തിരുത്തിക്കൊടുത്തു. പിറേറദിവസം സ്കൂളിൽപ്പോകുംവഴി, "മൈഹെഡ് = അപ്പന്റെ തല" എന്നാണു് ജോണി ഉരുവിട്ടതു്. അവന്റെ കൂട്ടുകാരൻ ജോസിൽനിന്നു ജോണിക്കു് ഒരു താക്കീതു കിട്ടി, "എന്റെ തല" എന്നു പറയണമെന്നു്. സ്കൂളിൽ ചെന്നപ്പോൾ "മൈ ഹെഡ്" എന്ന പ്രയോഗത്തിന്റെ അർത്ഥം അദ്ധ്യാപകൻ ചോദിച്ചപ്പോൾ ജോണി മറുപടി പറഞ്ഞതിങ്ങനെയാണ്: "സ്കൂളിൽവച്ചു സാറിന്റെ തല, വീട്ടിൽവച്ചു് അപ്പന്റെ തല, വഴിക്കുവച്ചു് ജോസിന്റെ തല."

## സംഭവ കഥകൾ

### കുടുംബപാരമ്പര്യം

ആംഗ്ലിക്കൻ വൈദികരുടെ ഒരു യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചിരുന്ന ഒരാംഗ്ലിക്കൻ മെത്രാൻ ലൂർദ്ദിലെ ദർശനത്തിനെതിരായി പ്രസംഗിക്കുകയായിരുന്നു. "ഞാൻ അമലോത്ഭവം ആകുന്നു" എന്നു പ. മറിയം പറകയില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. അപ്പോൾ വൈദികരിൽ ഒരാൾ എഴുന്നേററുനിന്നു ഇപ്രകാരം യുക്തിപൂർവ്വം അഭിപ്രായപ്പെട്ടു: "തിരുമേനി, അതു് അവരുടെ കുടുംബപാരമ്പര്യമാണു്. ആ സ്ത്രീരത്നത്തിന്റെ മകൻ പറഞ്ഞതു്, ഞാൻ പുനരുത്ഥാനവും ജീവനുമാകുന്നു എന്നല്ലേ?"

### സ്വപുത്രൻ വധിക്കപ്പെട്ടപ്പോൾ ഇരുന്നിടത്തുതന്നെ

നീഗ്രോക്കാരുടെ ഇടയിൽ വേലചെയ്തിരുന്ന റവ. മിൽട്ടൺ ഗ്രാമിസൺ എന്ന പ്രോട്ടസ്റ്റൻറു് പാതിരി രേഖപ്പെടുത്തിയിരിക്കുന്ന ഒരു സംഭവമാണു താഴെ ചേർക്കുന്നതു്. അദ്ദേഹത്തിന്റെ ഇടവകയിൽപ്പെട്ട ഒരാളുടെ കുട്ടി കാറുകയറി മരിക്കുന്നതിനിടവന്നു. തന്നിമിത്തം നിരാശാഭരിതനും വ്യസനാക്രാന്തനുമായി ഭവിച്ച അയാൾ പുരോഹിതന്റെ പക്കൽ ഓടിവന്നു കോപത്തോടെ പറഞ്ഞു: "നിങ്ങളും നിങ്ങളുടെ ദൈവവും! അദ്ദേഹം കാരുണ്യവാനും നീതിമാനും ആണെങ്കിൽ, ഒരു കുട്ടി ഇപ്രകാരം മരിക്കുന്നതിനു് അനുവദിക്കാൻ അദ്ദേഹത്തിനു് എങ്ങനെ സാധിക്കും? എന്റെ മകൻ അപകടത്തിൽപ്പെട്ടു മരിച്ചപ്പോൾ അദ്ദേഹം എവിടെയായിരുന്നു?"

"ദൈവത്തിന്റെ സ്വന്തംപുത്രൻ വധിക്കപ്പെട്ടപ്പോൾ അങ്ങിന്നു എവിടെയായിരുന്നുവോ അവിടെത്തന്നെ." പുരോഹിതൻ ശാന്തസ്വരത്തിൽ മറുപടി പറഞ്ഞു.

### ജപമാല

മിസിസ് കെന്നെത്തുവിൽകോക്സ് സ്വമാനസാന്തരചരിത്രം വിവരിക്കുന്നതിങ്ങനെയാണു്: "എന്റെ പിതാവിന്റെ രോഗം അപ്രതീക്ഷിതവും രൂക്ഷതരവുമായിരുന്നു. ഓപ്പറേഷൻമുറിയിലേക്കു അവരദ്ദേഹത്തെ കൊണ്ടുപോയ പ്രഭാതം ഏററം ഭയാനകമായി ഇപ്പോഴുമെന്റെ സ്മൃതിപഥത്തിൽ പ്രത്യക്ഷപ്പെടുന്നു. "എന്റെ ദൈവമേ, എന്റെ പിതാവു് മരിക്കാൻ ഇടവരുത്തല്ലേ" എന്നു പ്രാർത്ഥിക്കുകമാത്രമേ എനിക്കപ്പോൾ കരണീയമായിരുന്നുള്ളു. എന്നിട്ടും ഞാൻ ആശ്വാസം പ്രാപിച്ചില്ല.

"അപ്പന്റെ അപകടനില മാറിയശേഷം അപ്പനെ കൂടെക്കൂടെ സന്ദർശിക്കുന്നതിനു് എനിക്കു സ്വാതന്ത്ര്യമുണ്ടായിരുന്നു. ഒരവസരത്തിൽ, ശസ്ത്രക്രിയക്കു വിധേയനായിരുന്ന സ്വഭർത്താവിന്റെ പക്കൽ കാവൽ നിന്നിരുന്ന ഒരു സ്ത്രീ എന്റെ ശ്രദ്ധയ്ക്കു വിഷയമായി. അയാൾ സുഖം പ്രാപിക്കുമെന്നു ആർക്കും പ്രതീക്ഷയില്ലായിരുന്നു. അതു അവൾക്കു എത്ര വേദനാജനകമായിരുന്നെന്നു മനസ്സിലാക്കാൻ എനിക്കു സാധിച്ചു. യഥാർത്ഥത്തിൽ അവളുടെ സ്ഥിതി എന്റേതിനെ അപേക്ഷിച്ചു് കഷ്ടാൽകഷ്ടതരമായിരുന്നു.

"പക്ഷെ എനിക്കു ആശ്ചര്യകരമായി തോന്നിയതു്, കരയുന്നതിനുപകരം ജപമാലയും കരങ്ങളിൽ വഹിച്ചുകൊണ്ടു് അവളങ്ങനെ അവിടെ ഇരുന്നിരുന്നുവെന്നതാണു്. ആ സ്ത്രീയുടെ മുഖത്തു കളിയാടിയിരുന്ന പ്രശാന്തത ഒരിക്കലും ഞാൻ മറക്കുകയില്ല. അവൾ പരിപൂർണ്ണമായും സ്വയം ദൈവഹിതത്തിനു കയ്യാളിച്ചിരിക്കുകയാണെന്നു വിദിതമായിരുന്നു. ചിലപ്പോഴെല്ലാം അവൾ സ്വകുടുംബാംഗങ്ങളോടു് എന്തെങ്കിലും ചോദ്യങ്ങൾ ചോദിക്കുമായിരുന്നു. ആ സമയങ്ങളിൽ അവളുടെ ദൃഷ്ടികൾ അവളുടെ ഹൃദയത്തിൽ തിങ്ങിവിങ്ങുന്ന കദനഭാരത്തെ പ്രതിഫലിപ്പിക്കുമായിരുന്നു. എന്നാൽ അനന്തരമവൾ പ്രാർത്ഥനയിൽ ലയിക്കുമ്പോൾ അവളുടെ മുഖം വീണ്ടും പ്രശാന്തമായി ഭവിക്കുമായിരുന്നു.

"ഇപ്രകാരം അവളെ സൂക്ഷിച്ചുവീക്ഷിച്ചതിന്റെ ഫലമായി അവളുടെ മതം ഏതെന്നു അറിവാനുള്ള ശക്തിമത്തായ ആഗ്രഹം എന്നിലുണ്ടായി. അവളെപ്പോലെ ധീരതയോടും പ്രത്യാശയോടുംകൂടി ദുഃഖദുരിതങ്ങളെ നേരിടുവാൻ പഠിക്കണമെന്നും ഞാൻ നിശ്ചയിച്ചു. ജപമാല അവൾക്കു ഇത്രമാത്രം ആശ്വാസപ്രദായകമായിരുന്നെങ്കിൽ എനിക്കുമതു അങ്ങനെതന്നെയായിരിക്കുമെന്ന അനുമാനത്തിലെത്തുന്നതിനു് എനിക്കു പ്രയാസമുണ്ടായില്ല. ഇതിന്റെയെല്ലാം പരിണതഫലമോ? ഞാനും എന്റെ കുടുംബാംഗങ്ങളും കത്തോലിക്കരായി ഭവിച്ചുവെന്നതുതന്നെ."

---

## ചോദ്യോത്തരപംക്തി

ചോ: വി. പത്രോസിന്റെ റോമാപ്രവേശനം സംബന്ധിച്ചു യാക്കോബായഗ്രന്ഥങ്ങളിലുള്ള രേഖകൾ ഏവയെല്ലാം?

ഉ: 1) വി. പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ ദിവസത്തേക്കുള്ള പ്രഭാതപ്രാർത്ഥനയിൽ "ശിമയുൻ ഹൗസായോദൊ" ആദിയായ ഗീതത്തിൽ ഇപ്രകാരമാണു് കാണുന്നതു്: "വിച്ചുകാരനായ ശിമയോനെ മിശിഹാ വിശി. മീനിനുപകരം മനുഷ്യരെ ജീവങ്കലേക്കു വിശിയെടുപ്പാനായിട്ടുതന്നെ. അദ്ദേഹം തന്റെ വല റോമായിൽ വിരിച്ചു. അതിന്റെ ക്രൗര്യത്തെ നീക്കി അതിന്റെ സിംഹത്വത്തെ കുഞ്ഞാടുപോലെയാക്കി അതിനെ തിരുസഭയിൽ പ്രവേശിപ്പിച്ചു." (പെങ്കീസാ പ്രഭാത പ്രാർത്ഥന, വലിയ സുറിയാനിക്രമം. പുറം 224).

2) സുറിയാനി കർബ്ബാനക്രമത്തിൽ "കദ്ദേൻ നഫ്ക് ശ്ലീഹെ" എന്നാരംഭിക്കുന്ന ഒരു ഗീതത്തിന്റെ പരിഭാഷ താഴെ ചേർക്കുന്നു:— "ശ്ലീഹന്മാർ സുവിശേഷം പ്രസംഗിക്കുവാൻ പുറപ്പെട്ടപ്പോൾ ചിട്ടിയിട്ടു. അതിൻപ്രകാരം നാലുഭാഗത്തേക്കും പുറപ്പെട്ടു. ശിമയോൻ റോമായിലെത്തി. തോമാശ്ലീഹാ ഇൻഡ്യയിലും, തിരഞ്ഞെടുക്കപ്പെട്ടവനായ യോഹന്നാൻ എഫേസൂസിലും... ... ... ... ...എത്തി. അവരുടെ പ്രാർത്ഥന ഞങ്ങൾക്കു കോട്ടയും അഭയസ്ഥാനവും ആയിരിക്കട്ടെ." (വലിയ സുറിയാനിക്രമം, പുറം 242).

3) പെങ്കീസാ നമസ്കാരക്രമത്തിലുള്ള പെന്തിക്കോസ്തു തിരുനാളിലെ രാത്രി 2-ാം കൗമായിലെ ഒരുഭാഗം "ശിമയോൻ റോമിലേക്കു് അയക്കപ്പെട്ടു. യോഹന്നാൻ എഫേസൂസിലേക്കും, തോമ്മാ ഇൻഡ്യയിലേക്കും... ..."

4) ശൂനോയോ തിരുനാളിന്റെ പെങ്കീസാ നമസ്കാരക്രമം രാത്രി പ്രാർത്ഥനയിൽ "വിശുദ്ധ മാതാവിന്റെ സംസ്കാരത്തിനായി വി. പത്രോസു് റോമായിൽനിന്നും തോമ്മാ ഇൻഡ്യയിൽനിന്നും... ......വന്നെത്തി" എന്നു കാണുന്നു.

5) മാതാവിന്റെ സംസ്കാരസമയത്തു് ശ്ലീഹന്മാർ പല ഭാഗങ്ങളിൽനിന്നും യറുശലേമിൽ വന്നതിനെപ്പററിയുള്ള ഒരു സുറിയാനിഗീതത്തിൽ വി. പത്രോസിനെക്കുറിച്ചു പറയുന്നു: "ശിമയോനേ! അവിടുന്നു റോമായിൽ നിന്നും യറുശലേമിൽ വന്നതു് എങ്ങനെയെന്നു് എന്നോടു പറയുക. ഏററം പരിപാകതയുള്ള കന്യാസ്ത്രീഅമ്മയുടെ സംസ്കാരത്തിനു വന്നുചേരുവാൻ അങ്ങേ ആരു ക്ഷണിച്ചു? അദ്ദേഹം ഉത്തരമായിട്ടു്, റൂഹാദക്കുദശാ എന്നെ ക്ഷണിക്കുകയും, "കണ്ടാലും! നിന്റെ അമ്മ അത്ഭുതകരമാംവണ്ണം സംസ്കരിക്കപ്പെടുന്നു"വെന്നു് എന്നോടു പറയുകയും ചെയ്തപ്പോൾ പറക്കുന്ന മിന്നൽ പോലെ ഞാൻ വായുവിൽക്കൂടി ഗദ്സെമൻവരെയും വന്നുവെന്നു് എന്നോടു പറഞ്ഞു." (സുറിയാനി കർബ്ബാനക്രമം, പുറം 101).

6) "പന്ത്രണ്ടു ശ്ലീഹന്മാർ" എന്ന യാക്കോബ്യരുടെ പുസ്തകത്തിൽ ഇപ്രകാരം കാണുന്നു: "വി. പത്രോസ് അന്ത്യോക്യായിൽചെന്നു് ഏഴു സംവത്സരം താമസിച്ചു സഭയെ ഭരിച്ചു. അവിടെ വിശുദ്ധ സിംഹാസനം ഉറപ്പിച്ചശേഷം എവുദ്യോസിനെ മേലദ്ധ്യക്ഷനായി നിയമിച്ചുകൊണ്ടു് താൻ റോമായിലേക്കു പോയി. രണ്ടാമത്തെ ലേഖനം റോമായിൽ വച്ചു തന്റെ മരണത്തിനു് അല്പം മുമ്പായി താൻ എഴുതി".

## 156 വിവാഹക്കേസ്

ഇക്കഴിഞ്ഞ വർഷത്തിൽ 156 വിവാഹക്കേസുകളാണു "റോമൻ റോട്ട" എന്ന വൈദികക്കോടതി സ്വീകരിച്ചതു്. അവയിൽ 100 വിവാഹങ്ങൾ സാധുവാണെന്നും 49 എണ്ണം അസാധുവാണെന്നും വിധിപ്രസ്താവിച്ചിരിക്കുന്നു. 7 എണ്ണത്തിന്റെ വിധി ഇതേവരെ പ്രസ്താവിച്ചിട്ടില്ല. 53 കേസുകളുടെ കോടതിച്ചെലവു വത്തിക്കാൻതന്നെയാണു വഹിച്ചതു്.

ചാൻസലരുടെ പുത്രൻ

## പുരോഹിതൻ

പശ്ചിമജർമ്മനിയിലെ ചാൻസലരായ ഡോക്ടർ കൊൻറാഡ് അഡനാവെറിന്റെ പുത്രൻ കൊളോഞ്ഞിലെ മെത്രാപ്പോലീത്തായായ കർദ്ദിനാൾ ഫ്റിംഗ്സിന്റെ കരങ്ങളിൽനിന്നും പുരോഹിതപട്ടം സ്വീകരിച്ചിരിക്കുന്നു. തദവസരത്തിൽ ഡോക്ടർ അഡനാവെറും സന്നിഹിതനായിരുന്നു. തദർത്ഥം അദ്ദേഹത്തിൻ ഒരുദിവസത്തെ കാബിനററ്യോഗം ഉപേക്ഷിക്കേണ്ടിവന്നു.

**കോമൺവെൽത്തു് ബാങ്ക് (ക്ലിപ്തം)**

H. O. കാഞ്ഞിരപ്പള്ളി

**ബ്രാഞ്ചുകൾ:—**

കാഞ്ഞിരപ്പള്ളി എരുമേലി
മുണ്ടക്കയം കോട്ടയം

**ഡയറക്ടറന്മാർ**

മെസ്സേഴ്സ്
കെ. വി. മാത്യു കൊല്ലംകുളം.
തൊമ്മൻ ജോസഫ് കുരുവിനാക്കുന്നേൽ.
കെ. വി. സഖറിയാ, പൊട്ടൻകുളം.
ഹാജി വി. എം. സെയ്തുമഹമ്മദുറാവുത്തർ.
കെ. എം. ഡോമിനിക്കു് ബി. എ. എൽ. ടി.
കെ. ജോസഫ് ഇട്ടിയവിര, പള്ളിവാതുക്കൽ.
കെ. ററി. ജോസഫ്, കല്ലറയ്ക്കൽ.
പി. എൻ. പരമേശ്വരൻ പിള്ള ബി. എ.
കെ. ഡോമിനിക്കു ജോസഫ് ബി. എ. ബി. എൽ. (സെക്രട്ടറി).

ഡിപ്പോസിററുകൾ സ്വീകരിക്കുകയും എല്ലാവിധ ബാങ്കു് പ്രവത്തനങ്ങളും സൗകര്യപ്രദമായവിധത്തിൽ നടത്തികൊടുക്കുകയും ചെയ്യുന്നു.

സെക്രട്ടറി
കെ. ഡോമിനിക്കു ജോസഫ്
ബി. എ. ബി. എൽ.

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

C. M. C.

---

## പുരാതന പ്രതിമ

പ. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിന്റെയും കിരീടധാരണത്തിന്റെയും ഒരു പുരാതനപ്രതിമ ഇംഗ്ലണ്ടിൽ മിസിസ് ബെറി എന്നൊരു വനിതയുടെ ഗൃഹത്തിൽ സൂക്ഷിച്ചിരുന്നതു കത്തോലിക്കരെ ഏല്പിച്ചിരിക്കുന്നു. അതു ലണ്ടനിൽ ക്രോംവെൽറോഡിൽ നവമായി ആരംഭിച്ചിരിക്കുന്ന "മോർ ഹൗസ്" എന്ന വിദ്യാർത്ഥിനിമന്ദിരത്തിൽ ഇക്കഴിഞ്ഞ നവംബർ 1-ാംനു- കാർഡിനൽ ഗ്രിഫിൻ തിരുമനസ്സുകൊണ്ടു പ്രതിഷ്ഠിക്കുകയുണ്ടായി. പ്രോട്ടസ്റ്റൻറു മതവിപ്ലവമാരംഭിക്കുന്നതിനുമുമ്പ്, 15-ാം നൂററാണ്ടിൽ, നിർമ്മിക്കപ്പെട്ടതാണു് ആ പ്രതിമ.

## "ക്രിസ്തു— ചരിത്രദൃഷ്ടിയിൽ"

(11-ാംപേജ് തുടർച്ച)

### അത്ഭുതങ്ങളും വിശ്വാസ്യങ്ങൾ

സുവിശേഷഗ്രന്ഥങ്ങൾ ക്രിസ്തുവിനെ ആദർശപുരുഷനായ മനുഷ്യനായി മാത്രമല്ല, അത്ഭുതപ്രവർത്തകനായ ദിവ്യനായും ചിത്രീകരിച്ചിട്ടുണ്ടു്. യുക്തിവാദികൾ (ലേഖകനുൾപ്പെടെ) പ്രസ്തുത ചരിത്രത്തിലെ ഈ രണ്ടു വിഭാഗങ്ങളും വേർതിരിച്ചുകൊണ്ടു് ആദ്യത്തേതിനെ യഥാർത്ഥ ചരിത്രമായി സ്വീകരിക്കുകയും, രണ്ടാമത്തേതിനെ ഭാവനാസൃഷ്ടമെന്നു പറഞ്ഞു പരിത്യജിക്കുകയും ചെയ്യുന്നു. ഇതിനവർക്കു സാധുവായ യാതൊരു ന്യായവുമില്ല. എന്തുകൊണ്ടെന്നാൽ ക്രിസ്തുവിനെ ആദർശപുരുഷനായി വിവരിക്കുന്ന സുവിശേഷഭാഗങ്ങൾ ഏതേതു സാക്ഷ്യങ്ങളാൽ യഥാർത്ഥചരിത്രമാണെന്നു തെളിയുന്നുണ്ടോ, അതേ സാക്ഷ്യങ്ങളാൽത്തന്നെ ക്രിസ്തുവിനെ അത്ഭുതപ്രവർത്തകനായി വിവരിക്കുന്ന ഭാഗങ്ങളും യഥാർത്ഥചരിത്രമാണെന്നു തെളിയുന്നു. സുവിശേഷങ്ങൾ എന്നുമുതൽ ലോകസമക്ഷം പ്രത്യക്ഷപ്പെട്ടുവോ, അന്നുമുതൽ ഈ രണ്ടു ഭാഗങ്ങളും അവയിൽ അടങ്ങിയിരുന്നതായി കാണാം. സുവിശേഷങ്ങളുടെ ഏത്രയും പ്രാചീനങ്ങളായ പകർപ്പുകളിലും, അവയിലെ വാക്യങ്ങളേയും വിവരണങ്ങളേയും ഉദ്ധരിച്ചിട്ടുള്ളതായി മുൻപറഞ്ഞ പുരാതനങ്ങളായ ഇതരഗ്രന്ഥങ്ങളിലും പ്രസ്തുത രണ്ടു ഭാഗങ്ങളും ഉൾപ്പെട്ടിരിക്കുന്നു. രണ്ടാമതായി, സുവിശേഷങ്ങളിൽ ഈ രണ്ടു ഭാഗങ്ങളും രണ്ടു വകുപ്പുകളായി വേറെ വേറെ തിരിഞ്ഞല്ല, അഭേദ്യമായ പരസ്പരബന്ധത്താൽ സംഘടിതമായും സമ്മിശ്രമായുമാണു് കിടക്കുന്നതു്. എന്നല്ല, ക്രിസ്തുവിന്റെ അത്ഭുതപ്രവൃത്തികളുടേയും അവയ്ക്കു കാരണമായ സംഭവങ്ങളുടേയും അവയിൽനിന്നുണ്ടായ ഫലങ്ങളുടേയും വിവരണമാണു് സുവിശേഷഗ്രന്ഥത്തിലെ ഗണ്യവും ശ്രദ്ധേയവുമായ ഭാഗം. ശിഷ്യന്മാരോടും ജനസാമാന്യത്തോടും അധികാരിവർഗ്ഗങ്ങളോടുമുള്ള പെരുമാററത്തിൽ ക്രിസ്തുവിനുണ്ടായ ജയാപജയങ്ങൾക്കു ഹേതുവായി വിവരിക്കപ്പെട്ടിരിക്കുന്നതും ആ വിധത്തെ അത്ഭുതപ്രവൃത്തികളാകുന്നു. ചുരുക്കിപ്പറഞ്ഞാൽ അത്ഭുതപ്രവൃത്തികൾ ക്രിസ്തുവിന്റെ ജീവിതത്തിൽ ആദ്യന്തം വ്യാപിച്ചിരിക്കുകയും, അതിലെ പ്രധാന സംഭവങ്ങളെ ആകമാനം സ്പർശിക്കുകയും രൂപവൽക്കരിക്കുകയും ചെയ്യുന്നതായിട്ടാണു് സുവിശേഷത്തിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നതു്. പാവുനൂലും ഊടനൂലും കൂട്ടിയിണക്കി നെയ്തിട്ടുള്ള മനോഹരമായ വസ്ത്രത്തിൽനിന്നു പാവുനൂലെല്ലാം പാടേ ഊരിക്കളഞ്ഞാൽ വസ്ത്രംതന്നെ ഇല്ലാതായി ഒരു കെട്ടു നൂലുമാത്രം ശേഷിക്കുന്നതുപോലെ, സുവിശേഷത്തിലെ അത്ഭുതപ്രതിപാദകങ്ങളായ ഭാഗങ്ങൾ മൊത്തത്തിൽ അവിശ്വസിച്ചു പരിത്യജിക്കുന്നപക്ഷം ക്രിസ്തുവിന്റെ ജീവിതകഥ അലങ്കോലപ്പെട്ടു തീരെ അർത്ഥശൂന്യവും അസംബന്ധവുമായി പരിണമിക്കും. ആകയാൽ ക്രിസ്തുവിനെ ആദർശപുരുഷനായ മനുഷ്യനായി വിവരിക്കുന്ന സുവിശേഷഭാഗങ്ങളെ ചരിത്രകഥനമായി സ്വീകരിക്കുന്നവർ ക്രിസ്തുവിനെ അത്ഭുതപ്രവർത്തകനായ ദിവ്യനായി പ്രകാശിപ്പിക്കുന്ന ഭാഗങ്ങളും ചരിത്രകഥനമായി സ്വീകരിക്കാതെ ഗത്യന്തരമില്ല. സുവിശേഷത്തെ സ്വീകരിക്കുന്നെങ്കിൽ മുഴുവനും സ്വീകരിക്കണം; പരിത്യജിക്കുന്നെങ്കിൽ മുഴുവനും പരിത്യജിക്കണം. ഒരു ഭാഗം സ്വീകരിക്കുകയും, അപരഭാഗം പരിത്യജിക്കുകയും ചെയ്യുന്നതിൽ യാതൊരു യുക്തിയുമില്ല.

ഏവംവിധങ്ങളായ ന്യായങ്ങളാലാണു് സുവിശേഷഗ്രന്ഥങ്ങളെ ചരിത്രഗ്രന്ഥങ്ങളായി യഥാർത്ഥ ക്രൈസ്തവലോകം സ്വീകരിച്ചുപോരുന്നതു്. ഈ ന്യായങ്ങൾ മലയാളരാജ്യലേഖകൻ ഖണ്ഡിക്കുവാൻ ശ്രമിക്കുന്നില്ലെന്നു മാത്രമല്ല, അവയെപ്പററി അദ്ദേഹം അജ്ഞനാണെന്നുള്ള ബോധം വായനക്കാരിൽ ഉളവാക്കുകയും ചെയ്യുന്നു. തന്മൂലം "ക്രിസ്തു—ചരിത്രദൃഷ്ടിയിൽ" എന്ന ശീർഷകം തന്നെ അദ്ദേഹത്തിന്റെ ലേഖനത്തിനു അല്പംപോലും യോജിച്ചിരിക്കുന്നില്ല.

വിമർശനവീഥി

# "ക്രിസ്തു—ചരിത്രദൃഷ്ടിയിൽ"

ഈ തലക്കെട്ടിൽ "സുകുമാർ അഴീക്കോട്" എന്നൊരു ലേഖകൻ "മലയാളരാജ്യം വിശേഷാൽപ്രതി"യിൽ ഒരു ലേഖനമെഴുതിയിരുന്നു. ഏകദേശം 100 വരികൾവീതമുള്ള 8 കോളം ദീർഘിച്ച ആ ലേഖനം മുഴുവൻ തപ്പിയിട്ട് ക്രിസ്തുവിനെ ചരിത്രദൃഷ്ടിയിൽക്കൂടി നോക്കുവാനുള്ള കാര്യമായ ശ്രമമൊന്നും അതിൽ ചെയ്തിട്ടുള്ളതായി ഞങ്ങൾക്കു കാണാൻ കഴിഞ്ഞില്ല. ക്രിസ്തുവിന്റെ ജീവിതം വിവരിക്കപ്പെട്ടിരിക്കുന്ന നാലു സുവിശേഷങ്ങളുടെ കർത്താക്കളേയും അവയുടെ രചനാകാലങ്ങളേയും അവയിലുണ്ടെന്നു പറയുന്ന ഒന്നുരണ്ടു പരസ്പരവൈരുദ്ധ്യങ്ങളേയും മാത്രമേ ലേഖനത്തിൽ ചരിത്രദൃഷ്ടിക്കു വിഷയമാക്കിയതായി കാണുന്നുള്ളു. ലേഖനത്തിലെ ബാക്കി ഭാഗങ്ങൾ മുഴുവനും ക്രിസ്തു മനുഷ്യൻമാത്രമാണെന്നും പ്രകൃതിനിയമങ്ങളെ അതിലംഘിക്കുന്ന അത്ഭുതങ്ങൾ അസംഭാവ്യങ്ങളാണെന്നുമുള്ള സങ്കല്പങ്ങളുടെ അടിസ്ഥാനത്തിൽ സുവിശേഷങ്ങളിലെ ഉള്ളടക്കത്തിനു ലേഖകൻ നൽകുന്ന വ്യാഖ്യാനങ്ങളാണ്. ഇവയെപ്പററിയെല്ലാം വഴിയേ പ്രതിപാദിച്ചുകൊള്ളാം. ക്രിസ്തുവിനെ, അവിടുന്നു സാക്ഷാൽ ദൈവാവതാരമാണെന്നു വിശ്വസിക്കുന്നവർ ചരിത്രദൃഷ്ടിയിലൂടെ കാണാൻ സ്വീകരിക്കുന്ന മാർഗ്ഗങ്ങളേവയാണെന്ന് ഈ ലേഖനത്തിൽ സംക്ഷിപ്തമായി ചൂണ്ടിക്കാണിക്കാം.

ഒരുഗ്രന്ഥം ചരിത്രദൃഷ്ടിയിൽ വിശ്വാസയോഗ്യമാണെന്ന്, അതിൽ വിവരിക്കപ്പെട്ടിരിക്കുന്ന സംഭവങ്ങൾ യഥാർത്ഥത്തിൽ നടന്നതാണെന്ന്, അറിയുന്നതിനു യുക്തി ആവശ്യപ്പെടുന്നതും പണ്ഡിതലോകം സ്വീകരിച്ചുവരുന്നതുമായ മാർഗ്ഗമേതാണ്? സംഭവങ്ങളെക്കുറിച്ചു നേരിട്ടറിവുള്ളവരാണ് ഗ്രന്ഥം രചിച്ചതെന്നും, അവരുടെ അറിവു വസ്തുസ്ഥിതിക്കനുയോജ്യമാണെന്നും, അറിഞ്ഞവയെ അവർ അതേവിധത്തിൽ ലേഖനംചെയ്തിട്ടുണ്ടെന്നും, ആ ലിഖിതങ്ങൾ സാരമായ യാതൊരു ഭേദഗതിയും കൂടാതെ നമുക്കു ലഭിച്ചിട്ടുണ്ടെന്നും തെളിയിക്കുന്ന ബാഹ്യമോ ആഭ്യന്തരമോ ആയ ലക്ഷ്യങ്ങളാണ് അതു്. പ്രാചീനകാലങ്ങളിൽ പ്രാബല്യത്തിലിരുന്ന സാമ്രാജ്യങ്ങളിലേയും അവയിലെല്ലാം നേതൃത്വം വഹിച്ചിരുന്ന മഹാന്മാരുടേയും ചരിത്രങ്ങളെ സംഗ്രഹിച്ചിരിക്കുന്ന പുരാതനഗ്രന്ഥങ്ങളെ ഈ ലക്ഷ്യങ്ങളെക്കൊണ്ടാണ് വിദ്വല്ലോകം വിശ്വാസ്യങ്ങളായി സ്വീകരിക്കുന്നതു്. ഈ തോതുവച്ചു പരിശോധിക്കുന്നപക്ഷം, സുവിശേഷഗ്രന്ഥങ്ങൾ സുസമ്മതി ലഭിച്ചിട്ടുള്ള പ്രാചീനങ്ങളായ മറേറതു ചരിത്രഗ്രന്ഥങ്ങളെക്കാളും പതിന്മടങ്ങു വിശ്വാസയോഗ്യങ്ങളാണെന്നു കാണാം. സുവിശേഷഗ്രന്ഥഗവേഷകന്മാരിൽ അഗ്രഗണ്യനും ബെർലിൻ സർവ്വകലാശാലയിലെ സുപ്രസിദ്ധപ്രഫസറുമായിരുന്ന അഡോൾഫ് ഹർണ്ണാക്കു് എന്ന മഹാപണ്ഡിതനായ സ്വതന്ത്രചിന്തകന്റെ പരിശോധനാഫലം ഈ വസ്തുതയ്ക്കു സാക്ഷ്യം വഹിക്കുന്നുണ്ടു്: "പുതിയ നിയമം ഉൾപ്പെടെയുള്ള പ്രാചീന ക്രിസ്തീയഗ്രന്ഥങ്ങൾ വഞ്ചനകളുടേയും വ്യാജനിർമ്മാണങ്ങളുടേയും ഒരു ശേഖരമാണെന്നു വിശ്വസിക്കാതെ ഗത്യന്തരമില്ലെന്നു ജനസാമാന്യം വിചാരിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. ആ കാലം കഴിഞ്ഞുപോയി...... (കത്തോലിക്ക)സഭയുടെ എത്രയും പ്രാചീനങ്ങളായ ഗ്രന്ഥങ്ങൾ, സാഹിത്യപരവും ചരിത്രപരവുമായി വീക്ഷിക്കപ്പെട്ടപ്പോൾ, പ്രധാനഭാഗങ്ങളിലും മിക്കവിവരണങ്ങളിലും യഥാർത്ഥവും വിശ്വാസയോഗ്യവുമായിരിക്കുന്നു."

### സുവിശേഷങ്ങളുടെ കർത്താക്കൾ ആര്?

ക്രിസ്ത്വബ്ദം 95 മുതൽ 200 വരെയുള്ള കൊല്ലങ്ങളിൽ രചിക്കപ്പെട്ടതെന്നും, പണ്ഡിതന്മാരും സത്യസന്ധന്മാരുമായ മഹാന്മാർ കർത്തൃത്വം വഹിക്കുന്നതെന്നും സുസമ്മതി ലഭിച്ചിട്ടുള്ള ഏതാനും ഗ്രന്ഥങ്ങൾ ആദ്യശതകങ്ങളിൽ കാട്ടാളജാതിക്കാർ നടത്തിയ ഗ്രന്ഥശാലാക്രമണങ്ങളെ അതിജീവിച്ച് ആധുനികരുടെ കൈവശം വന്നുചേർന്നിട്ടുണ്ടു്. റോമയിലെ ക്ലെമെൻറു്, അന്ത്യോക്യായിലെ ഇഗ്നേഷ്യസ്സു്, സ്മിർണായിലെ പൊലിക്കാർപ്പ്, ഈജിപ്തിലെ പപ്പിയാസ്സു്, റോമയിലെ ജസ്റ്റിൻ, ഗോളിലെ (ഫ്രാൻസിലെ) ഇരനേയസ്സു്, ആഫ്രിക്കായിലെ തെർത്തുല്യൻ, അലക്സാന്ത്രിയായിലെ ക്ലെമെൻറു്, സിറിയായിലെ ടാസ്യൻ എന്നിവരുടെ ചില കൃതികളും, "അപ്പസ്തോലന്മാരുടെ ഉപദേശം", "ബർണ്ണബാസിന്റെ ലേഖനം", "ഹെർമാസിന്റെ ഇടയൻ", "മുറത്തോറിയൻ കാനൻ" എന്നീ പേരുകളാൽ അറിയപ്പെടുന്ന മററു ചില കൃതികളുമാണു മേല്പറഞ്ഞവ. ഈ ഗ്രന്ഥങ്ങളിലെല്ലാം, 95-ൽ രചിക്കപ്പെട്ട ക്ലെമെൻറിന്റെ ലേഖനത്തിൽപ്പോലും, ഇന്നു നമുക്കു ലഭിച്ചിട്ടുള്ള സുവിശേഷങ്ങളിൽ കൊടുത്തിട്ടുള്ളപ്രകാരം ക്രിസ്തുവിന്റെ പല വാക്യങ്ങളും ഉദ്ധരിച്ചുകാണുന്നുണ്ടു്. പത്രോസ്ശ്ലീഹായുടെ സഹപ്രവർത്തകനും ശിഷ്യനുമായ മർക്കോസ്സ് ക്രിസ്തുവിന്റെ വാക്കുകളും പ്രവൃത്തികളും വിശ്വസ്തതാപൂർവ്വം രേഖപ്പെടുത്തിയിട്ടുണ്ടെന്നും, മത്തായി "ഹീബ്രു ഭാഷയിൽ" ക്രിസ്തുവിന്റെ വാക്കുകൾ ലേഖനം ചെയ്തിട്ടുണ്ടെന്നും അപ്പസ്തോലശിഷ്യരായ "പൂർവ്വികന്മാ"രിൽനിന്നു താൻ അറിഞ്ഞിട്ടുള്ളതായി 130-ൽ രചിക്കപ്പെട്ട തന്റെ ഗ്രന്ഥത്തിൽ പപ്പിയാസ് പറയുന്നു. "അപ്പസ്തോലന്മാരുടെ സ്മരണകൾ" എന്ന ഗ്രന്ഥത്തിൽനിന്നാണെന്നു പറഞ്ഞുകൊണ്ടു് ജസ്റ്റിൻ തന്റെ കൃതിയിൽ—150-നും 160-നും മദ്ധ്യേ എഴുതപ്പെട്ട കൃതിയിൽ—ചേർത്തിരിക്കുന്ന ദീർഘവും ധാരാളവുമായ ഉദ്ധരണികൾ ഇന്നത്തെ 4 സുവിശേഷങ്ങളിലെ വാക്യങ്ങൾ തന്നെയാണ്. 165-നും 170-നും മദ്ധ്യേ രചിക്കപ്പെട്ട ടാസ്യന്റെ "ദിയാത്തെസ്സരൻ" എന്ന കൃതി 4 സുവിശേഷങ്ങളും സംഭവക്രമമനുസരിച്ചു കൂട്ടിയിണക്കി ഒരു ഗ്രന്ഥമായി ചമച്ചിട്ടുള്ളതാണ്. സുവിശേഷങ്ങളുടെ സുറിയാനിതർജ്ജിമകളിൽവച്ച് അതിപ്രാചീനങ്ങളായ "പെഷീത്താ", "കുറെത്തോണിയൻ" എന്ന രണ്ടു ഗ്രന്ഥങ്ങളും ഏകദേശം അക്കാലത്തിൽതന്നെയാണ് പ്രസിദ്ധംചെയ്തിട്ടുള്ളതു്. 180-ാമാണ്ടിടയ്ക്കു രചിക്കപ്പെട്ട ഇരനേയസിന്റെ ഗ്രന്ഥത്തിൽ 4 സുവിശേഷങ്ങളിലേയും മിക്ക വാക്യങ്ങളും ഉദ്ധരിച്ചിട്ടുണ്ടു്. മാത്രമല്ല, പത്രോസ് പൗലോസ് ശ്ലീഹന്മാർ റോമയിൽ മതപ്രസംഗം ചെയ്തുകൊണ്ടിരുന്ന കാലത്താണ് മത്തായി യൂദയായിൽവച്ചു് സുവിശേഷം എഴുതിയതെന്നും പത്രോസ്ശ്ലീഹായുടെ മരണകാലത്തോടടുത്താണ് മർക്കോസ് തന്റെ സുവിശേഷം പ്രസിദ്ധപ്പെടുത്തിയതെന്നും, സുവിശേഷമെഴുതിയ ലൂക്കാ പൗലോസ്ശ്ലീഹായുടെ സഹപ്രവർത്തകനാണെന്നും, യോഹന്നാൻ എഫേസൂസിൽവച്ചാണ് സുവിശേഷം എഴുതിയതെന്നും പ്രസ്തുത ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. സുവിശേഷഗ്രന്ഥങ്ങളുടെ അപ്പസ്തോലികത്വത്തിനു് ഇങ്ങനെ പ്രത്യക്ഷമായും പരോക്ഷമായും സാക്ഷ്യംവഹിക്കുന്ന ഗ്രന്ഥകാരന്മാരിലധികവും അപ്പസ്തോലശിഷ്യന്മാരും അവരുടെ ശിഷ്യന്മാരുമാണെന്നും, അവരിൽ ചിലരുടെ ഗ്രന്ഥങ്ങൾ യോഹന്നാൻ അപ്പസ്തോലൻ ജീവിച്ചിരുന്നകാലത്തുതന്നെ രചിക്കപ്പെട്ടതാണെന്നുംകൂടി അനുസ്മരിക്കുമ്പോൾ, അവരുടെ സാക്ഷ്യം എത്രമേൽ വിശ്വാസയോഗ്യമാണെന്ന് വിശേഷാൽ പറയണമോ? പ്രാചീനഗ്രീസിലെ യുദ്ധചരിത്രമെഴുതിയ സിഡിഡസിന്റേയും, റോമാചരിത്രമെഴുതിയ ലിവിയുടേയും ഗ്രന്ഥങ്ങളെക്കുറിച്ചു നമുക്കു ലഭിച്ചിട്ടുള്ള ആദ്യത്തെ സാക്ഷ്യം അവർ മരിച്ചിട്ടു 300 കൊല്ലം കഴിഞ്ഞുള്ളതാണ്. എന്നിട്ടും അവരെ ആ ഗ്രന്ഥങ്ങളുടെ കർത്താക്കളായി ലോകം സ്വീകരിക്കുകതന്നെ ചെയ്യുന്നു. ആ സ്ഥിതിക്കു് അപ്പസ്തോലന്മാരുടെ സമകാലീനന്മാരും അവരുടെ ശിഷ്യന്മാരും നല്കുന്ന സാക്ഷ്യങ്ങളെ അടിസ്ഥാനപ്പെടുത്തി സുവിശേഷഗ്രന്ഥങ്ങളുടെ അപ്പസ്തോലികകർത്തൃത്വത്തെ സ്വീകരിക്കുവാൻ എത്രയധികം ന്യായമാണുള്ളതു്!

സ്വർണ്ണപ്പണയം
കുറഞ്ഞപലിശ. കൂടുതൽ നിരക്ക്
ബങ്ക് ഓഫ്
കൊച്ചിൻ ക്ലിപ്തം
എറണാകുളം
മട്ടാഞ്ചേരി, ചാലക്കുടി, തൃശ്ശൂർ,
വില്ലിങ്ങ്ടൺ ഐലൻഡ്

### അറിവു വസ്തുസ്ഥിതിക്കനുയോജ്യം

ക്രിസ്തുവിന്റെ വാക്കുകളേയും പ്രവൃത്തികളേയും നേരിട്ടറിവുള്ള അപ്പസ്തോലന്മാരും മററു ശിഷ്യന്മാരുമാണ് സുവിശേഷങ്ങൾ രചിച്ചതെന്നു സമ്മതിക്കുന്നപക്ഷം, അവരുടെ അറിവു വസ്തുസ്ഥിതിക്കനുയോജ്യമാണെന്നു സമ്മതിക്കാതെ ഗത്യന്തരമില്ല. മൂന്നുകൊല്ലക്കാലം ക്രിസ്തുവിനോടുകൂടി വസിക്കുകയും അവിടുത്തെ സകല നടപടികളിലും സംബന്ധിക്കുകയും ചെയ്തവർക്ക് അവിടുത്തെ ഉപദേശങ്ങളും പ്രവൃത്തികളും അറിയുന്നതിനെന്താണു വിഷമം? എല്ലാ ജനങ്ങളും കേൾക്കെ അവിടുന്നു പറഞ്ഞിട്ടുള്ള വാക്കുകൾ സ്വന്തം ചെവികൊണ്ടു കേൾക്കുകയും, എല്ലാ ജനങ്ങളും കാൺകെ അവിടുന്നനുഷ്ഠിച്ചിട്ടുള്ള പ്രവൃത്തികൾ സ്വന്തം കണ്ണുകൊണ്ടു കാണുകയും ചെയ്തിട്ടുള്ളവർക്ക് അവയെക്കുറിച്ചുള്ള അറിവ് എങ്ങനെ വസ്തുസ്ഥിതിക്കനുയോജ്യമല്ലാതിരിക്കും? ഇംഗ്ലീഷ് സാഹിത്യകാരനായ ഡോക്ടർ ജോൺസന്റെ സംഭാഷണങ്ങളും പ്രഭാഷണങ്ങളും മിസ്റ്റർ ബോസ്‌വെൽ രേഖപ്പെടുത്തിയിട്ടുള്ളതു ശരിയെന്നു പണ്ഡിതലോകം സമ്മതിച്ചു സ്വീകരിക്കുന്നെങ്കിൽ, ക്രിസ്തുവിന്റെ സംഭാഷണങ്ങളും പ്രഭാഷണങ്ങളും അവിടുത്തെ ശിഷ്യന്മാർ രേഖപ്പെടുത്തിയിട്ടുള്ളതു നമുക്കെന്തുകൊണ്ടു സ്വീകരിച്ചുകൂടാ? വാക്കുകൾ ശ്രവിക്കുകയും ഓർമ്മിക്കുകയും ചെയ്യുന്നതിനെക്കാൾ എത്രയധികം എളുപ്പമാണ് പ്രവൃത്തികൾ കാണുകയും ഓർമ്മയിൽ വയ്ക്കുകയും ചെയ്യുക. തന്നിമിത്തം ക്രിസ്തുവിന്റെ വാക്കുകളെക്കുറിച്ചു സുവിശേഷകർത്താക്കളുടെ അറിവു ശരിയെന്നു സമ്മതിക്കുന്ന ആരും—അവിശ്വാസികൾ അതു സമ്മതിക്കുന്നു—ക്രിസ്തുവിന്റെ പ്രവൃത്തികളെക്കുറിച്ചു ആ ഗ്രന്ഥകാരന്മാർക്കുള്ള അറിവു് ശരിയാണെന്നു കൂടുതൽ ന്യായത്താൽ സമ്മതിക്കേണ്ടയോ?

### അറിഞ്ഞവിധം രേഖപ്പെടുത്തി

ഇങ്ങനെ അറിഞ്ഞവയെ അതേവിധം രേഖപ്പെടുത്തുന്ന അതിസാധാരണമായ പ്രവൃത്തിക്കു സുവിശേഷകർത്താക്കൾക്കെന്താണ് അശക്യത? ഒരുപക്ഷെ അവർ വഞ്ചന പ്രയോഗിച്ചിട്ടുണ്ടായിരിക്കാമെന്നാണ് സംശയമെങ്കിൽ, അങ്ങനെ ചെയ്യുന്നതിനു് അവർക്കെന്തായിരിക്കാം പ്രേരണ? പലസ്തീനാരാജ്യത്തിന്റെ ഒരററംമുതൽ മറേറഅററംവരെയുള്ള ക്രിസ്തുവിന്റെ പരസ്യമായ സഞ്ചാരങ്ങൾക്കിടയിൽ നടന്നിട്ടുള്ളതും, കുടിൽതൊട്ടു കൊട്ടാരംവരെയുള്ള വിവിധവർഗ്ഗക്കാരും വിവിധമനസ്ഥിതിക്കാരുമായ ജനസഞ്ചയത്തിനു് അറിവുള്ളതുമായ സംഗതികളെ വ്യാജമായി രേഖപ്പെടുത്തുകയും, ആ രേഖകളെ അതേരാജ്യത്തു് അതേപുരുഷാന്തരത്തിന്റെ വായനയ്ക്കായി സമർപ്പിക്കുകയും ചെയ്യാൻ തക്ക മൗഢ്യമോ ബുദ്ധിഭ്രമമോ സുവിശേഷഗ്രന്ഥകാരന്മാർക്കുണ്ടായി എന്നു ചിന്തിക്കുകപോലും സാദ്ധ്യമല്ല. അവർ ആ സാഹസികകൃത്യം നിർവഹിച്ചാൽ അവരുടെ ഗ്രന്ഥങ്ങൾ ഭയങ്കരങ്ങളായ വ്യാജകൃതികളായി അന്നുള്ളവരാലും അനന്തരസന്താനങ്ങളാലും തിരസ്കരിക്കപ്പെടുമെന്നും, അവർ മഹാ വഞ്ചകന്മാരായി ഗണിക്കപ്പെട്ടു ലൗകികമായ സകല നാശവും ജീവഹാനിപോലും അനുഭവിക്കേണ്ടിവരുമെന്നും അവർക്കറിയാമായിരുന്നില്ലേ? അവിശ്വാസിയെങ്കിലും, ചിലപ്പോഴെല്ലാം സംഗതികളെ അവയുടെ യഥാർത്ഥരൂപത്തിൽ കാണാൻ കണ്ണുണ്ടായിരുന്ന റൂസ്സോയുടെ വാക്കുകൾ ഈ പ്രകൃതത്തിൽ സ്മരണീയമാണ്: "സുവിശേഷത്തിലെ ചരിത്രം വ്യാജനിർമ്മിതമാണെന്നു പറയുവാൻ ആർക്കു ധൈര്യമുണ്ടാകും? അല്ലയോ സ്നേഹിതാ, വ്യാജനിർമ്മിതിയുടെ സ്വഭാവം ഇതല്ല. സോക്രട്ടീസിന്റെ ജീവചരിത്രസംഭവങ്ങൾ യേശുക്രിസ്തുവിന്റേതിനോളം വിശ്വാസയോഗ്യമായി സാക്ഷീകരിക്കപ്പെട്ടിട്ടില്ല. വ്യാജനിർമ്മിതി എന്ന സങ്കല്പം, വൈഷമ്യത്തെ പരിഹരിക്കുന്നതിനുപകരം, വൈഷമ്യത്തിൽനിന്നൊഴിഞ്ഞുമാറുവാനേ യഥാർത്ഥത്തിൽ ഉപകരിക്കുന്നുള്ളു. 4 ആളുകൾ ഒന്നുചേർന്ന് ഈ ഗ്രന്ഥത്തെ വ്യാജമായി നിർമ്മിച്ചുവെന്നു സങ്കല്പിക്കുന്നതിനെക്കാൾ എളുപ്പം, അതിലെ ചരിത്രത്തിനു വിഷയമായി ഒററയാൾ ജീവിച്ചിരുന്നുവെന്നു വിശ്വസിക്കുന്നതാണ്. ഈ ഗ്രന്ഥത്തിലെ ചൈതന്യമാകട്ടെ, അതിൽ പ്രബോധനംചെയ്യുന്ന സന്മാർഗ്ഗികതയാകട്ടെ, യഹൂദനായ യാതൊരു ഗ്രന്ഥകാരനും സ്വയം നിർമ്മിക്കുവാൻ സാദ്ധ്യമല്ല. സുവിശേഷത്തിൽ പ്രത്യക്ഷമായിരിക്കുന്ന സത്യവത്വത്തിന്റെ ലക്ഷണങ്ങൾ അത്യന്തമഹനീയവും ഹൃദാകർഷകവും അനനുകരണീയവുമായിരിക്കകൊണ്ടു്, അതിന്റെ വ്യാജനിർമ്മാതാവ് അതിലെ ചരിത്രനായകനെക്കാളധികം വിസ്മയപാത്രമായിരിക്കും."

### രേഖപ്പെടുത്തിയവിധത്തിൽ നമുക്കു ലഭിച്ചു

പ്രസ്തുത ലിഖിതങ്ങൾ തൽകർത്താക്കളുടെ കരങ്ങളിൽനിന്നു പുറപ്പെട്ട രൂപത്തിൽ, സമകാലീനരായ ജനസഞ്ചയം സ്വീകരിച്ചിരുന്ന രൂപത്തിൽ, ആണോ നമുക്കിന്നു ലഭിച്ചിട്ടുള്ളതെന്ന സംഗതിയിലും സംശയത്തിനവകാശമില്ല. സുവിശേഷഗ്രന്ഥങ്ങളുടെ പ്രാചീനങ്ങളായ 500 ഓളം കൈയെഴുത്തുപ്രതികൾ ഇന്നു ലോകത്തിലെ പ്രധാന ഗ്രന്ഥശാലകളിൽ സൂക്ഷിക്കപ്പെടുന്നുണ്ടു്. ആദ്യശതകങ്ങളിലെ സഭാപിതാക്കന്മാരുടേയും മററു പണ്ഡിതന്മാരുടേയും അനേകം കൃതികൾ നമുക്കു ലഭിച്ചിട്ടുള്ളവയിൽനിന്നു സുവിശേഷങ്ങളിലെ ഉള്ളടക്കം മുഴുവൻ സമാഹരിക്കത്തക്കവണ്ണം അവയിലെ വാക്യങ്ങൾ ആ കൃതികളിൽ ദീർഘമായും ധാരാളമായും ഉദ്ധരിച്ചിട്ടുമുണ്ടു്. ഈ ഗ്രന്ഥങ്ങളും കൈയെഴുത്തുപ്രതികളും പരിശോധിച്ചാൽ കാണാം, സുവിശേഷങ്ങൾ 3-ാംനൂററാണ്ടിൽ ഏതുരൂപത്തിലിരുന്നോ അതേരൂപത്തിൽ ഇന്നും ഇരിക്കുന്നുണ്ടെന്നു്. ആദ്യകാലത്തോ അനന്തരകാലത്തോ സുവിശേഷങ്ങളിൽ സാരമായ യാതൊരു ഭേദഗതിയും വരുത്താൻ ആർക്കും സാധിക്കുമായിരുന്നില്ല. സുവിശേഷഗ്രന്ഥം പ്രചരിച്ചുതുടങ്ങിയ കാലത്തു് അപ്പസ്തോലന്മാരും അവരുടെ ശിഷ്യന്മാരും ജീവിച്ചിരിപ്പുണ്ടായിരുന്നതിനാലും, അനന്തരകാലത്തു് അതിന്റെ ധാരാളം പ്രതികൾ എല്ലാ സ്ഥലങ്ങളിലും കാണപ്പെട്ടിരുന്നതിനാലും സാരമായ വല്ല ഭേദഗതിയും അവയിൽ ആരെങ്കിലും വരുത്തിയാൽ സകലമാനപേരും—ക്രിസ്ത്യാനികളും ഇടത്തുട്ടുകാരും യഹൂദന്മാരും പുറജാതിക്കാരും—ഏകകണ്ഠമായി ആ വ്യാജകൃത്യത്തെ ചൂണ്ടിക്കാണിക്കുകയും പ്രതിഷേധിക്കുകയും ചെയ്യുമായിരുന്നു. ഈ പ്രശ്നത്തിൽ സമർത്ഥമായ ഗവേഷണം നടത്തിയ മഹാ പണ്ഡിതനായ വെസ്‌മന്റെ വാക്യങ്ങൾ ശ്രദ്ധേയങ്ങളാണ്: "(സുവിശേഷത്തിൽ) ഭേദഗതികൾ വന്നിട്ടുണ്ടെങ്കിൽ അതു കണ്ടുപിടിക്കാവുന്ന സകലമാർഗ്ഗങ്ങളും ഉപയോഗിച്ചു നോക്കിയിട്ടും, എല്ലാ ദശകളിലേയും സഭാപിതാക്കന്മാർ അവരുടെ കൃതികളിൽ ആദ്യന്തം ഉദ്ധരിച്ചിട്ടുള്ള വാക്യങ്ങളോടു തുലനംചെയ്തുനോക്കിയിട്ടും, അറബി, സുറിയാനി, കോപ്ടിക്, അർമേനിയൻ, എത്തിയോപ്യൻ മുതലായ ഭാഷകളിലെ പ്രാചീനതർജ്ജിമകളോടു താരതമ്യം ചെയ്തിട്ടും, 16-ാം നൂററാണ്ടുമുതൽ പുറകോട്ടു 3-ാം നൂററാണ്ടുവരെയുള്ള സകല ദേശങ്ങളിലെയും കൈയെഴുത്തുപ്രതികൾ വീണ്ടും വീണ്ടും പരിശോധിച്ചുനോക്കിയിട്ടും...... ഏതെങ്കിലും പ്രധാനപ്പെട്ട മതസിദ്ധാന്തത്തിനാധാരമായിരിക്കുകയും ശരിയായ രൂപം ഇന്നതാണെന്നു നിശ്ചയമുണ്ടായിരിക്കുകയും ചെയ്യുന്ന സുവിശേഷവാക്യങ്ങളുടെ കാര്യത്തിൽ ഒരൊററ പാഠഭേദമെങ്കിലും കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ല."

(ശേഷം 10-ാം പേജിൽ)

# Sathya Deepam

Vol. 24 | Ernakulam March 14, 1951 | No. 29

കുടുംബപംക്തി

## പിഞ്ചുകുഞ്ഞു്

(എൻ. എ. കെ.)

(II)

ശിശുവിന്റെ ഭക്ഷണം, ഉറക്കം ആദിയായ ദൈനംദിനപരിപാടികളിലുള്ള ക്രമീകരണത്തിന്റെ ആവശ്യത്തെപ്പററിയാണല്ലോ പ്രതിപാദിച്ചുകൊണ്ടിരുന്നതു്.

ഇവിടെ ഒരു കാര്യം വ്യക്തമാക്കേണ്ടതുണ്ടു്. ശിശുക്കൾ കരയാതിരിക്കുന്നതിനു് സ്തന്യപാനം ചെയ്യിക്കുന്നതിനു് പുറമെ ചിലഅവസരങ്ങളിൽ കുടിക്കുന്നതിനു് മുലക്കുപ്പിയുടെ നിപ്പിളിന്റെ മാതൃകയിലുള്ള ഒരു സാധനം കുട്ടികളുടെ വായിൽ കൊടുക്കാറുണ്ടല്ലോ. അതുകൊണ്ടു് ഉണ്ടാകാവുന്ന അപകടസാദ്ധ്യതകളെപ്പററി രണ്ടു വാക്കുകൂടി പറയുന്നതു് അസംഗതമല്ലെന്നു് വിചാരിക്കുന്നു. ശിശുക്കളുടെ വായും അധരവും വികൃതമായിത്തീരുന്നതിനും കണ്ഠരോഗങ്ങൾ ഉണ്ടാകുന്നതിനും ഈ ദുഷിച്ച പരിചയം പര്യാപ്തമായി തീരാവുന്നതാണു്. ഒരു ശിശു കരയുമ്പോഴൊക്കെ എന്തെങ്കിലും വായിൽ കൊടുക്കുന്നതായാൽ അതു് നീക്കുവാൻ പാടില്ലാത്ത ഒരു നിത്യശീലമായിത്തീരും. വായിൽ എന്തെങ്കിലും വേണമെന്നുള്ള ആഗ്രഹം ശിശുവിനു് ഉണ്ടാകുമ്പോഴൊക്കെയും അതു് നിവർത്തിച്ചു കിട്ടുന്നു. ഈ പരിചയം ആത്മനിയന്ത്രണമില്ലായ്മയ്ക്കു് വഴി തെളിക്കുന്നതാണു്.

ആത്മാഭിമാനം പുലർത്തുവാനും, കർത്തവ്യനിർവഹണത്തിനും വേണ്ടി ചിലപ്പോൾ "അതുവേണ്ടാ" എന്നു് തന്നോടുതന്നെ പറയുവാനും തന്റേടം ഉള്ളവരായി തങ്ങളുടെ ശിശുക്കൾ വളർന്നുവരണമെന്നു് ആഗ്രഹമുള്ള മാതാക്കൾ, ഒരിക്കലും ശിശുക്കൾ കരയുമ്പോഴൊക്കെ മുല കൊടുക്കുകയോ വല്ലതും വായിൽ വച്ചുകൊടുക്കുകയോ അരുതു്. ഈ കാരണംകൊണ്ടുതന്നെ ശിശുക്കൾ കൈ കടിക്കുന്ന ദുഷ്പരിചയവും ആപൽക്കരമാണെന്നു് മാതാക്കൾ ധരിക്കുകയും ശിശുക്കൾ ആ പരിചയത്തിനു് വശംവദരാകാതിരിക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണു്.

നിസ്സാരമെന്നു് തോന്നുന്ന ഈവക കാര്യങ്ങളിൽ ശ്രദ്ധിക്കാത്തവരുടെ ശിശുക്കൾക്കു എന്തു സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നു് സൂക്ഷ്മമായി പരിശോധിച്ചാൽ മേൽവിവരിച്ച വസ്തുതകളുടെ പ്രാധാന്യം തികച്ചും ബോധ്യമാകും. അനുകരിക്കത്തക്കതും ബുദ്ധിപൂർവ്വകവുമായ മാതൃസ്നേഹവും അനുകരിക്കത്തക്കതല്ലാത്തതും വിവേചനാരഹിതവുമായ മാതൃസ്നേഹവുമുണ്ടു്. ശിശുക്കളുടെ എല്ലാ ആഗ്രഹങ്ങളും എപ്പോഴും സാധിച്ചുകൊടുക്കുന്നതു് ബുദ്ധിപൂർവ്വകമായിരിക്കുകയില്ല. ഉദാഹരണമായി നിശ്ചിതസമയങ്ങളിലല്ലാതെ മററവസരങ്ങളിൽ ഭക്ഷണത്തിനു വേണ്ടിയോ താലോലിക്കുവാനോ ശിശുക്കൾ പ്രകടിപ്പിക്കാറുള്ള ആഗ്രഹങ്ങൾ സാധിച്ചുകൊടുക്കരുതു്. നേരെ മറിച്ചു് അത്തരം ആഗ്രഹങ്ങളെ ശിശുക്കളുടെ നന്മയെ കരുതി നാം നിരുത്സാഹപ്പെടുത്തുക തന്നെവേണം. മറെറാരു കാര്യം, ബന്ധുക്കളും മററു് സന്ദർശകരും ശിശുക്കളെ കൂടുതലായി താലോലിക്കുന്നതും കൈയിൽ എടുക്കുന്നതും നന്നല്ല. ശിശുക്കളുടെ നാഡീഞരമ്പുകൾ വളരെ മൃദുലവും വികാരങ്ങൾക്കും ഭാവപ്രകടനങ്ങൾക്കും വളരെ വേഗത്തിൽ വിധേയമാകാവുന്നതുമാണു്. മററുള്ളവരാൽ വളരെയധികം താലോലിക്കപ്പെടുന്ന ശിശുക്കൾ വളർന്നുവരുമ്പോൾ, തന്നിഷ്ടക്കാരും ദുശ്ശാഠ്യമുള്ളവരും ഏററവും സ്വാർത്ഥതല്പരരുമായി തീരാൻ ഇടയുണ്ടു്. മുതിർന്നവരിൽ പലരുടേയും സ്വാർത്ഥതയുടെ ആരംഭം ഇവിടെയാണു്.

"ദൈവവിശ്വാസത്തിലും ദൈവഭയത്തിലും" ശിശുക്കളെ ആദ്യത്തെ പന്ത്രണ്ടു മാസം വളർത്തേണ്ടതു് എങ്ങനെയെന്നതിനെപ്പററി മുകളിൽ വിവരിച്ചിടത്തോളം ഭാഗം സുഗ്രാഹ്യമായിരിക്കുമെന്നു് കരുതുന്നു. തന്റെ ശിശുവിനെ വളർത്തേണ്ടതു് എങ്ങനെ എന്നതിനെപ്പററി ലഭിക്കാവുന്നതിൽ ഏററം വിലയേറിയ ചില അറിവുകളാണു് ഇവയെല്ലാം. അവ പ്രായോഗികമാക്കേണ്ടവയുമാണു് എന്നു് ഇത്രയും വായിച്ച പല മാതാക്കൾ ചിന്തിക്കുന്നുണ്ടാവാം. അതേ; ഏററവും നല്ല ചില അറിവുകളാണു് ഇതൊക്കെ. അതോടൊപ്പം തന്റെ ശിശുവിനെ വളർത്തുന്ന കാര്യത്തിൽ മേലുദ്ധരിച്ച നിർദ്ദേശങ്ങളെല്ലാം ശ്രദ്ധാപൂർവ്വം പ്രായോഗികമാക്കിയാൽ അതു് ആ ശിശുവിന്റെ ഭാവിനന്മയ്ക്കും ശ്രേയസ്സിനും പ്രയോജകീഭവിക്കുന്നു എന്നറിവാൻ കഴിയുന്ന മാതാവിനു് അവളുടെ ജോലി ഒരു നവീനദർശനത്തോടുകൂടെ ചെയ്യുവാൻ സാധിക്കുന്നു. പക്ഷെ ഇതൊക്കെ അക്ഷരംപ്രതി പാലിക്കുക വളരെ പ്രയാസമേറിയ ഒരു കാര്യവുമാണു്. എന്നാൽ ആ പ്രയാസങ്ങൾക്കുള്ള പാരിതോഷികം ഉത്തമനും ആരോഗ്യവാനുമായ ഒരു മാതൃകാപുരുഷനെ സൃഷ്ടിക്കുന്ന മഹാകൃത്യത്തിൽ താൻ സഹകരിക്കുന്നു എന്ന കൃതാർത്ഥതയാണു്.

ഒരു ശിശുവിന്റെ ആത്മാവിനെ വളരെ വേഗം സ്പർശിക്കുന്നതും ഞാൻ ഇതുവരെ വിശദമാക്കാത്തതുമായ മററു പല കാര്യങ്ങളുമുണ്ടു്. ഒരു മാതാവിനല്ലാതെ മററാർക്കും അവയെ നിയന്ത്രിക്കുവാൻ സാദ്ധ്യവുമല്ല. ഒരു ചെറിയ ശിശുവിന്റെ ഹൃദയം വളരെ മൃദുലമാണു്. ഒരു കുളത്തിലുള്ള ശുദ്ധജലം പ്രശാന്തവും നിശ്ചലവുമായിരുന്നാൽ വിശാലമായ ആകാശവും, വിദൂരസ്ഥിതങ്ങളായ നക്ഷത്രങ്ങളും, ചുററുപാടുമുള്ള മനോഹരവസ്തുക്കളും അതിൽ പ്രതിഫലിച്ചുകാണാം. എന്നാൽ ഒരു ഇളംകാററിനും സൂക്ഷ്മതയില്ലാത്ത കൈക്കും ആ നിശ്ചലജലത്തെ ഇളക്കിമറിക്കുവാൻ കഴിയും. ലോലമായ ശിശുഹൃദയത്തിന്റെ സ്ഥിതിയും ഇതിൽനിന്നു് വ്യത്യസ്തമല്ല. ശിശുഹൃദയങ്ങൾ വളരെ എളുപ്പത്തിൽ കാര്യങ്ങൾ ഗ്രഹിക്കുന്നതുപോലെ തന്നെ വളരെവേഗത്തിൽ കലങ്ങി മറിയുകയും ചെയ്യും. വീട്ടിലെ ചുററുപാടുകൾക്കും വീട്ടിലുള്ള ആളുകൾക്കും ശിശുക്കളുടെമേൽ വലുതായ പ്രേരണകൾ ചെലുത്താൻ കഴിയും. നിസ്സാരമെന്നു് നാം കരുതുന്ന കാര്യങ്ങൾ പോലും ശിശുഹൃദയങ്ങളിൽ മായാത്ത ചില പോറലുകൾ പായിക്കും. ശിശുക്കളെ കുളിപ്പിക്കുന്ന അവസരങ്ങളിലും കട്ടിലിലോ മറേറാ ഉറക്കുവാൻ കിടത്തുമ്പോഴും ശ്രുതിമധുരമായ പാട്ടുകൾ പാടിയാൽ ആ ഗാനമാധുരി ഏതുവിധത്തിൽ ശിശുക്കളെ ആകർഷിക്കുന്നുവെന്നും എത്രമാത്രം ആനന്ദിപ്പിക്കുന്നുവെന്നും ചിന്തിച്ചുനോക്കണം. ഉല്ലാസപ്രദങ്ങളായ അത്തരം സന്ദർഭങ്ങളിൽ പ്രസന്നവും പ്രശാന്തസുന്ദരവുമായ സ്വഭാവവിശേഷങ്ങളുടെ നേരിയ കിരണങ്ങൾ ശിശുഹൃദയങ്ങളിൽ നിഴൽ വീശുകയും വളർന്നു വികസിക്കുകയും ചെയ്യുന്നുണ്ടു്.

കഴിവുള്ളിടത്തോളം ശിശുക്കളെ നിർഭയരായിത്തന്നെ വളർത്തുവാൻ ശ്രദ്ധിക്കേണ്ടതാണു്. ശിശുക്കളിൽ ഭീതി ഉളവാക്കുവാൻ ഇടയുള്ള ഒച്ചപ്പാടുകളിൽ നിന്നും സംഭവങ്ങളിൽനിന്നും അവരെ കാക്കേണ്ടതു് മാതാക്കളുടെ ചുമതലയാണു്. സ്വഭാവവൈശിഷ്ട്യത്തിന്റെ ആണിക്കല്ലായ ആത്മധൈര്യം ചെറുപ്പത്തിലെ ശിഥിലീകൃതമാകുവാൻ ഇടയാക്കരുതു്.

——

പത്തു റീത്തുകളിൽ

### കർബാന

ദനഹാതിരുനാൾ കഴിഞ്ഞുള്ള ദിവസങ്ങളിൽ റോമിൽ പതിവുപോലെ ഇക്കൊല്ലവും 10 റീത്തുകളിൽ ദിവ്യബലി അർപ്പിക്കപ്പെട്ടു. 1836-ൽ, വാഴ്ത്തപ്പെട്ട വിൻസെന്റു് പള്ളോത്തിയാണു ഈ പതിവേർപ്പെടുത്തിയതു്. ലത്തീൻ, അർമ്മീനിയൻ, എത്തിയോപ്പിയൻ, റുത്തേനിയൻ, സീറൊ-അന്ത്യോക്യൻ, റുമേനിയൻ, സീറൊ-മാറൊനൈററു്, അംബ്രോസിയൻ, സ്ലാവു്, ബിസന്റൈൻ-ഗ്രീക്കു് എന്നിവയാണു് ആ 10 റീത്തുകൾ. ഇംഗ്ലീഷു്, ഫ്റെഞ്ച്, ജർമ്മൻ, പോളിഷു്, ഐറിഷു്, ഡച്ചു്, സ്പാനിഷു്, ഇററാലിയൻ എന്നി ഭാഷകളിൽ പ്രസംഗങ്ങളും നടത്തിവരുന്നു. തിരുസ്സഭയുടെ സാർവ്വത്രികത പ്രദർശിപ്പിക്കുക എന്നതാണു് ഈ പ്രസ്ഥാനത്തിന്റെ ഉദ്ദേശ്യം.

SEASIA BANK LIMITED

H. O. ALLEPPEY

THE BANK ACCEPTS SHORT AND LONG TERM DEPOSITS AND MAKES ADVANCES AGAINST APPROVED SECURITIES ON FAVOURABLE TERMS.

GENERAL BANKING BUSINESS TRANSACTED.

O. Eapen Valakuzy,
(Managing Director)

A. C. Mathew, B. A., C. A. I. I. B.
(Secretary)

P. M. Eapen, Bsc, B. L.,
(Agent, Manimala Br.)

അനുമതി

### നിഷേധിക്കപ്പെട്ടു

ആസ്ട്രിയായിലെ പ്രസിഡന്റായിരുന്ന ഡോക്ടർ കാൾ റെന്നെറിനു് അന്ത്യകൂദാശകൾ നല്കുന്നതിനായി ചെന്ന ഫാദർ ഷ്നിററിനെ അകത്തു പ്രവേശിക്കാൻ പ്രസിഡന്റിന്റെ സില്ബന്ധികൾ അനുവദിച്ചില്ലത്രെ. ഒരു തനി സോഷ്യലിസ്റ്റായിരുന്ന പ്രസിഡന്റുമായി തലേദിവസം പ്രസ്തുത വൈദികൻ മതകാര്യങ്ങളെപ്പററി സംസാരിക്കയും തൽഫലമായി അദ്ദേഹം കൂദാശകൾ സ്വീകരിക്കുവാൻ സന്നദ്ധത പ്രകാശിപ്പിക്കയും ചെയ്തതാണു്. ഡോക്ടർ റെന്നറിന്റെ ശവസംസ്കാരവേളയിൽ മതകർമ്മങ്ങൾ നടത്തുന്നതിനും ആസ്ട്രിയൻ സോഷ്യലിസ്റ്റുപാർട്ടി എതിരായിരുന്നു.

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam



## സ്മാരകദേവാലയം

രണ്ടാം ലോകമഹായുദ്ധകാലത്തു, 1943-ൽ ഡോർചെസ്റ്റർ എന്ന കപ്പൽ നാശത്തിൽപെട്ടപ്പോൾ നാലു സൈനികപുരോഹിതന്മാർ മററുള്ളവർക്കു സ്വന്തം ലൈഫ്ബോയി വിട്ടുകൊടുത്തുകൊണ്ടു് ആത്മബലി സമർപ്പിക്കുകയുണ്ടായി. അവരിൽ ഒരാൾ ഒരു കത്തോലിക്കാ വൈദികനും 2 പേർ പ്രോട്ടസ്റ്റന്റു പാതിരിമാരും ഒരാൾ ഒരു യഹൂദറബ്ബിയുമായിരുന്നു. അവരുടെ സ്മരണയെ നിലനിർത്തുന്നതിനായി ഫിലാഡെൽഫിയായിൽ (പെനിസിൽവേനിയ) നിർമ്മിതമായിരിക്കുന്ന ദേവാലയം ഇക്കഴിഞ്ഞ ഫെബ്രുവരി 3 ാംനു പ്രസിഡന്റു് ട്രൂമൻ ഉദ്ഘാടനം ചെയ്തു. (സ. ദി. ല. 26 നോക്കുക). പ്രസ്തുത പുരോഹിതന്മാരുടെ ത്യാഗത്തെ പ്രതിബിംബിപ്പിക്കുന്ന ഒരു ചിത്രം സ്മാരകദേവാലയത്തിൽ ലേഖനം ചെയ്തിട്ടുണ്ടു്. അതിനെ പ്രസിഡന്റു് ട്രൂമൻ, ജനറൽ വില്യം ജെ. ഡൊനോവൻ, റവ. ഡോക്ടർ ഡാനിയൽ എ. പോളിംഗ് (സ്മര്യപുരുഷരിൽ ഒരാൾ ഇദ്ദേഹത്തിന്റെ പുത്രനായിരുന്നു), എന്നിവർ ആലോകനം ചെയ്യുന്നതിന്റെ ഫോട്ടോയാണു ഇടതുവശത്തു കൊടുത്തിരിക്കുന്നതു്.